Date of publication:
9 മാർച്ച് 2014/വോള്യം 7/ ലക്കം 3/ വില 15 ₹

# സംഘടിത

അന്വേഷി
പ്രസിദ്ധീകരണം



## തലകൾക്ക് ചേരാമെങ്കിൽ മുലകൾക്കും ചേരാം

എസ്.ശാരദക്കുട്ടി




കവർ ചിത്രം
സ്വിസ് ചിത്രകാരൻ ഫെലിക്സ് എദ്വാ വാലൊത്തോണിന്റെ
Lady and Her Maid (1896).
[Félix Vallotton. Lady and Her Maid/La Maîtresse et la Servante. 1896.]

എഡിറ്റർ
**സാറാജോസഫ്**

മാനേജിംഗ് എഡിറ്റർ
**കെ.അജിത**

എക്സി.എഡിറ്റർ
**രാജലക്ഷ്മി.കെ.എം.**

ഗസ്റ്റ് എഡിറ്റർ
**എസ്.ശാരദക്കുട്ടി**

പത്രാധിപ സമിതി
**ഡോ. ജാൻസി ജോസ്,**
**ദീദി,**
**സി.എസ്.മീനാക്ഷി,**
**ഗിരിജ.പി.പാതേക്കര,**
**ജ്യോതി നാരായണൻ,**
**ഡോ.കെ.എം.ഷീബ,**
**ഡോ.മിനി പ്രസാദ്,**
**ഡോ.പി. ഗീത,**
**ഡോ.ഖദീജ മുംതാസ്,**
**സുനീത. ടി.വി.,**
**കെ.കെ.സാവിത്രി,**
**കെ.കെ.പ്രീത**

ഉപദേശകസമിതി
**സുഗതകുമാരി,**
**പ്രൊഫ.എം. ലീലാവതി,**
**ഡോ.ശാരദാമണി,**
**ഡോ.മല്ലികാസാരാഭായ്**
**ഡോ. ബീനാപോൾf**

സർക്കുലേഷൻ മാനേജർ
**ചാരുലത എ.എസ്.**

ലേഔട്ട് & കവർ
**സുവിജ**

സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ്
സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ.,
കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org
www.sanghaditha.com

സംഘടിത
മാർച്ച് 2014 |വോള്യം 7|ലക്കം 3

# ഉള്ളടക്കം


നീലനീലമോ പ്രേമം
- വി.എം.ഗിരിജ
26





44
വഴുതുന്ന
ബഹുവചനങ്ങൾ
- ഡോ:ജി ഉഷാകുമാരി

ആനന്ദത്തിന്റെ വകഭേദങ്ങൾ
- ജിസ ജോസ്
51



ലെസ്ബോസിൽ നിന്നുള്ള ചോദ്യങ്ങൾ - ഉത്തരങ്ങൾ
9. **സി എസ് ചന്ദ്രിക**
13 **മിനി സുകുമാർ**
14 **ശോശ ജോസഫ്**
15. **വിധു വിൻസന്റ്**
17. **ശ്രീബാല കെ മേനോൻ**
18. **സംഗീത**
20. **ഗാർഗി**
21. **കുഞ്ഞില മാസ്സിലാ മണി ഹെന്റി**
22. ഉപ്പും മുളകും - **ഗീത**
23. ഉറങ്ങാത്ത രാവുകൾ -കഥ -**ചന്ദ്രമതി**
28. പോളിന്റെ പെണ്ണ് -കഥ-കബനി
41. മാറ്റം -കഥ- **കെ.ആർ ഇന്ദിര**
49. ഒന്നിച്ചുണരുന്നതെത്ര വിസ്മയം... - പരിഭാഷ : **ഡോണ മയൂര**
50. മൂന്നുകാലം, ഒരു കഥ -കവിത- **ആർ.ശ്രീലതാവർമ്മ**
ഈയാംപാറ്റകൾ -കവിത-**കല**
55. മൊണാർക്ക് ശലഭങ്ങൾ പറയുന്നത്... - **സീമ ശ്രീലയം**
57. അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടി ഒരുമിച്ച് ചേർന്ന്
പെൺകൂട്ടും സ്ത്രീപ്രവർത്തകരും - **അഡ്വ. ദിവ്യ ഡി.വി**
59. ദൃശ്യത്തിലെ സ്ത്രീവിരുദ്ധത - **സുലോചനറാംമോഹൻ**

## എഡിറ്റോറിയൽ



സാറാജോസഫ്

ഇന്ത്യയിൽ സ്ത്രീകളുടെ ജീവിതത്തിൽ ഗുണകരമായ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. അവരുടെ ദൃശ്യത വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ പേർ വിവിധ തൊഴിൽ രംഗങ്ങളിലേക്ക് കടന്നുവന്നിട്ടുണ്ട്. സാമ്പത്തികമായി കുറേയൊക്കെ സ്ത്രീകൾക്ക് സ്വയംപര്യാപ്തത കൈവരിക്കാനായിട്ടുണ്ട്. എങ്കിലും ഇതൊന്നും പൂർണ്ണമായ അർത്ഥത്തിൽ എല്ലാ തട്ടുകളിലേയും സ്ത്രീകൾക്ക് പ്രാപ്യമായിട്ടില്ല. ഇന്ത്യയിലെ വിദൂര കുഗ്രാമങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ജന്മി ഫ്യൂഡൽ വ്യവസ്ഥയും പുരുഷാധിപത്യത്തിൽ അധിഷ്ഠിതമായ മൂല്യബോധവും സ്ത്രീകളുടെ ജീവിതത്തെ എത്രയോ നൂറ്റാണ്ടുമുമ്പിലുള്ള അവസ്ഥയിൽ തന്നെ നിലനിർത്തിയിരിക്കുന്നു. അതിന്റെ ഉദാഹരണമാണ് അടുത്തകാലത്ത് പശ്ചിമബംഗാളിൽ നടന്നതു പോലുള്ള കൂട്ടബലാത്സംഗം ചെയ്യുക എന്ന ശിക്ഷ ഗ്രാമമുഖ്യന്മാർക്ക് വിധിക്കാൻ കഴിഞ്ഞുവെന്നത്. സ്ത്രീകളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ഗ്രാമീണ സ്ത്രീകളുടെ ജീവിതത്തിൽ അതു കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ലെന്ന് കാണാൻ കഴിയും. ആരോഗ്യമേഖലയിൽ സ്ത്രീകൾക്ക് ഒട്ടും സുരക്ഷിതമല്ലാത്ത പ്രയോഗങ്ങളാണ് ഇപ്പോഴും നിലനിൽക്കുന്നത്. വിദ്യാഭ്യാസമേഖലയിൽ ഗ്രാമങ്ങളിലെ അവസ്ഥ അത്ര ആശാവഹമല്ല. പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് പല കാരണങ്ങളാൽ തടയപ്പെടാനും കഴിയുന്നില്ല. പോഷകാഹാരക്കുറവ് മൂലം വിളർച്ച രോഗങ്ങൾ സാർവ്വത്രികമായി സ്ത്രീകളെ ബാധിച്ചിട്ടുണ്ട്. ഇതിനുപുറമെ സ്ത്രീസുരക്ഷ അപകടകരമാംവിധം തകരാറിലായിക്കഴിഞ്ഞ സാമൂഹികസാഹചര്യം നിലനിൽക്കുന്നു. മദ്യപാനവും ലഹരി ഉപയോഗവും സ്ത്രീകളുടെ സമാധാനജീവിതവും ആരോഗ്യവും സാമ്പത്തികസുരക്ഷിതത്വവും ഇല്ലാതാക്കുന്നുണ്ട്. ദരിദ്രവിദ്യാർത്ഥിനികൾക്ക് ഉന്നതവിദ്യാഭ്യാസം എന്നത് ഇപ്പോഴും കിട്ടാക്കനി തന്നെയാണ്. ബാങ്ക് ലോണുകൾ ഉണ്ടാക്കുന്ന കെടുതികൾ നിസ്സാരമായി കണ്ടുകൂടാ. നഴ്സിംഗ് മേഖലയിൽ ബാങ്ക് ലോണുകൾ തിരിച്ചടക്കാൻ പറ്റാത്തതിനാൽ ആത്മഹത്യാഭീഷണി നേരിടേണ്ടിവരുന്ന കുടുംബങ്ങളുടെ ദയനീയാവസ്ഥ പുറത്തുവന്നുകൊണ്ടിരിക്കുന്നു. സമൂഹത്തിൽ പൊതുവെ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ സ്ത്രീകളുടെ കാര്യത്തിൽ ഇരട്ടിയാവുന്നു. കോർപ്പറേറ്റുകളുടെ സാമ്പത്തികാധിനിവേശം സൃഷ്ടിച്ചിട്ടുള്ള സാംസ്കാരിക വ്യവസ്ഥ തികച്ചും സ്ത്രീവിരുദ്ധവും അപകടകരവും ആണ്. എങ്കിലും പ്രതിരോധിക്കാനുള്ള ശക്തിയും തിരിച്ചറിവും സ്ത്രീകൾക്കിടയിൽ വ്യാപകമാകുന്നുണ്ട് എന്നത് ആശ്വാസകരം തന്നെ. സംഘടിതയുടെ എല്ലാ ഈ വർഷത്തെ സഹോദരിമാർക്കും സ്ത്രീദിനാശംസകൾ!!!



ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

# തലകൾക്ക് ചേരാമെങ്കിൽ മുലകൾക്കും ചേരാം



എസ്.ശാരദക്കുട്ടി

മാനുഷികബന്ധങ്ങൾ ഒന്നുംതന്നെ നിയമങ്ങൾക്കോ നിർവ്വചനങ്ങൾക്കോ ഉള്ളിൽ ഒതുക്കാവുന്നത്ര ലളിതമല്ല. ലോകാരംഭം മുതൽ കണ്ടു വരുന്ന മനുഷ്യബന്ധങ്ങളിലെ വൈചിത്ര്യങ്ങൾ എന്നും എഴുത്തുകാരുടെയും ചിന്തകരുടെയും മനശാസ്ത്രജ്ഞന്മാരുടെയും ഇഷ്ടവിഷയവുമാണ്. സമൂഹം എന്നും ഇതിനു മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുമുണ്ട്. അയുക്തികമെന്നു ബാഹ്യലോകം വിധിക്കുന്നവയ്ക്കും ചില യുക്തികൾ ഉണ്ടെന്നിരിക്കെ നിയമപുസ്തകങ്ങൾക്കോ കോടതിക്കോ അത്തരം താത്പര്യങ്ങളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുക സാധ്യമായെന്നു വരില്ല.

പരസ്പരം ഇഷ്ടത്തിലായ രണ്ടുപേർ തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന ഏറ്റവും ആനന്ദദായകമായ സ്ഥിതിയാണ് ലൈംഗികസുഖം. അത് കേവലം ശരീരപ്രക്രിയ അല്ല. രണ്ടു വ്യക്തികൾക്ക് അവർ പരസ്പരം വേറെയല്ല എന്ന് തോന്നുന്ന അവസ്ഥയാണ്. വ്യക്തിക്ക് പൂർണ്ണമായും സ്വന്തം തീരുമാനവും സ്വഭാവവും അനുസരിച്ച് തങ്ങൾക്കു അടുപ്പമുള്ളവരെ ഇഷ്ടമുള്ള കാലത്തോളം സൂക്ഷിക്കാനുള്ള അധികാരമുണ്ട്. വയസ്സ്, വംശം, ലിംഗപദവി, മതം ഇതൊന്നും അതിനു തടസ്സമാകാൻ പാടില്ല. മറ്റുള്ളവരെ ബാധിക്കാത്തിടത്തോളം കാലം, ഇതിൽ ഏതെങ്കിലും തരം പീഡനമോ അടിച്ചമർത്തലോ ചൂഷണമോ നടക്കാത്തിടത്തോളം കാലം അവർക്കതിനുള്ള അധികാരമുണ്ട്.

എന്തിന് ഒരു ലെസ്ബിയൻപതിപ്പ് ? വ്യക്തിജീവിതത്തിൽ ഞാൻ ഒരു ലെസ്ബിയനല്ല. എങ്കിലും സ്വവർഗ്ഗരതിക്കെതിരെ വന്ന സുപ്രീം കോടതിയുടെ വിധിയെ അൽപ്പം അമ്പരപ്പോടെയാണ് മറ്റു പലരെയും പോലെ ഞാനും കേട്ടത്. സ്വവർഗ്ഗരതിയെയും ഒരു ലൈംഗിക ചായ്‌വ് അല്ലെങ്കിൽ ഒരു പ്രവണത ആയിട്ടല്ലേ കാണേണ്ടതുള്ളു? ജന്മനാ അങ്ങനെ ചിലർ ജനിച്ചുപോയെങ്കിൽ ഒരു രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിന് അതെങ്ങനെ കുറ്റമായി വിധിക്കാൻ കഴിയും? അവർ എങ്ങനെ കുറ്റവാളികളാകും? തീർച്ചയായും അത് ഒരു മനുഷ്യാവകാശലംഘനം തന്നെയാണ്. പ്രാചീന ഗ്രീക്ക്-റോമൻ ചരിത്രപുസ്തകങ്ങളിലും തത്വചിന്തയിലും കവിതകളിലും എല്ലാം ഈ വിഷയം എത്ര സമൃദ്ധമായും മനോഹരമായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു!! ഈ പശ്ചാത്തലത്തിലാണ് സംഘടിതയുടെ ഗസ്റ്റ് എഡിറ്ററായി എന്നെ ക്ഷണിച്ചപ്പോൾ ഒരു ഔട്ട് സൈഡർ എന്ന നിലയിൽ ഈ വിഷയത്തെ സൗന്ദര്യശാസ്ത്രപരമായി ഒന്ന് സമീപിച്ചാലോ എന്ന ചിന്ത ഉണ്ടാകുന്നത്.

“ഏറ്റവും മത്തുപിടിപ്പിക്കുന്ന വികാരം, ഒരു പെണ്ണിന് മറ്റൊരു പെണ്ണിനോട് തോന്നുന്നതാണ്” എന്ന് ബൽസാക് 'കസിൻ ബെറ്റി' എന്ന തന്റെ നോവലിൽ എഴുതിയിട്ടുണ്ട്. ബൽസാക് പറഞ്ഞതിലും ചില ശരികൾ ഇല്ലേ?. ഈ ലക്കത്തിനു വേണ്ടിയുള്ള ഗവേഷണത്തിനിടയിൽ എനിക്കത് ബോധ്യപ്പെടുകയും ചെയ്തു. ചോദ്യാവലിക്കുള്ള ഉത്തരങ്ങൾ തയ്യാറാക്കിയ എഴുത്തുകാരികളിൽ ചിലർ തങ്ങളുടെ ഉള്ളിലെ ചില സത്യങ്ങളെ നേരിടുമ്പോൾ ഉണ്ടായ സംഭ്രമം മറച്ചു വെച്ചില്ല. എന്നിട്ടും സ്വന്തം സത്യങ്ങളെ മടി കൂടാതെ അവർ നേരിടുക തന്നെ ചെയ്തു. ചിലർ വ്യക്തിപരമായ ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറി.

പെണ്ണിന് എങ്ങനെ പെണ്ണിനെ പ്രണയിക്കാതിരിക്കാനാകും, പെൺശരീരത്തിന്റെ ആവേഗങ്ങൾ മറ്റൊരു പെണ്ണിന് അത്രക്ക് പൂർണമായി മനസിലാകുമെന്നിരിക്കെ? എത്രയൊക്കെ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും കൃത്യമായി നിർവചിക്കപ്പെട്ടിട്ടില്ല ലെസ്ബിയൻസിന്റെ അന്വേഷണപഥങ്ങൾ. “അനന്തതയുടെ അന്വേഷകർ” എന്നാണു ഒരു മഹാകവി ലെസ്ബിയൻസിനെ വിശേഷിപ്പിച്ചത്. വിലക്കപ്പെട്ട പ്രേമത്തിനു പിന്നാലെ പോകുന്ന ഈ സാഹസികരെയും നയിക്കുന്നത് ഏതു പ്രണയത്തിലെയും പോലെ തടുക്കാൻ കഴിയാത്ത വികാരമായിരിക്കും. ഇന്ന് നമ്മുടെ നാട്ടിൽ അവർ നിയമത്തിന്റെ യും സമൂഹത്തിന്റെയും നിന്ദകൾക്ക് പാത്രമാകുന്നു. സ്വന്തം ശരീരത്തിന്റെ കാമനകളോട് സത്യസന്ധത പുലർത്തുന്നതിന്റെ പേരിൽ അവർ ക്രിമിനലുകളായി വിധിക്കപ്പെടുന്നു. അതോടൊപ്പം, അടഞ്ഞ ഒരു ലോകത്തിൽ കഴിയുമ്പോൾ സ്വന്തം ശരീരത്തിനെ തൃപ്തിപ്പെടുത്താൻ കഴിയാത്തതിന്റെ വേദനകളും അവർക്ക് നേരിടേണ്ടി വരുന്നു. സ്വന്തം ആസക്തി തരുന്ന മുറിവുകൾ.

ലെസ്ബിയൻ കവിതകൾ എഴുതിയതിന്റെ പേരിൽ കോടതി കയറേണ്ടി വന്ന കവിയാണ് ബോദ്‌ലേർ. അദ്ദേഹം തന്റെ ഡയറിയിൽ ഇങ്ങനെ എഴുതുന്നുണ്ട്, 'രതിയിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന അതുല്യവും ശ്രേഷ്ഠവുമായ സുഖത്തിന്റെ രഹസ്യം അടങ്ങിയിരിക്കുന്നത് തിന്മ ചെയ്യുന്നുവെന്ന ഉറപ്പിലാണ്.' കുറ്റം ചെയ്യുന്നതിലൂടെ കിട്ടുന്ന സുഖത്തിൽ ഊന്നിയിട്ടുള്ള ഒരു സൗന്ദര്യാന്വേഷണമാണ് ഈ പതിപ്പിലുള്ള ഉള്ളടക്കമത്രയും.

വളരെ തിരക്കുകൾ ഉള്ളവരെങ്കിലും സംഘടിതയിലേക്ക് ഈ വിഷയത്തിൽ ഉള്ളു തുറന്നു പ്രതികരിക്കാൻ തയ്യാറാവുകയും കൃത്യമായി സമയനിഷ്ഠ പാലിച്ചുകൊണ്ട് സഹകരിക്കുകയും ചെയ്ത എന്റെ കൂട്ടുകാരികളായ എഴുത്തുകാരോടുള്ള നന്ദി മനസ്സിൽ സൂക്ഷിക്കുന്നു. പ്രതികരിക്കുവാൻ താത്പര്യം ഉണ്ടായിരുന്നിട്ടും തിരക്കുകൾക്കിടയിൽ അതിനു കഴിയാതെ പോയവരുടെയും സ്നേഹം എനിക്ക് തന്ന ശക്തി ചെറുതല്ല. തലകൾ ചേരുന്നത് പോലെ തന്നെ സ്നേഹനിർഭരമായി മുലകളും ചേരും. സംശയമില്ല.

തലകൾക്ക് ചേരാമെങ്കിൽ മുലകൾക്കും ചേരാം.

●


# KOSAMATTAM FINANCE

(Estd. 1850)

(A renowned N.B.F.C and Gold Loan Company In India)

MATHEW K. CHERIAN GROUP KOTTAYAM

ഗോൾഡ് ലോൺ രംഗത്ത് 163 വർഷങ്ങളുടെ
നിസ്തുല സേവനപാരമ്പര്യവും, വിശ്വസ്തതയും ആർജ്ജിച്ച സ്ഥാപനം

**സേവനമേഖലകൾ**

**ഗോൾഡ് ലോൺ**
**വിദേശ കറൻസി വിനിമയം**
**ട്രാൻസ് ഫാസ്റ്റ്**
**പാൻ കാർഡ് സൗകര്യം**
**ഡിബഞ്ചർ/ ബോണ്ടുകൾ**

**ജനറൽ ഇൻഷുറൻസ്**
**സ്വിഫ്റ്റ് ട്രാൻസ്ഫർ**
**വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ**
**എക്സ്പ്രസ്സ് മണി**
**വിമാന/ ട്രെയിൻ ടിക്കറ്റുകൾ**

**നിങ്ങൾക്കനുയോജ്യമായ പവൻനിരക്ക് തിരഞ്ഞെടുക്കുവാൻ വിവിധങ്ങളായ സ്വർണ്ണപണയ സ്കീമുകൾ.**

**ആകർഷകമായ നിരക്കിൽ സുരക്ഷിതമായ സ്വർണ്ണ ബോണ്ടുകൾ (Debentures)ഇഷ്യു ചെയ്യുന്നു.**

## ലെസ്ബോസിൽ നിന്നുള്ള ചോദ്യങ്ങൾ

*ലെസ്ബിയനിസത്തെ ഒരു ജീവിതചര്യ എന്നതിനേക്കാൾ ഒരു പ്രമേയം എന്ന നിലയിലാണ് ഈ ചോദ്യാവലി സമീപിക്കുന്നത്. പ്രത്യയശാസ്ത്രത്തിനല്ല, ഭാവനയ്ക്കാണ് ഇവിടെ മുൻതൂക്കം. അതുകൊണ്ട് തന്നെയാണ് ഇതിൽ ഔട്സൈഡേഴ്സിനെ മാത്രം പങ്കെടുപ്പിച്ചിട്ടുള്ളതും. പുറമേ നില്ക്കുന്നവരോട് സങ്കല്പം കൊണ്ട് ഒരു പരകായപ്രവേശം നടത്താനാണ് ഇവിടെ ആവശ്യപ്പെടുന്നത്. ലെസ്ബോസിലെ ചുംബനങ്ങൾക്ക് സൂര്യനോളം ചൂടും തണ്ണിമത്തനോളം കുളിർമയും ഉണ്ടെന്നാണ് കവി എഴുതിയത്. ഈ ചൂടും കുളിർമയും പങ്കിട്ടറിയാനുള്ള ഒരു ശ്രമമാണ് ഈ ചോദ്യാവലിക്ക് പിന്നിൽ.*

ചോദ്യങ്ങൾ തയ്യാറാക്കിയത് എസ്.ശാരദക്കുട്ടി

1. 'സാമൂഹികാചാരപ്രകാരം നിഷിദ്ധമായ ഒന്നിനെ സ്വീകരിക്കുന്നതും നിയമകല്പിതമായ ഒരു ജീവിതരീതിയോടുള്ള പ്രതിഷേധവുമാകുന്നു ഒരേസമയം ലെസ്ബിയനിസം.' ഈ അഭിപ്രായത്തോട് എങ്ങനെ പ്രതികരിക്കുന്നു?
2. ലെസ്ബിയൻബോധം രതിയുമായി മാത്രമാണോ ബന്ധപ്പെടുന്നത്? അതോ ഓരോരുത്തരുടെയും ഉള്ളിലുള്ള പ്രേമത്തോടുള്ള പരിപൂർണമായ തിരിച്ചറിവു കൂടിയാണോ അത്?. പെണ്ണിന്റെ കൂടെ കിടന്നാലും ഇല്ലെങ്കിലും യഥാർത്ഥ ഫെമിനിസ്റ്റ് ഒരു ലെസ്ബിയൻ ബോധത്തിനകത്തുനിന്നു കൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് ഓഡ്രെ ലോർഡ് എഴുതിയിട്ടുണ്ട്.ഈ അഭിപ്രായത്തോട് എങ്ങനെ പ്രതികരിക്കുന്നു?
3. നിങ്ങൾക്ക് എപ്പോഴെങ്കിലും ഒരു ലെസ്ബിയൻഫാന്റസി തോന്നിയിട്ടുണ്ടോ? ഈ സാഫിസ്റ്റുകൾ പെണ്ണുങ്ങളെയേ സ്നേഹിക്കൂ. അവർക്കിടയിൽ സൗഹൃദത്തോടൊപ്പം എപ്പോഴും അനുരാഗവുമുണ്ട്" എന്ന് സ്വവർഗപ്രണയിനികളെ നോക്കിക്കൊണ്ട് വിർജീനിയ വൂൾഫ് കൊതിച്ചിട്ടുണ്ട്. താൻ ലെസ്ബിയൻ ആയതിനു കാരണം സ്ത്രീകൾ മാത്രമാണ്, കാരണം സ്ത്രീ സുന്ദരിയും ബുദ്ധിമതിയും ശക്തയും ആർദ്രയും ആയതുകൊണ്ട് ഞാൻ സ്ത്രീയെ പ്രണയിക്കുന്നു എന്ന് പണ്ടൊരു ഫെമിനിസ്റ്റ് എഴുത്തുകാരി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സ്വവർഗ്ഗാനുരാഗികൾ അല്ലാത്തവരാണെങ്കിലും ചിലപ്പോഴൊക്കെയെങ്കിലും സുന്ദരിയായ, ബുദ്ധിമതിയായ, ശക്തയായ, ആർദ്രയായ ഒരു സ്ത്രീയോട് നമുക്കും അനുരാഗം തോന്നിയിട്ടുണ്ടാവില്ലേ? വിർജീനിയയെ പോലെ നമ്മളും കൊതിപൂണ്ടിട്ടുണ്ടാവില്ലേ? അങ്ങനെയുള്ള ഒരു ലെസ്ബിയൻ ഫാന്റസി. അതെക്കുറിച്ച് പറയാമോ?
4. സ്വവർഗ്ഗരതിയെ പരമോന്നത നീതിപീഠം കുറ്റകരം എന്ന് വിധിച്ചിരിക്കുന്നു. അതായത് ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ, ഒരു പെണ്ണിന് മറ്റൊരു പെണ്ണിനോട് ഇങ്ങനെ തോന്നുന്നത് നിയമവിരുദ്ധമാകുന്നു. വ്യാജ സന്മാർഗ്ഗചിന്തകളാണോ പരമോന്നത നീതിപീഠത്തിന്റെ ഈ കണ്ടെത്തലിനു പിന്നിലെ പ്രേരണ? അതോ പുരുഷന് സ്ത്രീയുടെ ലഭ്യതയ്ക്ക് നേരെയുള്ള പ്രത്യക്ഷവും പരോക്ഷവുമായ ഒരു കടന്നുകയറ്റം കൂടിയാകുന്നു ഇത് എന്നത് കൊണ്ടാണോ?
5. നവോത്ഥാനകാലം മുതൽക്കേ കലയിൽ സ്വവർഗപ്രണയം ഒരു വിഷയമാണ്. സാഹിത്യത്തിൽ സാഫോയിൽ തുടങ്ങുന്ന ഒരു വലിയ പാരമ്പര്യമാണത്. ഇവിടെ മലയാളസാഹിത്യത്തിൽ വിരലിൽ മാത്രം എണ്ണാവുന്ന കൃതികളും. എന്തുകൊണ്ടായിരിക്കും നമ്മുടെ മികച്ച സ്ത്രീ എഴുത്തുകാരിൽനിന്ന് പോലും മികച്ച ഒരു ലെസ്ബിയൻ കൃതി ഉണ്ടാകാത്തത്?.വ്യവസ്ഥയെ ധിക്കരിക്കുന്നതിലെ കലാത്മകതയും കലാപപരതയും കേരളത്തിലെ എഴുത്തുകാരികളിൽ കുറവാണോ?
6. വിദൂരമായ ഒരു ദ്വീപിലേക്ക് നിങ്ങൾ നാടുകടത്തപ്പെട്ടു എന്ന് സങ്കൽപ്പിക്കുക. കൂടെ പാർപ്പിക്കാൻ ഒരു പ്രശസ്തയായ സ്ത്രീയെ നിങ്ങൾക്ക് കൊണ്ടുപോകാം. അങ്ങനെയെങ്കിൽ നിങ്ങൾ കൊണ്ടുപോകുന്ന സ്ത്രീ ആരായിരിക്കും. ?

സി എസ് ചന്ദ്രിക





1. സത്യത്തിൽ ലെസ്ബിയനുകൾക്ക് അങ്ങനെ മാത്രമേ ജീവിതം തെരഞ്ഞെടുക്കാനാവൂ എന്നതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഇവിടെ നിലനിൽക്കുന്ന പ്രബലമായ ലിഖിതവും അലിഖിതവുമായ നിയമ, സദാചാര നിബന്ധനകൾ കൊണ്ടാണല്ലോ ഇഷ്ടമുള്ള ജീവിതം തെരഞ്ഞെടുക്കുമ്പോൾ അത് ഈ പറഞ്ഞ തരത്തിലൊക്കെയാണെന്ന് മറ്റുള്ളവർക്ക് തോന്നുന്നത്. ഈ നിയമ, സദാചാര നിബന്ധനകൾ, പ്രബലമായ അധീശ ഭിന്നലൈംഗിക ആണധികാരവ്യവസ്ഥയുടെ നിർമ്മിതിയാണെന്ന് നമുക്കറിയാത്തതല്ലല്ലോ. അതിനാൽ ഈ പ്രബല അധികാര സമവാക്യങ്ങളുള്ള സാമൂഹ്യ, കുടുംബ വ്യവസ്ഥയിൽ സ്വവർഗ്ഗപ്രണയിനികൾക്ക് എല്ലാ ജനാധിപത്യ, മനുഷ്യാവകാശങ്ങളും ആത്മാവിഷ്ക്കാരങ്ങളും നിഷേധിക്കപ്പെടുകയാണ്. നിഷേധിക്കപ്പെടുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ അത് സ്വാഭാവികമായും പ്രതിഷേധമായി തോന്നും. അതൊരു ലിംഗരാഷ്ട്രീയ പ്രവർത്തനമാണെന്ന് ബോധ്യപ്പെട്ടുകൊണ്ട് തുറന്ന് മുന്നോട്ടു വരുമ്പോൾ തീർച്ചയായും അതൊരു പ്രത്യക്ഷ സമരമാണ്. യഥാർത്ഥത്തിൽ, എല്ലാ തരം വൈവിദ്ധ്യങ്ങളും സംരക്ഷിക്കണമെന്ന് നമ്മൾ വാദിക്കുമ്പോൾ, പരസ്പരാകർഷണത്തിലും സ്നേഹത്തിലും വേരുകളുള്ള ലൈംഗിക വൈവിധ്യങ്ങളും മനസ്സിലാക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യേണ്ടതല്ലേ!

ഇതൊരു ജനാധിപത്യ രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥയാണെന്ന് പറയണമെങ്കിൽ ലൈംഗികന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ സ്ഥാപിക്കപ്പെടേതുണ്ട്. രാഷ്ട്രീയ, സാംസ്ക്കാരിക പൊതു മണ്ഡലത്തിൽ, ഭരണാധികാര വേദികളിൽ അവരുടെ പങ്കാളിത്തവും പ്രാതിനിധ്യവും ഉണ്ടാവാനുള്ള അവസരങ്ങളും അവകാശങ്ങളുമുണ്ടായിരിക്കണം. തെരഞ്ഞെടുപ്പുകളിലും ഭരണസമിതികളിലും, സാംസ്ക്കാരിക സ്ഥാപനങ്ങളിലുമെല്ലാം ഗേ, ലെസ്ബിയൻ, ട്രാൻസ്ജെൻഡർ

പ്രതിനിധികൾക്ക് അവകാശപ്പെട്ട സീറ്റുകൾ നൽകാൻ എന്തിനു മടിക്കണം! കാരണം, ഇതൊരു യാഥാർത്ഥ്യമാണ്. സ്വവർഗ്ഗാനുരാഗത്തെ നിങ്ങൾക്ക് കോടതി ഉത്തരവു കൊണ്ടോ ശാരീരികമായ മർദ്ദനമുറകൾ കൊണ്ടോ ഇലക്ട്രിക് ഷോക്ക് കൊണ്ടോ തടുക്കാനാവില്ല. സ്ത്രീപുരുഷപ്രണയത്തെ നമുക്ക് നിയമപരമായി നിരോധിക്കാനാവുമോ? സ്ത്രീപുരുഷ ലൈംഗികതയെ നമുക്ക് തടയാനാവുമോ പിന്നെന്തിന് അത്ര തന്നെ തീക്ഷ്ണമായ പ്രകൃതി സഹജമായ സ്വവർഗ്ഗപ്രണയത്തെ തടയുന്നു? ഒന്ന് ഉൽകൃഷ്ടവും മറ്റേത് നികൃഷ്ടവുമാകുന്നതെങ്ങനെ? ഈ അനീതിയോട്, എഴുത്തുകാർക്ക് പുറം തിരിഞ്ഞുനിൽക്കാനാവുമോ? ഈ അനീതിയോട് ഞാൻ കലാപം ചെയ്യുന്നത് എന്റെ സർഗ്ഗാത്മക എഴുത്തിലൂടെയാണ്. 'കാഞ്ചിപുര'വും 'കനി' യും എഴുതുന്നത് അങ്ങനെയാണ്. ആ രണ്ടു കഥകളും ഞാൻ അങ്ങേയറ്റം ഇഷ്ടപ്പെടുന്നു. അവ വരുംകാലങ്ങളിലാവും കൂടുതൽ ചർച്ച ചെയ്യപ്പെടുക എന്നെനിക്കറിയാം.

**2**. ആദ്യത്തെ ചോദ്യത്തിന് ആധികാരികമായി എനിക്ക് മറുപടി പറയാൻ കഴിയുമെന്ന് തോന്നുന്നില്ല. കാരണം, ഇതുവരേയും ഒരു ഹെറ്ററോസെക്ഷ്വൽ ആയി ജീവിച്ചിട്ടുള്ള അനുഭവമേ എനിക്കുള്ളു. അങ്ങനെയുള്ള എന്നോട് സ്ത്രീപുരുഷ ബോധം രതിയുമായി മാത്രമാണോ ബന്ധപ്പെടുന്നത് എന്നൊരു ചോദ്യം ചോദിച്ചാൽ എനിക്ക് പറയാൻ പറ്റുന്ന ഉത്തരങ്ങൾ എന്തൊക്കെയായിരിക്കും! അത് ഓരോ വ്യക്തിയേയും ആശ്രയിച്ചിരിക്കും എന്നേ പറയാൻ കഴിയൂ. അതു കൊണ്ട് ഈ ചോദ്യത്തിനുള്ള ഉത്തരവും അങ്ങനെയാവാനാണ് സാധ്യത. ശാരീരിക കാമനകളേയും മാനസികമായ കാമനകളേയും ഓരോരുത്തരും എങ്ങനെയാണ് സമീപിക്കുന്നതെന്നും അനുഭവിക്കുന്നതെന്നും പ്രകടിപ്പിക്കുന്നതെന്നും അനുസരിച്ചിരിക്കും ബന്ധങ്ങൾ. കാരണം ഓരോ മനുഷ്യനും മാനസികമായി മാത്രമല്ല, ശാരീരികമായും വ്യത്യസ്തനാണ്.

പക്ഷേ, ലെസ്ബിയൻ രാഷ്ട്രീയ ഉള്ളടക്കത്തിൽ പീഡനാത്മകവും അധീശപരവുമായ ഭിന്നലൈംഗികബന്ധങ്ങളോടും അതു സൃഷ്ടിക്കുന്ന ലൈംഗിക സദാചാരവ്യവസ്ഥയോടുമുള്ള ബോധപൂർവ്വമായ വെല്ലുവിളിയുണ്ട്. ആ വെല്ലുവിളിയെ സാർത്ഥകമാക്കുന്നത് പീഡനാത്മകമല്ലാത്ത ലെസ്ബിയൻ ബന്ധങ്ങളുടെ കണ്ടെത്തലിലൂടെയാണ്. അറിയാമല്ലോ, ഫെമിനിസങ്ങൾ പല തരമുണ്ട് ഫെമിനിസ്റ്റുകൾക്ക് പുരുഷാധികാരത്തിന്റെ സൂക്ഷ്മരൂപങ്ങളെ വേഗം തിരിച്ചറിയാനാവും എന്നതാണ് ഏറ്റവും വലിയ ഗുണം. അത് പങ്കുവെയ്ക്കാൻ, തുറന്നു പറയാൻ, സമാധാനിക്കാൻ, സന്തോഷം കണ്ടെത്താൻ അവർ സമാനമനസ്കരായ സ്ത്രീകളെയാണ് കൂടുതൽ പരിഗണിക്കുന്നത്. ഇതെന്തൊക്കെയാണെങ്കിലും ഒരു സ്ത്രീയുടെ സെക്ഷ്വാലിറ്റിയിൽ സ്വവർഗ്ഗാനുരാഗ ആഭിമുഖ്യമുണ്ടെങ്കിൽ മാത്രമേ അത് ശാരീരിക തലത്തിലേക്ക് പോകൂ എന്നാണ് എനിക്ക് തോന്നുന്നത്. അത് ഓരോ സ്ത്രീയോടും അവളുടെ ശരീരം തന്നെ പറയും, എന്താണ് അവളുടെ സെക്ഷ്വാലിറ്റിയെന്ന്. പക്ഷേ അവളുടെ മനസ്സ് മത, സദാചാര, അധീശ മൂല്യങ്ങളാൽ മെരുക്കപ്പെട്ടതാണെങ്കിൽ രക്ഷയില്ല. ശരീരം മാത്രമല്ല, സ്വന്തം മനസ്സെന്താണെന്നും തൃഷ്ണകളെന്താണെന്നു പോലും പിന്നെ അറിയാൻ സാധ്യതകളുണ്ടാവില്ല. ഭൂരിഭാഗം മനുഷ്യരുടേയും ശാരീരികമാനസികഭാവങ്ങളിൽ ഏറിയും കുറഞ്ഞും സ്വവർഗ്ഗത്തിൽ പെട്ടവരോട് ഇഷ്ടവും ആകർഷണവും തോന്നിപ്പിക്കുന്ന ആഭിമുഖ്യമുണ്ടെന്നാണ് ഞാൻ കരുതുന്നത്. അതിനെ മെരുക്കിയെടുക്കുന്നതിനുള്ള ശിക്ഷണങ്ങളിലൂടെ പല രീതികളിൽ നമ്മൾ കടന്നു പോവുകയാണ്. നമ്മളെ വളർത്തുന്നതും പഠിപ്പിക്കുന്നതും 'നോർമൽ' ആയി ജീവിക്കാനാണ്. എന്നാൽ 10 ശതമാനത്തോളം വരുന്ന മനുഷ്യർക്ക് സ്വവർഗ്ഗത്തോടു മാത്രമേ ആകർഷണം തോന്നൂ എന്ന ജീവശാസ്തപരമായ സത്യം നിലനിൽക്കുകയാണ്. അവരോട് 'നോർമൽ' ആവാൻ പറയുന്നത് അവരുടെ തലച്ചോറ് അധീശഭൂരിപക്ഷത്തിന്റെ രുചിക്കനുസരിച്ച് വേവിച്ച് പാകമാക്കി വെയ്ക്കണം എന്നു പറയുന്നതു പോലെയാണ്. ഇത് അനീതിയാണ്. കൊടും ക്രൂരതയാണ്. എന്തായാലും ഈ നോർമൽ/ അബ്നോർമൽ ദ്വന്ദം എപ്പോഴേ തകർക്കപ്പെടേണ്ട താണ്.

**3**. അതാണ് ഞാൻ നേരത്തേ പറഞ്ഞത്, എല്ലാ മനുഷ്യരിലും ഏറിയും കുറഞ്ഞുമുള്ള സ്വവർഗ്ഗാകർഷണത്തെക്കുറിച്ച്. അത് നമ്മളിൽ എത്രയധികമുണ്ടോ, അതനുസരിച്ച് തീർച്ചയായും ആ ഫാന്റസികൾ നമുക്കുമുണ്ടാകും. ആ പ്രണയഭാവനകൾ, ഫാന്റസികൾ നമ്മുടെ തന്നെ മനസ്സിന്റേയും ശരീരത്തിന്റേയും

ആഗ്രഹങ്ങളുടെ പരിപൂർണ്ണതകൾ തേടലുകളാണ്. അത്തരം ഒരു ഫാന്റസി 'കാഞ്ചിപുര'ത്തിൽ ഉണ്ട്. താരയും ദേവിയും.
പരസ്പരമറിയുന്നതിന്റെ ആഴവും ഔന്നത്യവുമുള്ള അനുരാഗം. സത്യത്തിൽ രണ്ടു തരത്തിലാണ് ഞാൻ ആ കഥാപാത്രങ്ങളെ സ്വയം അനുഭവിച്ചത്. ഒന്ന്, ദേവി എന്നിലെ തന്നെ രണ്ട് പ്രണയവ്യക്തിത്വങ്ങളാണെന്ന തിരിച്ചറിവോടെ. രണ്ട്, ദേവി എന്റെ പുരുഷനിൽ ഞാൻ കാണുന്നതും, അനുഭവിക്കുന്നതുമായ പ്രണയം തന്നെയാണെന്ന തോന്നലോടെ. അതായത്, ദേവി പെണ്ണോ ആണോ എന്നതിനേക്കാൾ എനിക്ക് ആഭിമുഖ്യമുള്ള പ്രണയം എന്നതാണ് ആ അറിവ്. സത്യത്തിൽ രണ്ടു സ്ത്രീകൾ പ്രണയിക്കുമ്പോൾ അത് സ്വവർഗ്ഗാനുരാഗമെന്ന് പറഞ്ഞ് ഒരു പ്രത്യേക കള്ളിയിൽ ഒതുക്കേണ്ട കാര്യമില്ല. സ്നേഹം, അതിന്റെ വിവിധ ഭാവങ്ങൾ ആർക്കും ആരോടും എപ്പോൾ വേണമെങ്കിലും തോന്നാം. പല നേരങ്ങളിൽ പല തരത്തിൽ പല തലങ്ങളിൽ തോന്നാം. സ്ത്രീക്ക് സ്ത്രീയോട് തോന്നാം. സ്ത്രീക്ക് പുരുഷനോട് തോന്നാം. പുരുഷന് പുരുഷനോട് തോന്നാം. സ്ത്രീക്ക് പുരുഷനോടും സ്ത്രീയോടും ഒരേ സമയം തോന്നാം. ഒരു പുരുഷന്, ഒരു സ്ത്രീക്ക് ഒരേ സമയം ഒന്നിലധികം പുരുഷൻമാരോടും സ്ത്രീകളോടും തോന്നാം. വേർതിരിച്ച് വിശകലനം ചെയ്യാനോ കൃത്യമായി നിർവ്വചിക്കാനോ എതിർത്ത് ഇല്ലാതാക്കാനോ പറ്റുന്നതല്ല ഇത്തരം സ്നേഹവും പ്രണയവും. ഓരോന്നും ഓരോന്നാണ്. നമ്മുടെ സെക്ഷ്വാലിറ്റി സ്റ്റാറ്റിക് അല്ല. എന്തായാലും, എന്റെ പുരുഷനോട് എനിക്കുള്ള, എന്നെ അടിമുടി പൂത്തുലയ്ക്കുന്ന പ്രണയം, മനസ്സിലും ശരീരത്തിലും ആത്മാവിലും ഒരു പോലെ പടർന്ന് ഓരോ നിമിഷവും പിടയ്ക്കുന്ന പ്രണയം പോലെ എന്നെ സർവ്വത്ര ആകർഷിക്കുകയും ഉൻമാദങ്ങളിലേക്കും ആവേഗങ്ങളിലേക്കും കൊണ്ടു പോവുകയും ചെയ്യുന്ന സ്വവർഗ്ഗാനുരാഗം എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. എന്നോട് പ്രേമം തോന്നിയിട്ടുള്ള സ്ത്രീകളോട് എനിക്കങ്ങനെ തീക്ഷ്ണമായി reciprocate ചെയ്യാൻ പറ്റിയിട്ടില്ല. അതുകൊണ്ട് അത്തരം അനുരാഗത്തിന്റെ സ്വാഭാവികമായ അഭിനിവേശങ്ങളും ആനന്ദങ്ങളും വേദനകളും മറ്റനുഭവങ്ങളും എനിക്കറിയില്ല.

സ്വപ്നാത്മകമായ പരിപൂർണ്ണതയിലേക്കുള്ള പ്രയാണം പോലെയാണ് ഞാൻ മനുഷ്യരുടെ പ്രണയ ഫാന്റസികളെ കാണുന്നത്. ഈ ഫാന്റസികളിൽ പ്രണയികളുടെ മുഖം, രൂപം മാറുമായിരിക്കും. പക്ഷേ മാറാത്തതതൊന്നേയുള്ളു. പ്രണയം മാത്രം.

**4**. മനുഷ്യൻ എന്ന സ്പീഷിസിനെ നന്നായി നോക്കിയാലറിയാം, നമ്മളിലെല്ലാം എല്ലാ ഭാവങ്ങളുമുണ്ട്. പക്ഷേ സ്ത്രീക്ക് സ്ത്രൈണതയെന്നും പുരുഷന് പുരുഷത്വമെന്നും നിർവ്വചനമുണ്ടാക്കി തിരിച്ച് സ്വഭാവങ്ങളും റോളുകളും നിശ്ചയിച്ചു കൊടുത്തിരിക്കുകയാണ്.

ഇതൊക്കെ ഇങ്ങനെ സംഭവിച്ച ചരിത്ര ഘട്ടങ്ങളെക്കുറിച്ചും ആൺകോയ്മയുടെ രൂപങ്ങളെക്കുറിച്ചും നമുക്കറിയാം. ഈ നിർമ്മിത 'സ്ത്രൈണത'യും 'പുരുഷത്വ'വുമല്ലാതെ മറ്റൊന്നിനേയും മനസ്സിലാക്കാനോ അംഗീകരിക്കാനോ ലിംഗാധികാരവ്യവസ്ഥയും അതിന്റെ അധീശസംസ്ക്കാരവും സമ്മതിക്കില്ല. നമ്മുടെ നീതിപീഠങ്ങളും അങ്ങനെയാണ്.

സ്ത്രീവിരുദ്ധമായ വിധികളുടെ എത്ര പരമ്പരകൾ നമ്മൾ കണ്ടു കഴിഞ്ഞു. മുൻവിധികളില്ലാതെ, മനുഷ്യാവകാശങ്ങളും ലിംഗനീതിയുമെന്തെന്ന് മനസ്സിലാക്കാനും നിർവ്വചിക്കാനും ബൗദ്ധിക, രാഷ്ട്രീയ ശേഷിയുള്ള അഭി ഭാഷകരും ന്യായാധിപ/ൻമാരും അപൂർവ്വരിൽ അപൂർവ്വരാണിവിടെ.

2000 ജനുവരിയിലാണ് കേരളത്തിൽ ലെസ്ബിയൻ ആത്മഹത്യ ആദ്യമായി റിപ്പോർട്ടു ചെയ്യപ്പെടുന്നത്. കേരളത്തിൽ 1995, 96, 97 വർഷങ്ങളിൽ നാല് ലെസ്ബിയൻ ബന്ധങ്ങളിലായി 8 പേർ ആത്മഹത്യ ചെയ്യുകയും 1999ൽ രണ്ടു മാസങ്ങൾക്കുള്ളിൽ 5 ലെസ്ബിയൻ സ്ത്രീകൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. 2001 ൽ കേരളത്തിൽ ലൈംഗികന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾക്കു മാത്രം ശ്രദ്ധകൊടുത്തു കൊണ്ട് 'സഹയാത്രിക' പോലുള്ള സംഘം നിശ്ശബ്ദമായി പ്രവർത്തിക്കാൻ തുടങ്ങുന്നതു നമ്മൾ കണ്ടു. ഇന്ത്യയിൽ ലൈംഗിക ന്യൂനപക്ഷ പ്രവർത്തകർക്ക് അല്പമെങ്കിലും തുറന്നു പ്രവർത്തിക്കാനാവുന്ന അന്തരീക്ഷം ഉണ്ടായത് 2009 ജൂലായ് 2 ന് ഡെൽഹി ഹൈക്കോടതി, ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 377 ന്റെ പുനർവായനയിലൂടെ ഹോമോസെക്ഷ്വാലിറ്റിയെ കുറ്റവിമുക്തമാക്കിയ ഐതിഹാസികമായ, നേരത്തേ പറഞ്ഞ അപൂർവ്വമായ വിധിപ്രസ്താവത്തിനു ശേഷമാണ്. ഈ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ പല ഭാഗങ്ങളിലും, പല സംസ്ഥാനങ്ങളിലും ഇവരുടെ

പൊതു ദൃശ്യത ഉണ്ടായി വരികയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ക്വീർ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ ഇന്ത്യൻ ഫ്യൂഡൽ പാട്രിയാർക്കൽ ലൈംഗിക സദാചാരത്തെ വെല്ലുവിളിക്കുന്ന നിലയിൽ ശക്തവും നിരന്തരവുമായി വളർന്ന് മുഖ്യധാരയിൽ സജീവതയും ദൃശ്യതയും കൈവരിക്കും എന്ന സന്ദർഭത്തിലാണ് സ്വവർഗ്ഗ ലൈംഗികത കുറ്റകരമാണെന്ന് സുപ്രീംകോടതി വിധി ക്കുന്നത്.

എല്ലാ മനുഷ്യരും ഭിന്ന ലൈംഗികത മാത്രം പുലർത്തണം എന്നാണ്സുപ്രീം കോടതി വിധിയിൽ പറയുന്നത്. മതങ്ങളും സദാചാര സംഹിതകളും എപ്പോഴും പറയുന്ന അതേ കാര്യങ്ങൾ തന്നെയാണോ നമ്മൾ നീതിപീഠത്തിൽ നിന്ന് പ്രതീക്ഷിക്കേണ്ടത്? മനുഷ്യരിൽ തന്നെയുള്ള വൈവിധ്യങ്ങളെ മനസ്സിലാക്കാനും വിശകലനം ചെയ്യാനും അംഗീകരിക്കാനും നീതിന്യായ വ്യവസ്ഥ തയ്യാറാവുമ്പോഴാണ് ഒരു ഭരണവ്യവസ്ഥയിൽ, സമൂഹത്തിലൊട്ടാകെ നിലനിൽക്കുന്ന 'വ്യത്യസ്തത'കളെ ഉൾക്കൊള്ളുന്ന നീതിബോധമുള്ള സമ്പന്നമായ സംസ്ക്കാരമുണ്ടാകുന്നു എന്ന് പറയാൻ പറ്റുക. ലൈംഗികന്യൂനപക്ഷങ്ങളെ അരക്ഷിതരാക്കുകയും ആക്രമിക്കുകയും ചെയ്യുന്ന തരത്തിലുള്ള സുപ്രീം കോടതി വിധിയും അതിനെ ഹർഷാരവത്തോടെ സ്വീകരിക്കുന്ന 'പൊതു'സമൂഹത്തിന്റേയും അധീശ ഭിന്ന ലൈംഗിക സംസ്ക്കാരവും 'സദാചാര'ത്തിന്റെ സർവ്വ നിയന്ത്രണവും കയ്യാളുകയാണ്. ഉദ്ദേശം എത്ര വ്യക്തമാണ്! സ്വവർഗ്ഗപ്രേമം ജീവശാസ്ത്രപരമായ ഒരു യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കാൻ ഇന്ത്യയിൽ ഇനിയും എത്ര സ്വവർഗ്ഗപ്രേമികൾ ആത്മഹത്യ ചെയ്യണം? ഈ ആത്മഹത്യകൾ വെറും ആത്മഹത്യകളല്ലെന്നും കൊലപാതകങ്ങൾ തന്നെയാണെന്നും മനസ്സിലാക്കപ്പെടാതെ പോകുന്നത് കുറ്റകരമാണ്.

**5**. എല്ലാവർക്കും ഈ തീം എഴുതാൻ പറ്റില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഒന്നാമതായി ,

സ്വതന്ത്രമായ ഒരാത്മാവിനേ നിഷേധിക്കപ്പെട്ട ആനന്ദങ്ങളുടെ മേഖലകളെക്കുറിച്ച് മുൻപിൻ നോക്കാതെ അന്വേഷിക്കാനും എഴുതാനും പറ്റൂ. കലാപപരത എന്നു പറയുന്നത് ഈ ധൈര്യത്തെയാണ്. ഈ ധൈര്യം അിറഞ്ഞുകൊണ്ടും അറിയാതേയും ഒരാൾ പ്രകടിപ്പിക്കും. അറിയാതെ പ്രകടിപ്പിക്കുന്നതിനെ നമ്മൾ ഭ്രാന്തായി വ്യഖ്യാനിക്കും. നമ്മുടെ മുന്നിൽ ഉദാഹരണങ്ങളുണ്ട്. അറിഞ്ഞു കൊണ്ടു ചെയ്യുന്നതിനെ നമ്മൾ പല തരം സെൻസർഷിപ്പുകൾ കൊണ്ട് നിയന്ത്രിക്കാനും ഇല്ലാതാക്കാനും ശ്രമിക്കും. ഇതൊരു തീവ്രമായ സമരമാണ്. രണ്ടാമതായി, ഇത്തരം ഫാന്റസികളുടെ ലോകം, അനുഭവങ്ങളുടെ ലോകം ഇല്ലെങ്കിൽ ഇത്തരം പ്രമേയങ്ങൾ എഴുതാൻ ബുദ്ധിമുട്ടാണ്. മറ്റുള്ളവരുടെ അനുഭവങ്ങൾ കാണാനും കേൾക്കാനുമുള്ള അവസരങ്ങളെങ്കിലുമുണ്ടാകണം. എങ്കിൽ തന്നേയും എഴുതാനുള്ള ധൈര്യം വേണ്ടി വരും. കാരണം പെട്ടെന്ന് മുദ്ര കുത്തപ്പെടാം. എല്ലാവരും അതൊഴിവാ ക്കാനാഗ്രഹിക്കുന്നു. ഇക്കാലത്ത് ഇതിനെയൊക്കെ മറികടക്കാനാവുന്നതേയുള്ളു. കാരണം, മുമ്പേ കടന്നു പോയ എഴുത്തുകാരികളുടെ ജീവിത സമരങ്ങൾ പിറകേ വന്ന എഴുത്തുകാരികൾക്ക് തന്നു പോയിട്ടുള്ള സാംസ്ക്കാരിക രാഷ്ട്രീയ മൂലധനം ചെറുതല്ല. പിന്നെന്തുകൊണ്ട് സ്വവർഗ്ഗ പ്രേമം തീം ആകുന്നില്ല എന്നു ചോദിച്ചാൽ രണ്ടാമതു പറഞ്ഞ കാരണം കൊണ്ടാകാം. കാരണം സ്വവർഗ്ഗപ്രണയത്തെ ആഴത്തിൽ എഴുതാനാവണം.

വെല്ലുവിളികളെ നേരിട്ടുകൊ ണ്ടുള്ള സ്വവർഗ്ഗ പ്രേമ ജീവിതങ്ങൾ വ്യത്യസ്തമായിരിക്കുന്നതു പോലെ അതിന്റെ സൗന്ദര്യ ശാസ്ത്ര വ്യവഹാരങ്ങളും വെല്ലുവിളികൾ നിറഞ്ഞതാണ്. എളുപ്പം പാളിപ്പോകാവുന്ന പ്രമേയമാണത്. നമ്മൾ കണ്ടിട്ടില്ലേ, ചില എഴുത്തുകാർ (ആണും പെണ്ണും)

സ്വവർഗ്ഗപ്രേമം പ്രമേയമായി എഴുതിയപ്പോൾ അത് ലൈംഗികതയുടെ മടുപ്പിക്കുന്ന പ്രകടനാത്മകതയിലേക്ക് കൂപ്പുകുത്തിപ്പോകുന്നത്. വലിയ സൂക്ഷ്മതയോടെയേ ഈ വിഷയം എഴുതാനാവൂ. ആരെങ്കിലുമൊക്കെ അതിശക്തമായും അതിമനോഹരമായും ഈ പ്രമേയം എഴുതാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു ണ്ടോയിരിക്കും. നമുക്കു കാത്തിരുന്നു കാണാം.

**6**. ഇസഡോറ ഡങ്കനെ തരൂ. താദാത്മ്യപ്പെടാൻ കഴിയുന്ന മറ്റൊരു പ്രണയിനിയേയും ഞാൻ കിട്ടില്ല. അസമാധാനങ്ങളിൽ നിന്ന് സമാധാനത്തിലേക്കും വേദനകളിൽ നിന്ന് ആനന്ദങ്ങളുടെ പരിപൂർണ്ണതയിലേക്കും എത്താൻ അർഹതയും ശേഷിയുമുള്ള മനസ്സും ശരീരവും ആത്മാവുമുള്ള മറ്റൊരു പ്രണയിനി എവിടെയുണ്ട്!?

## മിനി സുകുമാർ





**1**. സ്വവർഗാനുരാഗം എപ്പോഴും പ്രതിഷേധമായോ കലാപമായോ മാത്രമാണ് ഉണ്ടാകുന്നതെന്ന് എനിക്കു തോന്നുന്നില്ല. നമ്മുടെ നാട്ടിലെ അവസ്ഥകളിൽ പ്രത്യേകിച്ചും. സാമൂഹികാചാരപ്രകാരം നിഷിദ്ധമായ ഒന്നിനെ സ്വീകരിക്കണമെന്ന വിപ്ലവകരമായ തീരുമാനത്തേക്കാൾ തന്റെ പ്രണയം/ആഗ്രഹം/ഇഷ്ടം/അഭിനിവേശം സാമൂഹ്യമായി അംഗീകരിക്കപ്പെട്ടതല്ലെന്ന തിരിച്ചറിവിന്റെ വേദനയും ആ ഇഷ്ടത്തെ പിന്തുടരാൻ ആ വ്യക്തി നടത്തുന്ന ശ്രമങ്ങളുമാണ് കലാപമായി മാറുന്നത്.

**2**. യഥാർത്ഥഫെമിനിസ്റ്റ് ആരാണെന്നു പറയാൻ കഴിയില്ലാത്തതുകൊണ്ട് ഈ ചോദ്യത്തിനു ഉത്തരം പ്രയാസമാണ്!!. ലെസ്ബിയൻ ബോധം രതിയോടു മാത്രം ബന്ധപ്പെട്ടതല്ലെങ്കിലും അത് രതിയോട് കൂടുതൽ ബന്ധപ്പെട്ടതാണെന്നെനിക്കു തോന്നുന്നു; എല്ലാപ്രണയവും പോലെതന്നെ. ശരീരത്തോടുള്ള ആകർഷണം, ലൈംഗികാനന്ദം, വൈകാരികമായ പിടിച്ചടക്കലുകൾ, ഒരുമിച്ചു കഴിയാനുള്ള ആഗ്രഹം ഇവയെല്ലാം ലെസ്ബിയൻ ബന്ധങ്ങളിലുമുണ്ട്. അപരിചിതമായ ഒരു പ്രണയമേഖലയായി ലെസ്ബിയനിസത്തെ കാണുന്നതിനേക്കാൾ മഷ്യർ തമ്മിലുള്ള പ്രണയാനുഭവങ്ങളുടെ വൈവിധ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി കാണുകയാണ് വേണ്ടത്. ലെസ്ബിയനിസം ഒരു രാഷ്ട്രീയനിലപാടു മാത്രമല്ല. എന്നാൽ അതിനെ അവഗണിച്ചുകൊണ്ടോ എതിർത്തുകൊണ്ടോ ഒരു ഫെമിനിസ്റ്റിനു (മനുഷ്യസ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്ന ഏതൊരാളിനും) നിലനിൽക്കാൻ പ്രയാസമാണ്.

**3**. നമുക്കു ചുറ്റിലും, ഉള്ളിലും പുറത്തും ഒക്കെയുള്ളതായ ചില തരം യാഥാർത്ഥ്യങ്ങളെ ഇല്ലെന്ന് ഭാവിച്ച് ജീവിക്കാൻ സവിശേഷ പരിശീലനം ലഭിച്ചവരാണ് മനുഷ്യർ, പ്രത്യേകിച്ച് സ്ത്രീകൾ. അങ്ങനെ ഇല്ലെന്നു ഭാവിച്ചുപോന്ന മറുലോകമായിരുന്നു ഒരു പ്രായം വരെ എനിക്കും സ്വവർഗാനുരാഗം. സ്ത്രീ ശരീരങ്ങൾ ആകർഷിച്ചിട്ടുണ്ട്, ഇഷ്ടവും തോന്നിയിട്ടുണ്ട്. അനുരാഗം ആണിനോടും പെണ്ണിനോടുമാകാം. അത് പെണ്ണിനോടു മാത്രമായാലേ പൂർണമാകൂ എന്നു വാദിക്കുന്നത് ആണിനോടു തോന്നുന്നതേ പ്രേമമാകൂ എന്നു പറയുന്നതുപോലെ തന്നെയാണ്. അതിൽ വ്യക്തിയാണ് പ്രധാനം. വൈകാരികജീവിതത്തിലെ എല്ലാ ഫാന്റസികളും സ്വകാര്യമാണെന്നു ഞാൻ കരുതുന്നു.

**4**. സ്വവർഗരതി കുറ്റക്രുത്യമാണെന്ന കാലഹരണപ്പെട്ട ഇൻഡ്യൻ നിയമം വീണ്ടും ഉറപ്പിക്കാനുള്ള ശ്രമമാണ് ഇവിടെ പരാമർശിക്കപ്പെട്ട സുപ്രീം കോടതി വിധി. അത് പെണ്ണിനെ പ്രണയിക്കുന്ന പെണ്ണിനും ആണിനെ പ്രണയിക്കുന്ന ആണിനും എതിരായുള്ളവിധിയാണ്. ആൺ-പെൺ ദാമ്പത്യങ്ങളിൽ പടുത്തുയർത്തപ്പെട്ടിരിക്കുന്ന പിതൃമേധാവിത്ത സമൂഹങ്ങൾ സ്വതന്ത്രവും നൈസർഗികവും സമത്വപൂർണവുമായ എല്ലാ പ്രണയങ്ങളേയും ഭയക്കുന്നു. സ്വവർഗാനുരാഗങ്ങൾ നിലവിലുള്ള ദാമ്പത്യങ്ങളുടെ അടിസ്ഥാനം തന്നെ ചോദ്യം ചെയ്യുന്നു എന്നതിനാൽ ഈ ഭയം കുറെക്കൂടി ശക്തമാണ്. ആധുനികതയിൽ ഉള്ളടങ്ങിയ സദാചാര സങ്കല്പം ഇതിനു സാധൂകരണം നല്കുകയും ചെയ്യുന്നു . ഈ വിധി ആണും പെണ്ണുമായ എല്ലാ സ്വവർഗാനുരാഗികളുടേയും മാനുഷികാവകാശങ്ങൾക്കെതിരാണ്.

**5**. മലയാളിയുടെ പൊതുബോധത്തിലെ സ്ത്രീവിരുദ്ധത ചോദ്യം ചെയ്യുന്ന കലാപരമായ, നവീന ഭാവുകത്വപരീക്ഷണങ്ങൾ മലയാളസാഹിത്യകാരികളിൽ നിന്നും, കലാകാരികളിൽ നിന്നും ഉണ്ടാമെന്നു ഞാൻ വിശ്വസിക്കുന്നു.

**6**. അങ്ങനെയൊരു നാടുകടത്തൽ ഉണ്ടാകല്ലെ എന്നാണൂ ആഗ്രഹം! ഞാൻ ആരേയും കൊണ്ടു പോകാൻ സാധ്യതയില്ല. പിന്നെ, പ്രശസ്തരായവരോട്, അവർ സുഹ്രുത്തുക്കളല്ലെങ്കിൽ, സ്ത്രീയായാലും പുരുഷനായാലും കൂടിക്കഴിയാൻ ആഗ്രഹമില്ല. ഇഷ്ടമുള്ള കുറച്ചുപേരെ കൊണ്ടുപോകാൻ ആഗ്രഹമുണ്ട്, അവർ പ്രശസ്തരാകണമെന്നില്ല!

## ശോശ ജോസഫ്



1. ഒരാൾ സ്വവർഗ്ഗപ്രേമിയാകുന്നതിന് പിന്നിൽ ജനിതകമോ മനശാസ്ത്രമോ ഒക്കെ ആയ കാരണങ്ങൾ ഉണ്ടാകാം. എന്നാൽ ലെസ്ബിയനാണ് എന്ന് പരസ്യമായി പ്രഖ്യാപിക്കുന്നതിൽ ഒരു രാഷ്ട്രീയമുണ്ട്. പരമ്പരാഗത കുടുംബസങ്കൽപ്പത്തെ ബഹിഷ്കരിക്കുക, വ്യവസ്ഥിതിയെ ചോദ്യം ചെയ്യുക... ഈ രാഷ്ട്രീയത്തെയാണ് ഇതിനെ തടയുന്നതിലൂടെ തടയിടുന്നത്. കടുത്ത യാഥാസ്ഥിതികതയാണ് മുഴച്ചു നിൽക്കുന്നത്. മാത്രമല്ല പ്രത്യുത്പാദനത്തിന് വേണ്ടി മാത്രമാണ് ലൈംഗികത എന്നും മറ്റുമുള്ള പ്രാകൃത ചിന്തയും ഒപ്പമുണ്ട്.

മറ്റാരോ ഉണ്ടാക്കിയെടുത്ത പാതയിൽ, നമുക്കാവശ്യമില്ലാത്ത ഒരിടത്തേക്ക് പോകേണ്ട. പകരം നമുക്ക് പോകേണ്ട സ്ഥലത്തേക്കുള്ള വഴി സ്വയം നിർമ്മിക്കാം എന്നുമുള്ള സ്വാതന്ത്ര്യബോധം, സ്വയം നിർണ്ണയിക്കുവാനുള്ള അവകാശം മനുഷ്യാവകാശമാണ്.

2. പ്രണയത്തിൽ ഒരു കൊടുക്കൽ വാങ്ങൽ ആണല്ലോ? ഒരുപാട് കാര്യങ്ങൾ പങ്കുവെക്കപ്പെടുമ്പോഴേ പ്രണയം സാധ്യമാകുകയുള്ളൂ. പ്രണയത്തിൽ രതി–കൂടെ കിടക്കുക എന്നുള്ളത് പിന്നത്തേതാണ്. തീർച്ചയായും ഒരു യഥാർത്ഥ ഫെമിനിസ്റ്റ് ലെസ്ബിയൻ ബോധത്തിനകത്ത് നിൽക്കുന്നു. ഒരു പെണ്ണിനെ മനസ്സിലാക്കാനും ലൈംഗികമായി തൃപ്തിപ്പെടുത്താനും മറ്റൊരു പെണ്ണിന് (പെൺമനസ്സിന്) മാത്രമേ കഴിയൂ എന്നും ഓഷോ പറയുന്നത് കൂട്ടിവായിക്കാവുന്നതാണ്.

3. പോളണ്ടുകാരിയായ കവയിത്രി വിസ്ലാവഷിംബോർസ്ക്കയുടെ വിയറ്റ്നാം എന്ന കവിത– അത് വായിക്കുമ്പോൾ ഈ ലോകത്തെ മുഴുവൻ സ്ത്രീകളേയും ഞാൻ പ്രണയിക്കുകയാണ്. മാത്രമല്ല, കവയത്രിയേയും അഗാധമായി പ്രണയിക്കുന്നു. –സത്യം.

4. സ്വവർഗ്ഗരതിക്കാരായ പുരുഷനും സ്ത്രീക്കും ഒരുപോലെ ബാധകമാവുന്നതാണല്ലോ ഇപ്പോഴത്തെ ഈ വിധി. മറ്റൊരു മനുഷ്യനെ സ്നേഹിക്കുക എന്നുള്ളത് എങ്ങിനെയാണ് ക്രിമിനൽ കുറ്റമാകുന്നത്? ഒരേ ഇനത്തിൽപ്പെട്ട രണ്ട് മനുഷ്യർ ഒരുപാട് കാര്യങ്ങൾ പങ്കിടുന്നു അതോടൊപ്പം ഒന്നിച്ച് ജീവിക്കാൻ തീരുമാനിക്കുന്നു. മറ്റുള്ളവർക്ക് ഇതെങ്ങിനെ ദോഷകരമാകും? കടുത്ത മതപരതയാണ് ഇങ്ങനെ ഒരു വിധിക്ക് പിന്നിൽ. ഒട്ടും ആധുനികരല്ലാത്ത മനുഷ്യരാണ് അത് പുറപ്പെടുവിച്ചത്.


5. സ്വവർഗ്ഗരതി എന്ന വിഷയം എല്ലാ കാലത്തും ചിത്രകലകളെ, നൂതനം ഭ്രമാത്മകം എന്നൊക്കെ പറയാവുന്ന തരത്തിൽ പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിരിക്കുന്നു. നമുക്ക് മലയാളത്തിൽ ലെസ്ബിയനിസം എന്നുപറയുമ്പോൾ ... ലെസ്ബിയൻ അല്ലെങ്കിൽ ഗേ എന്നർത്ഥം വരുന്ന വാക്ക് ഏതാണ്. അങ്ങിനെ ഒരു വാക്ക് ഉണ്ടോ? എനിക്കറിയില്ല?



ചിത്രകാരിയായ ടി.കെ.പത്മിനിയുടെ സ്ത്രീരൂപങ്ങൾ കാണുമ്പോൾ എനിക്ക് തോന്നുന്നത് ഒരു ലെസ്ബിയൻ അനുഭൂതി ചിത്രകാരി ഉൾക്കൊണ്ടിട്ടുണ്ട് എന്നാണ്. ബോധപൂർവ്വമല്ലായിരിക്കാം... (അറിയില്ല) പ്രതീക്ഷയുടേയും ജീവിതാഭിമുഖ്യത്തിന്റേയും വല്ലാത്ത ഒരു വെളിച്ചം പുരുഷരൂപങ്ങളെ അപേക്ഷിച്ച് സ്ത്രീ രൂപങ്ങളിൽ കാണാം. ആ ഒരു ഗ്രാവിറ്റി. ●

## വിധു വിൻസന്റ്





*വര : വിധു വിൻസന്റ്*

**സ്വകാര്യവും** ലൈംഗികവുമെന്ന നിലയിൽ മാറ്റിനിർത്തപ്പെട്ട മണ്ഡലത്തെ കേന്ദ്രമാക്കിയുള്ള രാഷ്ട്രീയ മുന്നേറ്റം കേരളത്തിൽ വ്യാപകമാകുന്നതിന് തൊട്ടുമുമ്പുള്ള കാലം. മതാത്മകജീവിതവും വിശ്വാസവും മാത്രം കൈമുതലായുള്ള എന്റെ ലോകത്തേക്ക് ഒച്ചപ്പാടോടെ, ഒന്നു വാതിലിൽ മുട്ടുകപോലും ചെയ്യാതെയാണ് അവൾ കയറി വന്നത്.

കേരളവർമ്മ കോളേജിൽ എസ്.എഫ്.ഐയുടെ നേതൃത്വത്തിലുണ്ടായിരുന്ന രാഷ്ട്രീയ പ്രവർത്തക, ആക്ടിവിസ്റ്റ്... വളരെ ചെറുപ്പത്തിൽതന്നെ ജീവിതത്തിന് ദിശാബോധം നല്കാൻ ശ്രമിച്ചൊരു പെണ്ണ്. ഞാനോ? ആദിയിൽ വചനമുണ്ടായി എന്നും വചനം മാംസമായി എന്നുമൊക്കെ ഉരുവിട്ട് ഉള്ളിലുള്ള 'മാംസവിചാരങ്ങളെ' വചനത്താൽ മറികടക്കാൻ പെടാപ്പാടു

മതാത്മകജീവിതവും വിശ്വാസവും മാത്രം കൈമുതലായുള്ള എന്റെ ലോകത്തേക്ക് ഒച്ചപ്പാടോടെ, ഒന്നു വാതിലിൽ മുട്ടുകപോലും ചെയ്യാതെയാണ് അവൾ കയറി വന്നത്.



*ചിത്രീകരണം : വിധു വിൻസന്റ്*

നടത്തിയവൾ. യൗവനയുക്തയായ ഒരു പെണ്ണിന്റെ 'മാംസവിചാരങ്ങളെ' കടുത്ത പാപബോധം കൊണ്ടാണ് ഞാനന്ന് ശിക്ഷിച്ചിരുന്നത്.

സഹപാഠിയും സഹമുറിയത്തിയുമായി എത്തിയവൾ സൂര്യന് കീഴെയുള്ള സമസ്തവിഷയങ്ങളെ പറ്റിയും സംസാരിച്ചു, കലഹിച്ചു, നിലപാടുകളെക്കുറിച്ച് ആകുലപ്പെട്ടു. സന്തോഷം വരുമ്പോഴും സങ്കടം വരുമ്പോഴും കെട്ടിപ്പിടിച്ചു. മിണ്ടുമ്പോഴും മിണ്ടാതിരിക്കുമ്പോഴും എന്റെ കൈകൾ അവളുടേതുമായി കൂട്ടിപ്പിടിച്ചു. നടക്കുമ്പോൾ തോളത്തു കയ്യിട്ടു. ഞാനാകട്ടെ, മിഡിൽക്ലാസ് പൊങ്ങച്ചത്തിന്റെ അന്തല്ല്യായ്മയിലും ഒക്കെ മനസ്സിലാക്കുന്നതായി നടിച്ചു.



വര: വിധു വിൻസന്റ്

പരസ്പരം തൊടുന്നതും ചുംബിക്കുന്നതും ഞങ്ങൾക്കിഷ്ടമായിരുന്നു. ശരീരം ശരീരത്തെ അറിയുന്നതിന്റെ ആഹ്ലാദങ്ങൾ ഞങ്ങൾക്കിടയിലുണ്ടായിരുന്നു.



വര: വിധു വിൻസന്റ്

അന്നേവരെയുള്ള പാപബോധങ്ങളിൽ നിന്നും കുറ്റവിചാരങ്ങളിൽ നിന്നും സ്വയം ശിക്ഷയിൽ നിന്നും എന്റെ ശരീരം പതുക്കെ മുക്തമാകുന്നത് ഞാനറിഞ്ഞു. ഞങ്ങളുടെ വിനിമയങ്ങൾ ആന്തരവും ബാഹ്യവുമായ ശരീരവിചാരങ്ങളെ തീക്ഷ്ണമാക്കി.

ശരീരം ഒരു രാഷ്ട്രീയ ഭൂപടമാണെന്നും ലൈംഗികത സമരവിധേയമാണെന്നും അവൾ പറഞ്ഞത് ഞാൻ കേട്ടില്ല. ചുംബിച്ച്, കെട്ടിപ്പിടിച്ച്, പരസ്പരം നിറഞ്ഞ്, കവിഞ്ഞ്, ഒഴുകിപരക്കുന്നത് സ്വപ്നം കാണുകയായിരുന്നു ഞാനപ്പോൾ.

നോർമലായി നമ്മൾ കരുതുന്ന ഭിന്നലൈംഗിക ആഭിമുഖ്യത്തിലൂന്നിയ സാമൂഹ്യഘടനയിൽ മറിച്ചൊരു ആലോചന മുന്നോട്ട് കൊണ്ടുപോകാൻ തക്കവിധം ഞങ്ങളുടെ ബന്ധം വളർന്നില്ല. 18 വർഷങ്ങൾക്കിപ്പുറം നിന്ന് നോക്കുമ്പോൾ എന്തായിരുന്നു ഞങ്ങൾക്കിടയിലെ അടുപ്പം, അതിന്റെ പ്രത്യേകതകൾ ഒക്കെ വേർതിരിച്ച് കാണാനാകുന്നുണ്ട്. എപ്പോഴും മാറാൻ സാധ്യതയുള്ളതും നമുക്ക് തെരഞ്ഞെടുക്കാവുന്നതുമായ ലൈംഗിക സ്വത്വമാണ് ഏവരുടേതുമെന്നറിയാൻ സിമോൺ ദി ബുവയിലൂടെയും ജൂഡിത് ബട്‌ലറിലൂടെയുമൊക്കെ കടന്നുപോകേണ്ടി വന്നുവെന്നുമാത്രം.

## ശ്രീബാല കെ മേനോൻ



**1**. ഇതു വരെ ഞാൻ കണ്ടുമുട്ടിയ ലെസ്ബിയൻ/ഗേ ആളുകളിൽ ഭൂരിഭാഗവും അല്ലെങ്കിൽ മുഴുവനും അവർ ആ രീതിയിൽ സൃഷ്ടിക്കപ്പെട്ടത് കൊണ്ട് ഒരുപാട് എതിർപ്പുകൾക്കിടയിലും അങ്ങനെ ജീവിക്കാൻ തീരുമാനിച്ചവരാണ്. പരിഹാസങ്ങൾ ഏറ്റ് ഏറ്റ് മരവിച്ച് ഒരു ഘട്ടം എത്തുമ്പോൾ സമൂഹം എന്ത് ചിന്തിച്ചാലും എനിക്കൊന്നുമില്ല എന്ന നിസ്സംഗതയോടെ അതിനെ കൈകാര്യം ചെയ്യുന്നവരായിട്ടാണ് തോന്നിയിട്ടുള്ളത്.

**2**. ലെസ്ബിയനിസം രതിയോടു മാത്രമാണോ ബന്ധപ്പെട്ടിട്ടുള്ളത് എന്ന് ഞാൻ പലവട്ടം എന്നോട് തന്നെ ചോദിച്ചിട്ട് ഉത്തരം കിട്ടാതെ വന്ന ഒരു കാര്യമാണ്. ഇത് എപ്പോൾ ചർച്ച ചെയ്യുമ്പോഴും കഥകൾ എഴുതപ്പെടുമ്പോഴും ഇതിന്റെ പ്രേമപരമായ വശം മുങ്ങിപ്പോവുകയും രതിയുടെ അംശം മുന്നിട്ട് നിൽക്കുന്നതുമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്.എന്ത് കൊണ്ടാണ് അങ്ങനെ എന്ന ചോദ്യത്തിന് എനിക്ക് തൃപ്തികരമായ ഒരു ഉത്തരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ആണും പെണ്ണും തമ്മിലുള്ള പ്രേമത്തെപ്പോലെ ഇതിന്റെയും പല വശങ്ങൾ–തീവ്രമായ ഒരു സ്പിരിച്ച്യുവൽ അവയർനസ്സ് –എഴുതി വായിക്കപ്പെടേണ്ടിയിരിക്കുന്നു.

**3**. എന്റെ പഠനകാലം ഭൂരിഭാഗവും കോൺവെന്റുകളിൽ ആയിരുന്നു. പുരുഷൻമാരെ തീരെ പ്രവേശിപ്പിക്കാത്ത സ്ഥലങ്ങളായിരുന്നു. ഞാൻ ആദ്യമായി കണ്ടു ശീലിച്ചത് സ്ത്രീകൾ തമ്മിലുള്ള അനുരാഗമായിരുന്നു. സിനിമകളിൽ മാത്രമേ പുരുഷനും സ്ത്രീയും പ്രേമിക്കുന്നത് അന്ന് ഞാൻ കണ്ടിരുന്നുള്ളൂ. ഗേൾസ് സ്ക്കൂളിൽ ഒരു പെൺകുട്ടി മറ്റൊരു പെൺകുട്ടിയുടെ പേര് കൈയ്യിൽ ബ്ളേഡ് കൊണ്ട് എഴുതുകയും അത് ടീച്ചർമാർ കാണാതിരിക്കാൻ അതിന്റെ പുറത്ത് വാച്ച് കെട്ടുകയും അത് പഴുത്ത് ഒലിച്ച് ആ വേദനയിൽ ചിരിച്ചു നിൽക്കുന്ന കാഴ്ച എനിക്ക് ഒരിക്കലും മറക്കാൻ കഴിഞ്ഞിട്ടില്ല. ക്ലാസ്സ് കഴിയുമ്പോൾ സീനിയർ പെൺകുട്ടികൾ തങ്ങൾക്ക് താത്പര്യം തോന്നുന്ന ജൂനിയർ പെൺകുട്ടികളെ കാണാൻ ഫൈസ്റ്റാർ ചോക്ളേറ്റുമായി കാത്തു നിൽക്കുമായിരുന്നു. അവളുടെ പിരിയാണ് എന്ന് പറയുന്നതിനപ്പുറം അതിനെ ഒരു വലിയ തെറ്റായി അന്ന് അവിടെ ആരും കണ്ടിട്ടില്ല. ചില പെൺകുട്ടികൾ സിസ്റ്റർമാരുടെ പിരിയായി പൊതുവേ ആരോപിക്കപ്പെട്ടിരുന്നു. കോളേജിലെ ഒഴിഞ്ഞ മൂലകളിൽ രണ്ടു പെൺകുട്ടികൾ പ്രേമപൂർവ്വം ഇരിക്കുന്നതും അവരെ ശല്യപ്പെടുത്താതെ മറ്റുള്ളവർ മാറിപ്പോകുന്നതും എല്ലാം വളരെ സ്വാഭാവികമായിരുന്നു. അതിലെ സ്ത്രൈണത കൂടുതലുള്ള



സ്ത്രീ മറ്റവൾക്കായി ഒരുങ്ങി സുന്ദരിയായി വരുന്നതും അത് ഞങ്ങളെല്ലാവരും കണ്ടാസ്വദിക്കുന്നതും ചർച്ച ചെയ്യുന്നതും അവരെന്തോ വലിയ തെറ്റു ചെയ്യുന്നു എന്ന മട്ടിൽ അല്ലായിരുന്നു. ഇതെല്ലാം ചുറ്റിനും വളരെ സ്വാഭാവികമായി നടക്കുന്നത് കൊണ്ട് അതിൽ ആ കാലത്ത് ഒരു ത്രില്ല് എനിക്ക് തോന്നിയിട്ടില്ല. അവിടെയൊന്നും കാണാത്തത് ഒരു പുരുഷനെയായത് കൊണ്ട് ഈ സാധനം എങ്ങനെ

ഇരിക്കും എന്ന അന്വേഷണമായി രുന്നു കോളേജ് കാലം മുഴുവൻ. പുരുഷൻമാരെ കണ്ടു മതിയാ യതിനു ശേഷം ഇപ്പോൾ സ്ത്രീകളെക്കുറിച്ച് കാര്യമായി ഞാൻ ചിന്തിക്കാൻ തുടങ്ങിയിരി ക്കുന്നു. സ്നേഹിതയോട് മണി ക്കൂറുകളോളം പലതിനേയും കുറിച്ച് പ്രതേകിച്ച് ഒന്നിനുമ ല്ലാതെ സംസാരിച്ചിരിക്കുക, ഒരു മിച്ച് ലോകം മുഴുവൻ കാണാൻ പോവുക, ഒരു പുസ്തകം കോറൈറ്റ് ചെയ്യുക, എന്റെ പ്രിയ പ്പെട്ടവൾക്കായി വിഭവസമൃദ്ധമായ ഭക്ഷണം എന്റെ കൈകൊണ്ടു വെച്ച് വിളമ്പി സ്നേഹം പ്രകടി പ്പിക്കുക, സങ്കടം വരുമ്പോൾ അവളുടെ തോളിൽ ചാരിയിരുന്നു കരയുക, കൈയ്യും കൈയും പിടിച്ച് തെരുവുകളിലൂടെ വെറുതെ അലഞ്ഞ് നടക്കുക. ഇതിനെ ലെസ്ബിയൻ ഫാന്റസി യായി കണക്കാക്കാമെങ്കിൽ ഈ അവസ്ഥയിൽ ഇതാണ് എന്റെ ഫാന്റസി.

**4**. മനുഷ്യരിൽ, പ്രകൃതിയിൽ, ജീവിതത്തിൽ , വൈവിധ്യം അനു വദിക്കാൻ ബുദ്ധിമുട്ടുള്ള ഒരു കാലത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. എല്ലാത്തി നേയും ഒരു പോലെയാക്കി (നോർമലാക്കി എന്നും പറയാം) ഒരു യൂണിഫോമിറ്റി വരുത്തി യാൽ സമാധാനമായി എല്ലാ വർക്കും. ടി വി ആദ്യം ഒരു കാഴ്ച കാണിക്കും. ആ കാഴ്ച എല്ലാവരും പകർത്തും. രൂപ ത്തിൽ, ഭാവത്തിൽ, ജീവിതശൈലിയിൽ. എല്ലാത്തി നേയും ഒരു പോലെയാക്കാനുള്ള ഒരു വ്യഗ്രത ഈ വിധിയുടെ പിന്നിലും കാണുന്നു. വൈവിധ്യ ങ്ങളെ ആഘോഷിക്കാനുള്ള, അംഗീകരിക്കാനുള്ള ഒരു ഭയം. ഈ വിധി കൊണ്ട് ഗേകളും കഷ്ടം അനുഭവിക്കാൻ ഇടയു ള്ളത് കൊണ്ട് സത്രീയുടെ ലഭ്യ തയുടെ നേരെയുള്ള കടന്നു കയ റ്റമായി തോന്നുന്നില്ല.

**5**. സ്ക്കൂൾ കോളേജ് കാലം കഴിഞ്ഞതോടു കൂടി അത്തരം കാഴ്ചകൾ എന്റെ കണ്ണിൽ നിന്നും മാഞ്ഞു പോയി. ഇപ്പൊ അതിലേക്ക് ഒരു കാഴ്ച ലഭിക്കാ നുള്ള സന്ദർഭങ്ങളിൽ നിന്നും വളരെ അകലെയാണ് എന്റെ ജീവിതം സംഭവിച്ചു കൊണ്ടിരി ക്കുന്നത്. വീണ്ടും അത്തരം അനുഭവങ്ങളും കാഴ്ചകളും എന്നിലേക്ക് മടങ്ങിവരുകയാണെ ങ്കിൽ ഞാൻ തീർച്ചയായും അതി നെക്കുറിച്ച് എഴുതാൻ ആഗ്രഹി ക്കുന്നു. ആഗ്രഹവും അവസരവും ഒത്തു വരാത്തതു കൊണ്ടാണ് മറ്റുള്ളവരും എഴുതാത്തത് എന്ന് കരുതുന്നു. ചെറിയ ഒരു വൃത്തം വരച്ച് അതിനകത്ത് നൃത്തം ചെയ്യാനുള്ള സാധ്യതയല്ലേ ഇതു വരെ മലയാളത്തിലെ എഴുത്തുകാ രികൾക്ക് ലഭിച്ചിട്ടുള്ളൂ. വൃത്തം മായും. നൃത്തം ഉഷാറാവും. കാലം അതിവിദൂരമല്ല. അന്ന് എഴുതാൻ മലയാള ഭാഷയും വായിക്കാൻ മലയാളം അറിയുന്ന വരും ശേഷിക്കുമെങ്കിൽ.

**6**. പ്രോതിമ ബേദി (മരിച്ചില്ലായി രുന്നെങ്കിൽ)

•



സംഗീത





**1**. 'ലെസ്ബിയനിസം' എന്ന വാക്ക് രണ്ട് സ്ത്രീകൾ തമ്മിലുള്ള രൂഢമൂലമായ ബന്ധത്തെ സൂചിപ്പിക്കുന്നു എന്നുവരുകിൽ, യഥാർത്ഥ ലെസ്ബിയനിസത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രേരണയോ, പ്രേരകശക്തിയോ പ്രവർത്തിക്കുന്നുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല.

**2**. ഇത് തികച്ചും വ്യക്തിപരമായ 'ചോയ്സ്' ആണ്. ഇതാണ് എന്റെ 'ചോയ്സ്' എന്ന ബോദ്ധ്യപ്പെടുന്ന വ്യക്തിക്ക് പ്രത്യയശാസ്ത്രങ്ങളേയോ, സിദ്ധാന്തങ്ങളേയോ കുറിച്ച് വേവലാതിപ്പെടേണ്ട ആവശ്യമില്ല. ഇത് എന്റെ ജീവിതമായതുകൊണ്ട് എനിക്ക് ശരിയെന്ന് തീവ്രമായി തോന്നുന്ന ഒന്ന്, ഞാൻ ചെയ്തേ മതിയാകൂ.

**3**. സത്യത്തിൽ ഒരു ആൺ-പെൺ കൂട്ടായ്മയിലാണ് എനിക്ക് ഭംഗിതോന്നിയിട്ടുള്ളത്. ഒരു പക്ഷേ, ഇത് എന്റെ ആശയം ആയിരിക്കാം. അഥവാ ലൈംഗികതയേയും അതിന്റെ വ്യഥകളേയും ദീനതകളേയും കുറിച്ചുള്ള എന്റെ കാഴ്ചപ്പാട് ആയിരിക്കാം. എന്നാൽ സ്വവർഗ്ഗാനുരാഗികളിൽ എന്തെങ്കിലും വൈചിത്ര്യം ഞാൻ കാണുന്നില്ല. ഇത് മനുഷ്യർ തമ്മിലുള്ളതാണ്. ഞാൻ ഒരു പുരുഷനിലാണ് ആകൃഷ്ടനാകുന്നത് എങ്കിൽ എന്റെ സുഹൃത്ത്, ഒരു സ്ത്രീ, അവളുടെ 'ഫാന്റസി' കളുടെ പൂർത്തീകരണം ഒരു സ്ത്രീയിലായിരിക്കാം കാണുന്നത്. എന്റെ രീതിയാണ് ശരിയെന്നും മറ്റേത് തെറ്റാണെന്നും എങ്ങനെയാണ് നിങ്ങൾക്ക് പറയാൻ കഴിയുക. ഒരു ബന്ധത്തിന്റെ ഉത്പാദനക്ഷമതയാണ് തീരുമാനത്തിന്റെ ഘടകമെങ്കിൽ ഒരു ജീവനെക്കൂടി ഈ ചീഞ്ഞുനാറിയ വ്യവസ്ഥയിലേക്ക് കൊണ്ടുവരുന്നതിൽ ഒരർത്ഥവും ഞാൻ കാണുന്നില്ല എന്നതിനാൽ ഒരു ഉപരിവീക്ഷണത്തിന്റെ സമയം അതിക്രമിച്ചിരിക്കുന്നു എന്ന് എനിക്ക് തോന്നുന്നു. എന്നാൽ എന്നും സ്ത്രീ സൗന്ദര്യത്തെ ഞാൻ ആരാധിച്ചിരുന്നു- സ്ത്രീയുടെ ശരീരശാസ്ത്രമാണ് പ്രാഥമികമായ ലൈംഗികതയെ ഉണർത്തുന്നതിൽ പ്രഥമം എന്നത്. ഇത് നമ്മുടെ മസ്തിഷ്കത്തിൽ അതിപുരാതന കാലം മുതൽ 'എൻകോഡ്' ചെയ്യപ്പെട്ടിരിക്കുന്നു എന്നതിനാൽ സംശയമില്ലാത്ത കാര്യമാണ്.

**4**. ഇത് മൂഢത്വമാണ്. പരമോന്നത സമിതിയുടെ അറിവില്ലായ്മയാണ് ഇത് കാണിക്കുന്നത് എന്നു പറയുന്നതിൽ എനിക്ക് ഖേദമുണ്ട്.

**5**. ഞാനൊരു ലെസ്ബിയൻ ആയിരുന്നെങ്കിൽ തീർച്ചയായും ഞാനൊരു കഥയെഴുതുമായിരുന്നു.

**6**. തീർച്ചയായും; ഞാൻ സാറാ ജോസഫിനെ കൂടെക്കൂട്ടുവാൻ ഇഷ്ടപ്പെടുന്നു. ഞാൻ അവരുമായി ഗാഢമായ സ്നേഹത്തിലാണ്.


## ഗാർഗി



**1**. ലെസ്ബിയനിസത്തെ ഒരു പ്രതിഷേധമെന്ന നിലയ്ക്കോ ഒരു (ബൗദ്ധികമായ) തീരുമാന പ്രകാരം നടത്തുന്ന സ്വീകരണം എന്ന നിലയ്ക്കോ കാണാൻ ബുദ്ധിമുട്ടുണ്ട്. എന്തെന്നാൽ, എന്റെ സ്വവർഗ്ഗാനുരാഗികളായ കൂട്ടുകാർക്ക് പ്രേമം അനുഭവപ്പെടുന്നത് മറ്റാരുടേയും പോലെ തന്നെ ശരീരത്തിലാണ്. ഇത് മറ്റൊരുപാട് ജീവികളിൽ, പ്രകൃതിയിൽ, തലമുറകളായി ഉള്ളതാണ്, ആഗ്രഹമുണ്ടായിട്ടു പോലും തടുക്കാൻ പറ്റാത്ത ഒരു പ്രേരണയാണ്. ജീവിതത്തിൽ എന്ത് ചെയ്യണമെന്നു തീരുമാനിക്കാൻ പറ്റുന്നവരല്ല പലപ്പോഴും അവർ. സ്വന്തം തീരുമാന പ്രകാരം ലെസ്ബിയൻ ആയവർ ഇല്ലെന്നല്ല,പക്ഷേ ഭൂരിഭാഗത്തിന്റെ കാര്യം അതാണെന്ന് തോന്നുന്നില്ല.

**2**. ആരാണ് യഥാർഥ ഫെമിനിസ്റ്റ്, എന്താണ് ലെസ്ബിയൻ ബോധം എന്നൊക്കെ സംശയങ്ങൾ ഉണ്ട്. എല്ലാ മനുഷ്യരും ബൈ സെക്ഷ്വൽ ആണെന്നതും പലപ്പോഴും കേൾക്കാറുള്ള ഒരു വാദമാണ്. പ്രേമത്തെ ആളുകൾ തിരിച്ചറിയുന്നത് കാമുകിയുടെ/ കാമുകന്റെ ലിംഗത്തോട് മാത്രം ബന്ധപ്പെട്ട ഒരു വിഷയമായാണെന്ന് എനിക്ക് തോന്നുന്നില്ല (അത് ആണായാലും പെണ്ണായാലും) . ഏതെങ്കിലും തരത്തിൽ അങ്ങിനെ ബന്ധപ്പെടുത്താൻ ശ്രമിക്കുന്നത്(അത് ലെസ്ബിയനിസമെന്നാണെങ്കിലും) ഫെമിനിസത്തിന്റെ തന്നെ വിശാലമായ നിർവ്വചനങ്ങൾക്ക് എതിരായി വരും എന്നും തോന്നുന്നു.

**3**. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിലെ പല നിയമങ്ങളും (ഇപ്പറയുന്ന 377 ഉം) നമ്മളെ അടിമകളാക്കി വച്ചിരുന്നവർ അധികാരം നിലനിർത്താൻ വേണ്ടി ഉണ്ടാക്കിയതിൽ നിന്ന് കൈമാറി വന്നതാണ് എന്നത് മറക്കാൻ കഴിയില്ല. മൊത്തം നിയമാവലി എടുത്തു നോക്കുകയാണെങ്കിൽ വിചിത്രവും പരിഹാസ്യവുമായ അനേകം വ്യവസ്ഥകൾ നിറയെ കാണാം. 60 വർഷത്തോളം മാത്രം പ്രായമായ, പുനർനിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഒരു



രാജ്യത്തിന്റെ സ്വാഭാവികമായ പോരായ്മകൾ എന്ന നിലയിൽ ഇതിനെ കാണുന്നതാവും ക്രിയാത്മകം. സ്വകാര്യമുറിയിലെ സ്വവർഗ്ഗരതി (ആണിന്റെയും പെണ്ണിന്റെയും) 1861 മുതൽ തന്നെ കുറ്റകരമായിരുന്ന രാജ്യത്ത് ഈ നിയമം നടപ്പിലാക്കുന്നതിനെതിരെ താല്ക്കാലികമായ ഒരു 'സ്റ്റേ' മേടിക്കുകയാണ് നാസ് ഫൌണ്ടേഷൻ എന്ന എൻ.ജി.ഒ ചെയ്തത്. സ്റ്റേ പിൻവലിക്കുമ്പോൾ കോടതി സ്തീകൾക്കോ പുരുഷന്മാർക്കോ അല്ല, പ്രകൃതിയ്ക്ക് തന്നെ എതിരു നില്ക്കുന്ന നിലപാടാണ് എടുത്തത്. എന്നാൽ നിയമ പുനർനിർമ്മാണം എന്ന വഴി പൂർണ്ണമായി അടയ്ക്കപ്പെട്ടിട്ടുമില്ല.

**4**. ഓരോരോ സമൂഹവും ആശയങ്ങളോടും ജീവിതരീതികളോടും പെരുമാറുന്ന, സ്വീകരിക്കുന്ന രീതികൾ വ്യത്യസ്ഥം എന്നാണു ഞാൻ കരുതുന്നത്. കേരളത്തിൽ പല സമുദായങ്ങളിലും ലിംഗപരമായ തരം തിരിവ് പണ്ട് മുതലേ നിലവിലുള്ള ഒന്നായിരുന്നു എന്നാണ് കേൾവി. അങ്ങിനെ ജീവിച്ചിരുന്ന ഒരു സമൂഹത്തിൽ പരസ്പരം അറിയാതെയും സ്പർശിക്കാതെയും സ്ത്രീകളും പുരുഷന്മാരും കഴിഞ്ഞിരുന്നു എന്ന് ഉറപ്പിക്കാൻ നല്ല ഭാവന തന്നെ വേണം. സമൂഹത്തിനിടയിൽ രഹസ്യമായും പരസ്യമായും നിലനിൽക്കുന്ന സ്വവർഗ്ഗാനുരാഗികളും മറ്റും (കുണ്ടന്മാരെന്നും ഹിജഡകളെന്നും തുടങ്ങി LGBT സമൂഹത്തിൽ പെടുന്നവർ) തൊടാത്ത 'ശുദ്ധമായ' ഒരു സാധനമായി സാഹിത്യം നിലനിൽക്കുന്നത് സാഹിത്യത്തിനു തന്നെ ഒരു ഭീഷണിയാണ്, ഇതിൽ സ്ത്രീകളോ പുരുഷന്മാരോ കുറ്റക്കാരല്ല. വ്യവസ്ഥയെ ധിക്കരിക്കുക എന്നതിലുപരി ജീവിതാനുഭവങ്ങളെ സത്യസന്ധമായി ക്രിയാത്മകമായി പ്രതിഫലിപ്പിക്കാൻ സാഹിത്യത്തിനു കഴിയും എന്നും ജനാധിപത്യവൽക്കരണം അതിൽ കൂടുതലായി നടക്കുമെന്നുമാണ് എന്റെ പ്രത്യാശ. ●

## കുഞ്ഞില മാസ്സിലാമണി ഹെന്റി



**1**. ആയിരിക്കാം. പക്ഷേ അതിന്റെ പ്രസക്തി ഇതിലാണെന്ന് കാണേണ്ട കാര്യമില്ല. ഒരാളുടെ ലൈംഗിക അഭിരുചി അവരുടെ വ്യക്തിത്വത്തിന്റെ ഭാഗമാണ്. തന്റെ ചിരിയെപ്പറ്റിയോ വസ്ത്രധാരണത്തിനെപ്പറ്റിയോ ചിന്തിക്കുന്നതുപോലെ സമീപിക്കേണ്ട സംഗതിയാണ് ഇതും. അതിന് സാമൂഹിക ചുറ്റുപാടുകൾ കാരണം കൈവരുന്ന മാനം secondary ആണ്. അത് പ്രാധാന്യമർഹിക്കുന്നില്ല എന്നല്ല. പക്ഷേ ഒന്നിനെ സ്വാഭാവികമായി കണക്കാക്കുന്നതിലൂടെയാണ് പ്രധാനമായും ആചാരങ്ങൾ മാറുന്നത്.

**2**. രാഷ്ട്രീയപരമായി സ്വവർഗലൈംഗികതയെ സമീപിക്കുമ്പോൾ പ്രകടമായ കാര്യങ്ങൾ മാത്രമേ എന്തിനെങ്കിലും മാനദണ്ഡമായി സ്വീകരിക്കാൻ കഴിയൂ എന്ന് തോന്നുന്നു. അങ്ങനെ നോക്കുമ്പോൾ പ്രേമം എന്നത് ഒരു മാനദണ്ഡമാണോ എന്ന് സംശയമുണ്ട്. ഇവിടെ ലൈംഗികത മാത്രമാകുന്നു വിഷയം. സ്ത്രീകളെ സ്നേഹിക്കുന്നതു കൊണ്ടാവണമല്ലോ സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി സംസാരിക്കുന്നത്. പക്ഷേ അത് പ്രസക്തമാണോ? മനസ്സിൽ എന്താണ് നടക്കുന്നത് എന്നത് രാഷ്ട്രീയത്തിൽ പ്രസക്തമാണ് എന്ന് തോന്നുന്നില്ല.

**3**. പലപ്പോഴും തോന്നിയിട്ടുണ്ട്. ഇരുപത്തിരണ്ടാം വയസ്സിലാണ് ഞാൻ heterosexual അല്ല bisexual ആണ് എന്ന് തിരിച്ചറിയുന്നത് തന്നെ. പല കൂട്ടുകാരികളെക്കുറിച്ചും ഫാന്റസികളുണ്ടായിട്ടുണ്ട്. കൊടും അനുരാഗം തോന്നുകയും എന്നാൽ ഫാന്റസികളൊന്നുമില്ലാതിരിക്കുകയും ചെയ്തിട്ടുണ്ട് പലപ്പോഴും. മോണിക്കവിറ്റി എന്ന നടിയോടാണ് അവസാനമായി ലെസ്ബിയൻ ഫാന്റസി തോന്നിയത്.

**4**. ലെസ്ബിയനിസത്തിന് മാത്രമല്ല, homosexualityക്ക് മുഴുവനെതിരെയാണ് സുപ്രീം കോടതി. അതുകൊണ്ട് അങ്ങനെ അതിനെ കാണാൻ കഴിയില്ല. അതുമുണ്ടാവാം എന്നേയുള്ളു. യാഥാസ്ഥിതികരീതികളിൽ നിന്ന് പുറത്തു വരാൻ നിയമം എന്നത്തേയും പോലെ സമയമെടുക്കുന്നു എന്നാണ് എനിക്ക് തോന്നിയത്.

**5**. ആണുങ്ങളുടെ ഭാവനയിൽ സ്ത്രീകളെക്കുറിച്ച് എന്തും സാധ്യമാണ്. അതുകൊണ്ടുതന്നെ അവർക്ക് ആത്മവിശ്വാസത്തോടെ സ്ത്രീലൈംഗികതയക്കുറിച്ച് അധികാരത്തോടെ സംസാരിക്കാൻ കഴിയുന്നു. എന്നാൽ ലൈംഗികതയെക്കുറിച്ച് സംസാരിക്കുക എന്നത് തന്നെ പെണ്ണെഴുത്തുകാർ വഴക്കിട്ട് നേടിയെടുത്ത ഒരു സംഗതിയാണ്. അതിൽത്തന്നെ തുറന്നെഴുത്തുകൾ വരാൻ സമയം ഇനിയും കഴിയും എന്നാണ് തോന്നുന്നത്. അത് ഒന്നിന്റേയും കുറവായി തോന്നുന്നില്ല. സ്വാഭാവികമായ ഒരു മന്ദഗതി.

**6**. അരുന്ധതിറോയ്.

ഉപ്പും മുളകും



ഗീത

# ആണുങ്ങളുടെ മാത്രം പാർട്ടി ആപ്പീസുകൾ

കേരളത്തിലെ മുഖ്യധാരാരാഷ്ട്രീയപാർട്ടികൾ സ്വന്തം അധികാരപരത വീണ്ടും വീണ്ടും ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

എന്തിനാണ് ഒരു രാഷ്ട്രീയ സംഘടനക്ക് ആപ്പീസ്? ആർക്കുള്ളതാണത്? അതതു പാർട്ടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെപ്പറ്റി ആലോചിക്കുക, ഭാവിപ്രവർത്തനം ആസൂത്രണം ചെയ്യുക, ജനങ്ങളുടെ (സ്വന്തം അണികളുടെയെങ്കിലും) സങ്കടങ്ങൾക്കു പരിഹാരം കാണുക എന്നിരുന്ന സുതാര്യവും ജനാധിപത്യപരവുമായ രാഷ്ട്രീയ പ്രവർത്തനത്തിലുള്ള സ്ഥലമാണത്. ഈ പാർട്ടി ആപ്പീസുകളിൽ നിന്നാണ് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള മന്ത്രിമാരും ജനപ്രതിനിധികളും നിയമനിർമ്മാണസഭകളിലേക്കു കയറിപ്പോകുന്നത്. സംശയമില്ല ജനാധിപത്യത്തിന്റെ ബാലപാഠങ്ങൾ അഭ്യസിപ്പിക്കപ്പെടേണ്ടത് പാർട്ടി ആപ്പീസുകളിൽത്തന്നെയാണ്.

എന്നാൽ കേരളത്തിലെ പാർട്ടി ആപ്പീസുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണ്? ഗൂഢാലോചനകൾക്കും കുറ്റവാളികൾക്കുമുള്ള ഒളിത്താവളങ്ങളായി പാർട്ടി ആപ്പീസുകൾ ഇവിടെ മാറിക്കഴിഞ്ഞിരിക്കുന്നുവെന്നു സമീപകാല അനുഭവങ്ങൾ വ്യക്തമാക്കുന്നു.

ടി.പി.ചന്ദ്രശേഖരനെ നിഷ്ഠൂരമായി കൊല്ലാൻ തീരുമാനമായത് സി.പി.എമ്മിന്റെ ഒന്നിലേറെ പാർട്ടി ആപ്പീസുകളിൽവെച്ചായിരുന്നുവെന്ന് കോടതിവിധിയിലൂടെ മനസ്സിലാക്കാം. കൊലപാതകികളെ ഒളിപ്പിച്ചത് പാർട്ടി ആപ്പീസുകളിലായിരുന്നു. വിധി വരുന്നതിനും മുമ്പും അതിനുശേഷവും കൊലപാതകികളായ പ്രതികൾക്കുവേണ്ടി ജയിലിൽപ്പോകാനും തുടർന്നു കേസുനടത്താനുമുള്ള ധാർഷ്ട്യം സ്വരൂപിക്കുന്നത് പാർട്ടി ആപ്പീസുകളിൽ നിന്നു തന്നെയാണല്ലോ.

ഒരു പാർട്ടിയല്ലേ ഉള്ളൂ അങ്ങനെയെന്നു വിചാരിച്ചു സമാധാനിക്കാനാവില്ല. നിലമ്പൂർ കോൺഗ്രസ്സ് ആപ്പീസിലെ രാധയുടെ കൊലപാതകവുമായി ബന്ധപ്പെട്ട ചർച്ചകളും ഇതുതന്നെ നമ്മെ ബോധ്യപ്പെടുത്തുന്നു. രാധ കൊലചെയ്യപ്പെട്ടതു കോൺഗ്രസ്സ് ആപ്പീസിൽ വെച്ചാണെന്നും അല്ലെന്നും പറയപ്പെടുന്നു. കോൺഗ്രസ്സ് ആപ്പീസിൽ അവരുടെ ജഡം സൂക്ഷിച്ചുവെന്ന് പ്രതികൾ സമ്മതിക്കുന്നു. ആപ്പീസ് സെക്രട്ടറിയാണു താനും മുഖ്യപത്രി.

ഒന്നിനൊന്നു നീചവും നിന്ദ്യവും ഭയാനകവുമായ വാർത്തകളാണ് കേരളത്തിലെ രാഷ്ട്രീയപാർട്ടി ആപ്പീസുമായി ബന്ധപ്പെട്ടു പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ചില സംശയങ്ങൾ സംഗതമാണ്. ടിപി വധം ആസൂത്രണം ചെയ്ത പാർട്ടി ആപ്പീസു ചർച്ചകളിൽ ഏതെങ്കിലും ഒരു സി. പി.എം കാരി പങ്കെടുത്തിരുന്നുവോ? രാധയുടെ ജഡം പാർട്ടി ആപ്പീസിൽ ഒളിച്ചുവെച്ചത് ഏതെങ്കിലുമൊരു കോൺഗ്രസ്സ് പ്രവർത്തക അറിഞ്ഞിരുന്നുവോ? ഇത്തരം ഹിംസകളിൽ സ്ത്രീപങ്കാളിത്തം ഒരവകാശമെന്ന തരത്തിൽ ഉറപ്പിച്ചെടുക്കുകയല്ല ഇതെഴുതുന്നതിന്റെ ലക്ഷ്യം. സ്ത്രീക്ക് അർഹമായ പ്രാതിനിധ്യവും സാന്നിധ്യവുമുണ്ടായിരുന്നെങ്കിൽ ഇത്തരം വലിയ രാഷ്ട്രീയ പാർട്ടികൾ കുറേക്കൂടി ജനാധിപത്യപരവും മാനുഷികവുമായി പെരുമാറാൻ നിർബന്ധിതമായേനെ എന്നാണു വിവക്ഷ.

തികച്ചും ആൺകളിയുടെ മാത്രം ........കേരളത്തിലെ പാർട്ടി ആപ്പീസുകൾ മാറിക്കഴിഞ്ഞിരിക്കുന്നു. വിയോജിച്ചുപോയ ഒരു വ്യക്തിയുടെ കൊലപാതകം ആസൂത്രണം ചെയ്യാനും കൊലപാതകികളെ ഒളിച്ചുതാമസിപ്പിക്കാനുമുള്ള ഒരിടമാണോ/ആകേണ്ടതുണ്ടോ പാർട്ടി ആപ്പീസ്? നിസ്സഹായയും നിർദ്ധനയുമായ ഒരു തൊഴിലാളിസ്ത്രീയെ കൊല്ലാനും അവരുടെ ജഡം സൂക്ഷിക്കാനുമുള്ള ഒളിസങ്കേതമാണോ/ആകേണ്ടതുണ്ടോ ഒരു പാർട്ടി ആപ്പീസ്?

കഷ്ടം! അധികാരത്തിന്റെ മത്തു പിടിച്ച പുരുഷന്മാർ ഇത്തരത്തിൽ ക്രൂരവും മനുഷ്യത്വരഹിതവുമായ പേകൂത്തുകൾ നടത്തി സ്ത്രീജീവിതം കൂടുതൽ ദുസ്സഹമാക്കിയിരിക്കുന്നു. അതതു സംഘടനകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ കുറേക്കൂടി ത്യാഗബുദ്ധിയും ജാഗ്രതയും തെളിയിച്ചിരുന്നെങ്കിൽ എന്നാഗ്രഹിച്ചുപോകുന്നു. നേതാക്കന്മാരോട് വിധേയപ്പെട്ട് വ്യക്തിത്വവും തന്റേടവും അടിയറവുവെച്ച സ്ത്രീകളെക്കൊണ്ട് ആർക്കെന്തു പ്രയോജനം? അവർക്കും ആണുങ്ങളെപ്പോലെ പെരുമാറുന്നു മന്ത്രിയോ എം. എൽ.എയോ ആകാം എന്നുമാത്രം. ഇത്രയുമെഴുതുമ്പോൾ തോന്നുന്നത്. ജീവശാസ്ത്രപരമായ ന്യായീകരണങ്ങൾക്കപ്പുറത്തുള്ള സ്ത്രീയെ തിരിച്ചറിയുന്ന സാമൂഹികതയിലേക്കു വികസിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ്.

ചന്ദ്രമതി



കഥ

**സിഡോണി ഗബ്രിയേൽ കൊലെത്ത്** (1873 - 1954)
ശരീരത്തിന്റെ രഹസ്യങ്ങൾ തേടിപ്പോയ ഫ്രഞ്ച് എഴുത്തുകാരി. സ്ത്രീകൾ തമ്മിലുള്ള പ്രേമം തുടക്കം മുതലേ കൊലെത്തിന്റെ എഴുത്തിലെ പ്രധാനപ്പെട്ട വിഷയമായിരുന്നു. തന്റെ പ്രകൃതത്തോട് നീതിപുലർത്തി, കൊലെത്ത് സ്വവർഗപ്രണയത്തെ അത്യുദാത്തമായ ഒരു വികാരമായി കാണുന്നു. തീർത്തും പരിഷ്കൃതവും എപ്പോഴും സ്വയം പരിഷ്കരിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വികാരമാണ് കൊലെത്തിനെ സംബന്ധിച്ചിടത്തോളം ലെസ്ബിയനിസം.

# ഉറങ്ങാത്ത രാവുകൾ




**നമ്മുടെ** വീട്ടിൽ ഒരു കിടക്കയേയുള്ളൂ. നിനക്ക് തനിച്ചുപയോഗിക്കാൻ വളരെ വലുത്. നമുക്ക് ഒരുമിച്ചാണെങ്കിൽ ഒരല്പം ഇടുങ്ങിയത്. പരിശുദ്ധം. ശുഭ്രം, വിവൃതം. പകൽസമയത്ത് അലങ്കാരത്തുണികളൊന്നും തന്നെ അതിന്റെ തുറന്ന സത്യസന്ധതയെ മറയ്ക്കുന്നില്ല. നമ്മെ കാണാൻ വരുന്ന ആൾക്കാർ കിടക്കയെ ശാന്തമായി നോക്കും; നയത്തിൽ ഒരു വശത്തേക്കു നോക്കുകയില്ല. കാരണം അതിന്റെ ഒത്ത നടുക്ക് മൃദുവായൊരു താഴ്വരയുണ്ട്, ഒറ്റക്കുറങ്ങുന്ന ഒരു പെൺകുട്ടിയുടെ കിടക്കപോലെ.

ഇവിടെ കടന്നുവരുന്നവർക്കറിയാത്ത ഒരു വസ്തുതയുണ്ട്. ഓരോ രാവിലും ഒന്നായി മാറുന്ന നമ്മുടെ ശരീരങ്ങളാണ് കാമം തുടിക്കുന്ന വിരികൾക്കിടയിലുള്ള ഒരു ശവക്കുഴിയെക്കാൾ ഒട്ടും വീതിയില്ലാത്ത, ആ താഴ്വരയുടെ ആഴം കൂട്ടുന്നത്.

ഹാ, നമ്മുടെ കിടക്ക, അലങ്കാരങ്ങളൊന്നുമില്ലാത്തത്! മുകളിൽ അല്പം ചരിഞ്ഞുനിൽക്കുന്ന, പ്രകാശമുള്ള വിളക്ക് അതിനെ കൂടുതൽ നഗ്നമാക്കുന്നു. സന്ധ്യാനേരത്തുപോലും ചിത്രപ്പണി ചെയ്ത മേൽക്കട്ടിയുടെ തണലോ ചുവന്ന ശംഖു പോലെ തിളങ്ങുന്ന രാവിളക്കോ ഇവിടെ കാണാനുണ്ടാവില്ല. ഉദിക്കുകയോ

അസ്തമിക്കുകയോ ചെയ്യാതെ ഉറച്ചു നിൽക്കുന്ന നക്ഷത്രം പോലെ, രാവിന്റെ പതുപതുപ്പുള്ള ആഴങ്ങളിലേക്കു വീഴുന്ന സമയമൊഴികെ എല്ലായ്പ്പോഴും നമ്മുടെ കിടക്ക പ്രകാശിച്ചു നിൽക്കുന്നു.

പ്രിയപ്പെട്ട ഒരാളിന്റെ മൃതശരീരം പോലെ വെളുത്തനിറത്തിൽ അനക്കമറ്റ അതിനുചുറ്റും ഒരു സുഗന്ധമുണ്ട്. അതിശയിപ്പിക്കുന്ന സുഗന്ധം! നിന്റെ പ്രിയപ്പെട്ട പുകയിലയുടെ നിറംകുറഞ്ഞ സത്തിൽ നിന്നും അതിലും കുറഞ്ഞ തോതിൽ നിന്റെ വെളുത്ത തൊലിയിൽ നിന്നു വരുന്ന മണത്തിൽ നിന്നും ഞാൻ പ്രസരിപ്പിക്കുന്ന ചന്ദനഗന്ധത്തിൽ നിന്നും അതിനെ വേർതിരിച്ചെടുക്കാൻ ഏതൊരാൾക്കും ശ്രദ്ധാപൂർവ്വം ശ്വാസം ഉള്ളിലേക്കെടുക്കേണ്ടതുണ്ട്. പക്ഷേ ചതഞ്ഞപുല്ലിന്റേതുപോലുള്ള ആ വന്യമണം എന്റേതോ നിന്റേതോ എന്ന് ആർക്ക് പറയാനൊക്കും?

ഞങ്ങളുടെ കിടക്കേ, ഈ രാവിലും ഞങ്ങളെ സ്വീകരിക്കുക. തോട്ടത്തിലും കാട്ടിലുമായി ചെലവഴിച്ച വസന്തദിനത്തിന്റെ ആനന്ദം  പകർന്നുതന്ന അമിതാവേശമുള്ള ചുഴലിക്കാറ്റിനു കീഴിലായി നിന്റെ പുതുമയുള്ള താഴ്വാരം അല്പംകൂടി ആഴമുള്ളതാക്കുക.

നിന്റെ സൗമ്യമായ ചുമലിൽ തലചായ്ച് ഞാൻ ചലനമില്ലാതെ കിടക്കുന്നു. തീർച്ചയായും നാളത്തെ ദിവസം വരെ ഞാൻ ഇരുണ്ട ഒരുറക്കത്തിന്റെ അഗാധതയിലേക്കു താഴും. ലോകത്തെ മുഴുവൻ കൊട്ടിയടച്ചു പുറത്താക്കുന്നത്ര ശാഠ്യമുള്ള ആ ഉറക്കത്തിൽ സ്വപ്നങ്ങൾ പോലും വെറതേ ചിറകടിച്ചു മടങ്ങുകയേയുള്ളൂ. ഞാനുറങ്ങാൻ പോകുന്നു... നൊന്തു വിറയ്ക്കുന്ന, തരിച്ചുകയറുന്ന കാലിന്റെ അടിവശങ്ങൾക്ക് ഒരു തണുത്ത സ്ഥലം കണ്ടെത്തുന്ന താമസം മാത്രം.... നീ അനങ്ങിയിട്ടില്ല. വായുവിന്റെ വലിയ വീചികളെ നീ വലിച്ചെടുക്കുന്നു. പക്ഷേ നിന്റെ ചുമലുകൾ ഉണർന്നിരിക്കുന്നതുപോലെ, എന്റെ കവിളുകൾക്കു വിശ്രമസ്ഥലം തരാൻ ശ്രദ്ധിക്കുന്നതുപോലെ തോന്നുന്നു. നമുക്കുറങ്ങാം... മേയ്മാസ രാവുകൾക്കു ദൈർഘ്യം കുറവാണ്. നമ്മെ കുളിപ്പിക്കുന്ന നീല ദുരൂഹതക്കിടയിലും എന്റെ കൺപീലികളിൽ സൂര്യവെളിച്ചം നിറഞ്ഞുനിൽക്കുന്നു. പേർഷ്യൻ ജാലകത്തിരശ്ശീലയുടെ ഒളിവിൽ നിന്നുകൊണ്ട് വേനൽക്കാലത്തെ പൂന്തോപ്പിനെ ഉറ്റുനോക്കുന്ന ഒരാളെപ്പോലെ ഞാൻ പിന്നിട്ട ദിവസത്തെക്കുറിച്ച് അടഞ്ഞ കണ്ണുകൾക്കുപിന്നിൽ ചിന്തിച്ചുകിടക്കുന്നു.

എന്റെ ഹൃദയം എത്ര ശക്തമായാണു മിടിക്കുന്നത്! എന്റെ ചെവിക്കിടയിൽ നിന്റെ ഹൃദയം സ്പന്ദിക്കുന്നതെനിക്കു കേൾക്കാം. നീ ഉറങ്ങുകയല്ലെന്നുണ്ടോ? തല മെല്ലെയുയർത്തി ഞാൻ നിന്റെ മലർത്തിവെച്ച മുഖത്തിന്റെ വിളർച്ചയെ നിന്റെ മുടിയുടെ തവിട്ടുനിറമുള്ള നിഴലിനെ കാണുന്നതിനേക്കാളേറെ അറിയുന്നു. നിന്റെ കാൽമുട്ടുകൾ രണ്ടുതണുത്ത ഓറഞ്ചുകൾ പോലെ... എന്റെ നേർക്കു തിരിഞ്ഞുകിടക്കൂ. നിന്റെ മിനുസമാർന്ന പുതുമ ഞാൻ കവർന്നെടുക്കട്ടെ.

ഹാ, നമുക്കുറങ്ങാം!... എന്റെ തൊലി വിറയ്ക്കുകയാണ്. മുട്ടിനു താഴെയുള്ള പേശികളിലും ചെവിക്കുള്ളിലും ഒരു തുടിപ്പ്! നമ്മുടെ മൃദുത്വമാർന്ന കിടക്കയിൽ ഇന്നത്തേക്ക് പൈൻമരത്തിന്റെ സൂചികൾ വിതറിയിരിക്കുന്നു! നമുക്കുറങ്ങാം! ഉറക്കത്തിനോട് വരാൻ ഞാനാജ്ഞാപിക്കുന്നു.

എനിക്കുറങ്ങാനാവുന്നില്ല. സന്തോഷവും ഉണർവുമുള്ള ഒരുതരം ഹൃദയമിടിപ്പായി എന്റെ ഉറക്കമില്ലായ്മ! നിന്റെ നിശ്ചലതയിൽ അതുപോലെ തന്നെ വിറയലുള്ള ഒരുതരം ക്ഷീണമുണ്ടെന്നു ഞാനറിയുന്നു. നീ അനങ്ങുന്നില്ല. ഞാനുറങ്ങുകയാണെന്ന് നീ വിചാരിക്കുന്നു. ഇടയ്ക്കിടെ നിന്റെ പിടുത്തം മുറുകുന്നു. അതു നിന്റെ ആർദ്രമായ സ്വഭാവമാണല്ലോ. നിന്റെ മനോഹരങ്ങളായ പാദങ്ങൾ അവയ്ക്കിടയിൽ എന്റെ പാദങ്ങളെ ചേർത്തുപിടിച്ചിരിക്കുന്നു. ഉറക്കം എന്നെ ഉരുമ്മിയിട്ട് ഓടിപ്പോവുകയാണ്. എനിക്കതു കാണാൻ കഴിയുന്നുണ്ട്. ഒരു നിറഞ്ഞ തോട്ടത്തിൽ ഞാൻ പിന്നാലെ ഓടിയ മിനുസമുള്ള പൂമ്പാറ്റയാണ് ഉറക്കം. അതു നിനക്കോർമ്മയില്ലേ? യൗവ്വനത്തിന്റെ അക്ഷമ സൂര്യപ്രകാശം നിറഞ്ഞ ആ ദിവസത്തെ എന്തു മാത്രം മനോഹരമാക്കി! നിർബന്ധബുദ്ധിയുള്ള സൂക്ഷ്മമായൊരു കാറ്റ് അന്നുണ്ടായിരുന്നു. അത് വേഗം ചലിക്കുന്ന മേഘങ്ങളെ സൂര്യനുമേലേക്കെറിഞ്ഞ് ഒരു പുകമറ സൃഷ്ടിക്കുകയും ലിൻഡൻ മരങ്ങളുടെ തളിരിലകൾ പൊഴിക്കുകയും ചെയ്തു. ബട്ടർനട്ട് മരത്തിന്റെ പൂവുകൾ തൂതനിറത്തിലുള്ള പുഴുക്കളെപ്പോലെ നമ്മുടെ മുടിയിൽ വീണു. ഒപ്പം കേറ്റൽപോ മരത്തിന്റെ പൂക്കളും. അവയുടെ നിറം പാരീസിലെ ആകാശത്തിന്റേതു പോലെ ഇളം നീലയായിരുന്നു. നീ ഉരസിയ കറുത്ത മുന്തിരിക്കാടിന്റെ പൊടിപ്പുകൾ, പച്ചപ്പുല്ലുകൾക്കിടയിൽ തവിട്ടുനിറത്തിലുള്ള അലങ്കാരപ്പൂവുകൾ, ഇപ്പോഴും തൂതനിറം വിടാത്ത പുതിനച്ചെടികൾ, മുയൽച്ചെവി പോലെ പതുപതുപ്പുള്ള തുളസി... എല്ലാം ചേർന്ന് എരിവുള്ള ഒരു സത്തായി എന്റെ ചുണ്ടുകളിലേക്കു വന്നു, മദ്യത്തിന്റേയും പുൽത്തൈലത്തിന്റേയും രുചിയോടെ.

എന്റെ ഫ്രോക്കിൽ പാടുകൾ വീഴ്ത്തിയ, ജലാംശമുള്ള, നീണ്ട പുല്ലിനുമേൽ നടക്കുമ്പോൾ എനിക്ക്  ഉറക്കെ സംസാരിക്കാനും ചിരിക്കാനുമേ കഴിഞ്ഞുള്ളൂ. എന്റെ ഭ്രാന്തിപ്പെരുമാറ്റത്തെ ശാന്തമായ സന്തോഷത്തോടെ നീ കണ്ടുനിന്നു. ആ കാട്ടുറോസുകൾക്കു നേരെ ഞാൻ കൈനീട്ടിയപ്പോൾ... ഓർക്കുന്നുവോ, ആ

ഇളം പിങ്കുനിറമുള്ളവ.. എനിക്കു പിടിക്കാൻ കഴിയുന്നതിനു മുമ്പ് നീ ആ കുല പൊട്ടിച്ചെടുത്തു. എന്നിട്ട് ആ വളഞ്ഞ കുഞ്ഞുമുള്ളുകളെ നീ ഒന്നൊന്നായി അടർത്തിമാറ്റി. വളഞ്ഞ് നഖം പോലുള്ള മുള്ളുകൾ. പിന്നെ ആയുധമില്ലാത്ത ആ പൂക്കളെ നീ എനിക്കുതന്നു.

ആയുധമില്ലാത്ത ആ പൂക്കളെ നീ എനിക്കുതന്നു. നീ അതുതന്നതുകൊണ്ട് എനിക്ക് കിതച്ചുകൊണ്ട് തണലുള്ള ഇടത്ത് വിശ്രമിക്കാനായി പൂക്കുലകൾ കത്തിനിൽക്കുന്ന പേർഷ്യൻ ലൈലക്കുകൾക്കു താഴെ പൂത്തടങ്ങളിൽ നിന്ന് നീ വലിയ കോൺപുഷ്പങ്ങളെ പിഴുതെടുത്തു. ആ മായികപുഷ്പങ്ങളുടെ രോമാവൃതമായ മധ്യഭാഗത്തിന് ആപ്രിക്കോട്ടിന്റെ ഗന്ധമായിരുന്നു... ചായസമയത്ത് ഒരു ചെറിയപാത്രം പാലിൽ കൊഴുപ്പു ചേർത്ത് നീ എനിക്കു നൽകി. എന്റെ ആർത്തി നിന്നിൽ മന്ദസ്മിതമുണർത്തി. ഏറ്റവും സുവർണ്ണ നിറത്തിൽ മേൽഭാഗമുള്ള റൊട്ടി നീ എനിക്കു തന്നു. എന്റെ മുടിക്കിടയിലൂടെ പകുതി സുതാര്യമായി നിന്റെ കൈ സൂര്യപ്രകാശത്തിൽ കണ്ടത് എനിക്കിപ്പോഴും കാണാം. എന്റെ മുടിച്ചുരുളുകളിൽ കുടുങ്ങിപ്പോയ ചെറുശബ്ദമുണ്ടാക്കുന്ന കടന്നലിനെ ഓടിക്കുകയാണത്. ദിനാന്ത്യത്തിൽ സാധാരണയിലും നീളമുള്ള ഒരു മേഘം മെല്ലെ നീങ്ങുമ്പോൾ എന്റെ ചുമലുകൾക്കു മീതെ നീ ഒരു നേർത്തവസ്ത്രം പുതപ്പിച്ചു. തണുത്ത വിയർപ്പിൽ ഞാൻ വിറയ്ക്കുമ്പോൾ, മനുഷ്യവർഗ്ഗത്തിനു പേരിടാൻ കഴിയാത്ത ഉന്മേഷത്തിൽ മത്തയാകുമ്പോൾ, വസന്തകാലത്ത് സന്തോഷമുള്ള മൃഗങ്ങളനുഭവിക്കുന്ന നിഷ്കളങ്കമായ ആ സുഖത്തിൽ മദിക്കുമ്പോൾ, നീ എന്നോട് പറഞ്ഞു– "തിരികെ വരൂ... മതി... നമുക്ക് അകത്തുപോകാം...."

ഹാ ഞാൻ നിന്നെക്കുറിച്ചു വിചാരിക്കുക എന്നാൽ അത് ഉറക്കത്തിനോട് വിടപറയലാണ്. എത്ര മണിയാണ് അടിച്ചത്? ഇപ്പോൾ ജനാലകളിൽ ഇളംനീല നിറം പകരുന്നു. രക്തത്തിൽ ഒരു മർമ്മരശബ്ദം ഞാൻ കേൾക്കുന്നു. അല്ലെങ്കിൽ അത് താഴെയുള്ള പൂന്തോപ്പുകളിൽ നിന്നു വരുന്ന ശബ്ദമാകും... നീ ഉറങ്ങുകയാണോ? അല്ല. ഞാനെന്റെ കവിൾ നിന്റെ കവിളിനോട് ചേർക്കുമ്പോൾ നിന്റെ കൺപീലികൾ പിടയ്ക്കുന്നതറിയാം. തടവിലായ ഈച്ചയുടെ ചിറകടികൾ പോലെ. നീ ഉറങ്ങുകയല്ല. ഒളിഞ്ഞ് നിന്ന് നീ എന്റെ വികാരാവേശത്തെ കാണുകയാണ്. ചീത്തസ്വപ്നങ്ങളിൽ നിന്ന് നീയെന്നെ രക്ഷിക്കുന്നു. നിന്നെക്കുറിച്ചു ഞാൻ ചിന്തിക്കുന്നതു പോലെ നീയും എന്നെക്കുറിച്ചു ചിന്തിക്കുകയാണ്. വിചിത്രമായൊരു വൈകാരികലജ്ജകൊണ്ട് നാം ഇരുവരും ഉറക്കം നടിക്കുന്നു. എന്റെ ശരീരം ഉറക്കത്തിനു വഴങ്ങിക്കൊടുക്കുന്ന വിശ്രമാവസ്ഥയിലാണ്. നിന്റെ സൗമ്യമായ ചുമലിന്മേൽ എന്റെ കഴുത്തിന്റെ ഭാരം. എന്നാൽ നമ്മുടെ ചിന്തകൾ, പൊട്ടിവിടർന്നുകൊണ്ടിരിക്കുന്ന ഈ നീലപ്രഭാതത്തിൽ വിദഗ്ധമായി ഒന്നാകുന്നു.

> **ഹാ ഞാൻ നിന്നെക്കുറിച്ചു വിചാരിക്കുക എന്നാൽ അത് ഉറക്കത്തിനോട് വിടപറയലാണ്. എത്ര മണിയാണ് അടിച്ചത്? ഇപ്പോൾ ജനാലകളിൽ ഇളംനീല നിറം പകരുന്നു. രക്തത്തിൽ ഒരു മർമ്മരശബ്ദം ഞാൻ കേൾക്കുന്നു. അല്ലെങ്കിൽ അത് താഴെയുള്ള പൂന്തോപ്പുകളിൽ നിന്നു വരുന്ന ശബ്ദമാകും...**

അല്പസമയത്തിനുള്ളിൽ തിരശ്ശീലകൾക്കിടയിലെ തിളക്കമുള്ള കമ്പി ചുവന്ന പ്രകാശമാർന്നതാകും.... ഉറക്കം നടിച്ചു കിടക്കാനുള്ള നിന്റെ നിശ്ചയദാർഢ്യത്തെ എനിക്കു വായിച്ചെടുക്കാനാവും. നിന്റെ മനോഹരമായ നെറ്റിയിൽ, മൃദുവായ താടിയിൽ, സങ്കടം തുടിക്കുന്ന നിന്റെ വായിൽ, അടഞ്ഞ കൺപോളകളിൽ... അപ്പോഴേക്കും എന്റെ ക്ഷീണത്തിനും ഉറക്കമില്ലായ്മക്കും മൗനമായിരിക്കാൻ കഴിയാത്ത സമയമാകും. വികാരാവേശമുള്ള ഈ കിടക്കക്ക് പുറത്തേക്ക് ഞാനെന്റെ കൈകൾ വീശിയെറിയും. ഒരു കുസൃതി വിട്ടുതരാൻ എന്റെ വികൃതിക്കാലുകൾ ഇപ്പൊഴേ തയ്യാറെടുക്കുന്നു.

അപ്പോൾ നീ ഉണരുന്നതായി നടിക്കും! പിന്നെയെനിക്ക് നിന്നിലേക്ക് അഭയം തേടിയെത്താനാവും, നീതിയില്ലാത്തതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ പരാതികളോടെ, കോപനിശ്വാസങ്ങളോടെ, ചുരുട്ടിയ കൈത്തലങ്ങളോടെ നേരത്തേ വന്ന പ്രഭാതത്തേയും പെട്ടെന്നു തീർന്നു പോയ രാത്രിയേയും തെരുവിലെ ബഹളത്തേയും ഒക്കെ ശപിച്ചുകൊണ്ട്. കാരണം എനിക്ക് നല്ല വണ്ണമറിയാം. നീ എന്നെ അപ്പോൾ ദൃഢമായി ചേർത്തുപിടിക്കുമെന്ന്. ആ കൈകളുടെ തൊട്ടിൽ എന്നെ ശാന്തയാക്കിയില്ലെങ്കിൽ നിന്റെ ചുംബനം വേർപെടാതെ തുടരും. നിന്റെ കൈകൾ കൂടുതൽ പ്രണയാർദ്രമാകും. പ്രണയത്തിന്റെ താൽക്കാലിക ശമനമായ ഇന്ദ്രിയാനുഭൂതി നീയെനിക്കു പകർന്നുതരും. ആവേശച്ചൂടിന്റെ കോപത്തിന്റെ, അസ്വസ്ഥതയുടെ പിശാചുക്കളെ എന്നിൽ നിന്നോടിക്കുന്ന മഹാമന്ത്രവാദം പോലെയാകും അത്. കാമാവേശത്തോടെ എന്നിലേക്കു കുനിഞ്ഞുകൊണ്ട്, അമ്മയുടെ ആർദ്രതയോടെ എനിക്ക് ഇന്ദ്രിയാനന്ദം തരും. നിനക്കൊരിക്കലും ലഭിക്കാത്ത കുഞ്ഞിനെ ഉന്മത്തയായ കാമുകിയിൽ തേടുന്നവനാണല്ലോ നീ. ●

സിനിമ

വി.എം.ഗിരിജ



# നീലനീലമോ പ്രേമം

(ബ്ലൂ ഈസ് ദി വാമസ്റ്റ് കളർ എന്ന സിനിമയെക്കുറിച്ച്)

**നീല** നിറമാണ് ഏറ്റവും ഊഷ്മളമായ നിറം എന്ന് ശ്രീകൃഷ്ണകാമിനിമാരായ ഭാരതസ്ത്രീകൾക്ക് തോന്നുന്നില്ല. കാരണം കുളിർത്ത ഒരു നീലച്ചന്ദ്രനാണ് കൃഷ്ണൻ എന്ന് അവർക്ക് തോന്നിക്കാണണം. വലിയ മഞ്ഞുകാലമല്ല, ദീർഘനിദാഘമാണ് നമ്മെ പേടിപ്പിക്കുന്നത്.

കൃഷ്ണനും ഗോപസ്ത്രീകളും ഒരുമിച്ചുള്ള രാസലീല വൈരുദ്ധ്യങ്ങളുടെ ഒരു സമാഹാരമാണ്. പതിനാറായിരത്തെട്ടു ഭാര്യമാർ, യൗവനാനന്തരം മഥുരാധിപതിയായിരുന്നപ്പോൾ കൃഷ്ണനുണ്ടായിരുന്നത്രെ! ഭർത്തൃമതികളും പുത്രവതികളുമായ അനേകം ഗോപസ്ത്രീകൾ യമുനാനദിയിൽ കൃഷ്ണനുമൊത്ത് പ്രേമലീലകളാടാൻ എത്തിയിരുന്നു. ഓടക്കുഴൽ വിളികൊണ്ട്, 'ഹാമലിനിലെ പൈഡ് പൈപ്പറേ' പ്പോലെ കൃഷ്ണൻ അവരെയെല്ലാം ഏകാന്തരാത്രിയിൽ തന്നിലേക്ക് അടുപ്പിച്ചു.

എല്ലാ രാജ്യങ്ങളിലും ഭാഷകളിലും കഥകളിലും സുൽത്താൻമാരും ചക്രവർത്തിമാരും വലിയ ഒരന്തപുരത്തിന്റെ ഏകഭർത്താവ് ആയിരിക്കയും, സ്ത്രീകൾ പരപുരുഷന്മാരേയോ പരസ്പരമോ സ്നേഹിക്കുകയും ചെയ്തു എന്ന് പഴയകഥകൾ (അറബിക്കഥകൾ, കഥാസരിത് സാഗരം) സൂചിപ്പിക്കുന്നു.

ശരിക്കും കൃഷ്ണൻ ഓരോ ഭാര്യയുടെ അടുത്തും പലരൂപത്തിൽ കണ്ടു എന്ന അത്ഭുതാംശം മാറ്റിയാൽ കൃഷ്ണൻ സ്ത്രീകളെ പ്രഥമദൃഷ്ടിയിൽ പരസ്പരം കൊളുത്തിപ്പിടിക്കുന്ന പ്രണയത്തെയാണ് അധ്യാപകൻ നിലവിലുള്ള ഘടനയുടെ പ്രചാരകൻ–പ്രത്യേകം എടുത്തു പറയുന്നത്.

'അദേൽ' എന്ന യുവതിയായ വിദ്യാർത്ഥിനി തന്റെ സ്വവർഗ്ഗപ്രണയിനി എമ്മയെ നഗരചത്വരത്തിൽ വെച്ച് ഇങ്ങനെയൊരു നോട്ടത്തിലാണ് കൊളുത്തി എടുക്കുന്നത്. നീലമു

ടിക്കാരിയും ചിത്രകാരിയുമായ എമ്മയെ തേടി താനറിയാതെ അവൾ അലയുന്നു, സ്വവർഗ്ഗാനുരാഗികളുടെ ഒരു കേന്ദ്രത്തിൽ വെച്ച് വീണ്ടും കാണുന്നു.

ആദ്യം കാണുമ്പോൾ ആ ദൃശ്യങ്ങളെല്ലാം, നമ്മെ ഒന്നമ്പരപ്പിച്ചേക്കാം. ഇന്ത്യയിലോ കേരളത്തിലോ കാണാൻ പറ്റുന്ന കാഴ്ചകളല്ല. സ്വവർഗ്ഗസ്നേഹികളുടെ സ്വന്തം ഇടങ്ങളും രീതികളും എല്ലാം. ആ അമ്പരപ്പ് കഴിഞ്ഞാൽ, ഈ ചിത്രം ഒരു പ്രണയകഥയുടെ - മറ്റേതൊരു പ്രണയകഥയുടേയും പോലെ- ചിത്രീകരണം തന്നെ.

അദേൽ എന്ന യുവവിദ്യാർത്ഥിനി, അവളുടെ പ്രണയസാഫല്യം കണ്ടെത്തുന്നത് എമ്മയിലാണ്. എമ്മ ചിത്രകാരിയാണ്; അഡേലിന്റെ ഒരുപാട് ചിത്രങ്ങൾ അവൾ വരക്കുന്നുണ്ട്. വിശ്വസിക്കാൻ കഴിയാത്തവിധം തീവ്രവും സുന്ദരവുമാണ് അഡേലിന്റെയും എമ്മയുടേയും രതിയും പ്രണയവും. എന്താണ് ഐന്ദ്രിയമായ സുഖം? എന്താണ് രതി? 'രതിസുഖസാരം' എന്താണ്? എങ്ങനെയാണ് പരസ്പരം ആനന്ദം പകരാൻ മനുഷ്യർക്ക് കഴിയുന്നത്? ഇങ്ങനെയൊരുപാട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങും മനസ്സ്.

പിന്നെ, പതുക്കെ പതുക്കെ വശ്യമായ ആ പ്രണയലഹരിയിൽ നാം മുങ്ങിത്തുടങ്ങും. ഓരോ അണുവും അണുവിനോട് ഇടകലരുന്ന ഒരു പ്രണയനൃത്തം പോലെയാണ് ആ രണ്ടു സ്ത്രീകൾ തമ്മിലുള്ള രതിബന്ധം. ലെസ്ബിയൻ സ്നേഹം അത്ര ആഴവും സുഖവും നൽകും എന്നത് ഇത് കണ്ടപ്പോഴാണ് തോന്നിയത്!

പക്ഷേ, അതിലെ എല്ലാം സാധാരണപോലെ തന്നെ. വിശുദ്ധി, പങ്കാളിയോടുള്ള വിശ്വസ്തത, ആനന്ദിപ്പിക്കാനും ഗൃഹജോലികൾ ചെയ്യാനുമുള്ള ഒരുവൾ, ഗൃഹനായികയായി മറ്റൊരുവൾ എന്ന ദ്വന്ദ്വം; പ്രേമ'വഞ്ചന' യെ രൂക്ഷമായി എതിരിടലും ഒഴിവാക്കലും... വഴക്കും കണ്ണീരും ചീത്തവാക്കുകളും -ഒരുപാട് പ്രണയ ആൺ, പെൺ പ്രണയ-ജീവിതത്തിൽ നാം കാണുന്ന അധികാര-സദാചാര -രതി-കുടുംബബന്ധങ്ങളുടെ ആവർത്തനമാവുന്നുണ്ട് ഇത്.

പായി അദേൽ തകർന്നുപോകുന്നു. സിനിമ തുടങ്ങുമ്പോൾ വിദ്യാർത്ഥിനിയായ അദേൽ ചെറിയ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന അധ്യാപികയാവുകയാണ്. ആ പണി അദേലിന് ഇഷ്ടമാണ്. പക്ഷേ അവളുടെ മനസ്സും ജീവിതവും ശൂന്യമാവുകയാണ്.

എമ്മയുടെ ഒരു ചിത്രപ്രദർശനം കാണാൻ അവൾ ചെല്ലുന്നുണ്ട്. അവളുടെ ചിത്രവും ഉണ്ട് അതിൽ. എങ്കിലും അവൾക്ക് കരൾ പിളരുന്ന വിരഹവേദന ഉണ്ടാകുന്നു. ഒരിക്കൽ കണ്ട രണ്ട് പൂർവ്വകാമുകരെ പോലെ സ്വന്തം കുടുംബത്തെപ്പറ്റി എമ്മയും അദേലും സംസാരിക്കുന്നുണ്ട്. എമ്മക്കും 'ഭാര്യ'ക്കും സ്വന്തം കുഞ്ഞുണ്ട്. സുഖമായി കുടുംബജീവിതം മുന്നേറുന്നുണ്ട്. പക്ഷേ അതിന് സജീവതയില്ല. അതൊരാവർത്തനം പോലെ തണുത്ത ഒരു ജീവിതമാണ്.

എന്നാലും സ്വന്തം പങ്കാളിയോടുള്ള വിശ്വസ്തത പുലർത്തേണ്ടത് എമ്മക്ക് പ്രധാനമാണ്. ഒരു ചുംബനമോ തഴുകലോ ആലിംഗനമോ വേണം അദേലിന്, അവളത് തീവ്രമായി ആഗ്രഹിക്കുന്നു. കൃഷ്ണ-ഗോപിക ബന്ധത്തിലെ പോലെ തീവ്രമായ, ആഴമുള്ള ഒരാഗ്രഹമാണത്. പക്ഷേ, എമ്മക്ക് അത് കൊടുക്കാൻ കഴിയില്ല. അവൾക്ക് 'സ്വന്തമായ' ഒരു കുടുംബമുണ്ടല്ലോ.



ഓരോ അണുവും അണുവിനോട് ഇടകലരുന്ന ഒരു പ്രണയനൃത്തം പോലെയാണ് ആ രണ്ടു സ്ത്രീകൾ തമ്മിലുള്ള രതിബന്ധം. ലെസ്ബിയൻ സ്നേഹം അത്ര ആഴവും സുഖവും നൽകും എന്നത് ഇത് കണ്ടപ്പോഴാണ് തോന്നിയത്!

നിറഞ്ഞു വഴിയുന്ന കണ്ണുകളുമായി പിളർക്കപ്പെട്ട ഹൃദയവുമായി അദേൽ അലഞ്ഞു തിരിയുന്നു. അവൾക്ക് ആരേയും 'സവിശേഷ'മായി സ്നേഹിക്കാൻ കഴിയുന്നില്ല. അവളുടെ ജീവിതം ശൂന്യമാണ്. ആ ശൂന്യത നമ്മെ സ്പർശിക്കും.

ബന്ധങ്ങളിലെ സ്നിഗ്ദ്ധതകളും ആഴങ്ങളും ഉജ്ജ്വലമുഹൂർത്തങ്ങളും പിളർപ്പുകളും വേദനകളും 'സ്ത്രീപ്രണയ'ത്തിൽ കൂടുതൽ തീവ്രമാണ് എന്ന് തോന്നിപ്പോകുന്നു. തീർച്ചയായും സ്ത്രീകൾ തമ്മിലുള്ള സ്നേഹം കുറേക്കൂടി മാനുഷികമാണ്. എന്നാൽ സ്നേഹത്തിന്റെ ക്രൂരതയും അധികാരവും അതിനുപേക്ഷിക്കാൻ കഴിയുന്നുമില്ല. 'ഉടമസ്ഥത' എന്നത് ഒരു ബന്ധത്തിനും മായ്ച്ചു കളയാനാവില്ല.

## കഥ


**കബനി**



**ഗീ ദ് മോപസാങ്ങ്**

**(1850-1893)**

ആധുനിക ചെറുകഥയുടെ തുടക്കക്കാരിലൊരാളായ ഗി ദ് മോപസാങിന്റെ വ്യത്യസ്തമായ ഒരു കഥയാണ് ഇവിടെ പരിഭാഷയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. ലെസ്ബിയനിസത്തെ മോപസാങ് ധാർമികമായ അധഃപതനത്തിന്റെയും നികൃഷ്ടതയുടെയും വികാരമായി ചിത്രീകരിക്കുന്നു. അതിഭാവുകത്വത്തിലൂടെ വിഷയത്തെ സമീപിക്കുന്ന എഴുത്തുകാരൻ അന്നത്തെ ഇംപ്രഷണിസ്റ്റ് സങ്കേതങ്ങൾ ഉപയോഗിച്ച് കഥാപശ്ചാത്തലത്തിനെയും ലൈംഗികവൽക്കരിക്കുന്നു.



# പോളിന്റെ പെണ്ണ്

**തോണിക്കാർ** ഒത്തുചേരാറുള്ള ഗ്രിലൺ എന്നു പേരുള്ള തീൻപുരയിൽ പതിയെ ആളൊഴിയാൻ തുടങ്ങി. വെള്ളക്കമ്പിളിത്തുണി ചുറ്റിയ ഉല്ലാസപ്രിയർ ചുമലുകളിൽ പങ്കായമേറ്റിക്കൊണ്ട് കയ്യും കലാശവും കാട്ടി സംസാരിക്കുകയും കൂക്കിവിളികളുടെയും പൂച്ചക്കരച്ചിലുകളുടെയും ഒച്ചപ്പാടുകൾ തീൻപുരയുടെ വാതിലിനു മുമ്പിൽ നിറയുകയും ചെയ്തു.

വർണ്ണാഭമായ വസന്തകാലച്ചമയങ്ങളണിഞ്ഞ തരുണീമണികൾ ചെറുതോണികളിൽ കരുതലോടെ കാലെടുത്തു വെച്ചു. തോണിയുടെ പിൻപുറത്ത് ഇരുപ്പുറപ്പിച്ചതിനു ശേഷം അവർ ഉടുപുടവകൾ നേരെയാക്കി. തീൻപുരയുടെ യജമാനൻ-ചുവന്ന താടിയും ഊക്കൻ ശരീരവുമുള്ളയാൾ- കരുത്തിന് പേരുകേട്ടവനായിരുന്നു, ചന്തം തികഞ്ഞ ഓമനപ്പെണ്ണുങ്ങൾക്കു നേരെ മെയ്യടക്കത്തോടെ അയാൾ കൈനീട്ടുകയും ദുർബ്ബലമായ യാനത്തെ നേരെ നിർത്തുകയും ചെയ്തു.

നഗ്നമായ തോളുകളും വീർത്തുന്തിയ നെഞ്ചുമുള്ള തുഴക്കാർ അവരവരുടെ ഇടങ്ങളിൽ ഇരിക്കുകയും അങ്ങിനെചെയ്യുമ്പോൾ തന്നെ, ഞായറാഴ്ചവസ്ത്രങ്ങളണിഞ്ഞ മദ്ധ്യവർഗ്ഗക്കാരും പാലത്തിന്റെ അരഭിത്തിയിൽ കൈമുട്ട് കുത്തി നിൽക്കുന്ന കൂലിപ്പണിക്കാരും പട്ടാളക്കാരും ചേരുന്ന കാണികളുടെ കൂട്ടത്തിനു വേണ്ടി അല്പം കേമത്തം നടിക്കുകയും ചെയ്തു. അവരെല്ലാം തന്നെ കെട്ടുകാഴ്ചകളിൽ അതിയായ താല്പര്യമുള്ളവരായിരുന്നു.

തോണികൾ ഒന്നിനു പുറകെ

ഒന്നായി കടവിൽ നിന്നും ആട്ടിയോടിക്കപ്പെട്ടു. തുഴക്കാർ ഏകതാളത്തിൽ മുന്നോട്ടും പിന്നോട്ടും തുഴ നീട്ടിയെറിയുകയും വില്ലു പോലെ വളഞ്ഞ തുഴകളുടെ ഊക്കിൽ ചടുലമായ വള്ളങ്ങൾ ദൂരേക്കു കുതിക്കുകയും ചെറുതായിച്ചെറുതായി തീവണ്ടിപ്പാലത്തിനടിയിലൂടെ അപ്രത്യക്ഷമാകുകയും ചെയ്തു. ലാ ഗ്രെന്യൂലറിലേക്കു നയിക്കുന്ന കൈത്തോടിലേക്ക് തിടുക്കത്തിൽ അവ ഇറങ്ങിപ്പോയി. രണ്ടിണക്കുരുവികൾ മാത്രം തീരത്ത് ശേഷിച്ചു. കൃശഗാത്രനായ ആ ചെറുപ്പക്കാരൻ തന്റെ പ്രണയിനിയുടെ അരക്കെട്ടിൽ ചുറ്റിപ്പിടിച്ചിരുന്നു. അയാളുടെ വിളറിയ മുഖത്ത് താടിരോമങ്ങൾ പൂർണ്ണമായും നാമ്പെടുത്തിട്ടില്ല. നേർത്തു മെലിഞ്ഞ തവിട്ടുമുടിക്കാരിയാണ് അയാളുടെ പ്രണയിനി. ചലനങ്ങളിൽ പച്ചത്തുള്ളന്റെ ചടുലതയുള്ള അവളും അയാളും ഇടക്കിടെ കണ്ണിൽ കണ്ണിൽ നോക്കുന്നുണ്ട്. യജമാനൻ ഉറക്കെ വിളിച്ചു പറഞ്ഞു:

"വരൂ,പോൾ,വേഗം,"

ഇണക്കുരുവികൾ വേഗം കടവിലേക്ക് നടന്നടുത്തു.

ഗ്രിലണിലെ എല്ലാ അതിഥികളിലും വെച്ച് പോളാണ് ഏറ്റവും ഇഷ്ടപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നയാൾ. തീൻപുരയിൽ താമസിച്ചതിന്റെയും അവിടെ നിന്ന് ആഹാരം കഴിച്ചതിന്റെയും പണമൊടുക്കാൻ ഉഴപ്പുകയും തരം കിട്ടിയാൽ തീൻപുരക്കാരനെ പറ്റിച്ച് അപ്രത്യക്ഷരാകുകയും ചെയ്യുന്നവർക്കിടയിൽ കൃത്യമായും വേണ്ട വിധത്തിലും ബില്ലുകളെല്ലാം തന്നെ ഒടുക്കുന്ന പതിവുകാരനായിരുന്നു പോൾ. അയാളുടെ പിതാവ് ഒരു സെനറ്ററായിരുന്നു എന്ന കാര്യമാകട്ടെ, തീൻപുരയ്ക്ക് ചലിക്കുന്ന പരസ്യം നൽകിയതു പോലുള്ള ഗുണവുമുണ്ടാക്കി. "ഒരു സുന്ദരി കൂടെയുണ്ടെന്നത് കൊണ്ട് താൻ വലിയ ആളായിപ്പോയെന്ന് കരുതുന്ന ആ

**തീൻപുരയുടെ യജമാനത്തിയും യോഗ്യയും മികച്ച കച്ചവടക്കാരിയുമായ ശ്രീമതി ഗ്രിലൺ പോളിനെയും പ്രണയിനിയേയും വിശേഷിപ്പിച്ചിരുന്നത് "എന്റെ അരിപ്രാവുകൾ" എന്നാണ്. തന്റെ കച്ചവടത്തിന് ഏറെ ഗുണകരമായ പോളിന്റെ ആസക്തി അവരെ ഏറെ ഇളക്കിയിട്ടുണ്ടെന്നു തോന്നുന്നു.**

പയ്യൻ ആരാണ്?" എന്ന് അപരിചിതരാരെങ്കിലും ചോദിച്ചെന്നിരിക്കട്ടെ. "അറിയില്ലേ? അതാണ് പോൾ ബാരൺ,സെനറ്ററുടെ മകൻ" എന്ന് പതിവുകാരാരെങ്കിലും നിഗൂഢവും ഗൗരവമൂറുന്നതുമായ ശബ്ദത്തിൽ മറുപടി പറയുമായിരുന്നു.

ഉടനെത്തന്നെ അപരിചിതന് അതിശയത്തോടെ ഇങ്ങനെ പറയാതിരിക്കാനുമാകില്ല;

"പാവം കുട്ടിപ്പിശാച്! അവൻ പാതി പോലും മുതിർന്നിട്ടില്ല."

തീൻപുരയുടെ യജമാനത്തിയും യോഗ്യയും മികച്ച കച്ചവടക്കാരിയുമായ ശ്രീമതി ഗ്രിലൺ പോളിനെയും പ്രണയിനിയേയും വിശേഷിപ്പിച്ചിരുന്നത് "എന്റെ അരിപ്രാവുകൾ" എന്നാണ്. തന്റെ കച്ചവടത്തിന് ഏറെ ഗുണകരമായ പോളിന്റെ ആസക്തി അവരെ ഏറെ ഇളക്കിയിട്ടുണ്ടെന്നു തോന്നുന്നു.

ഇണകൾ പതിയെ ചെറുതോണിയിൽ കയറാൻ തുടങ്ങി. തോണിയിലേക്ക് കാലെടുത്തു വെക്കുന്ന നിമിഷത്തിൽ അവരിരുവരും പരസ്പരം ചുംബിച്ചു. പാലത്തിനു മുകളിൽ കൂടിനിന്നിരുന്ന കാണികൾ പൊട്ടിച്ചിരിച്ചു. പോൾ തുഴ കയ്യിലെടുക്കുകയും പതിയെ ലാ ഗ്രെന്യൂലറിലേക്ക് തുഴഞ്ഞു നീങ്ങുകയും ചെയ്തു.

അവർ അവിടെ എത്തിച്ചേർന്നപ്പോൾ സമയം മൂന്നു മണിയാകുന്നതേയുണ്ടായിരുന്നുള്ളൂ. അപ്പോഴേക്കും ആ ഒഴുകുന്ന തീൻമേശ നിറഞ്ഞുകവിഞ്ഞിരുന്നു.

മനോഹരമായ ക്രോയിസി ദ്വീപിനോട് ഇടുങ്ങിയ രണ്ടു പാലങ്ങളാൽ കൊരുത്തിട്ടിരിക്കുന്ന ജലനൗകയാണ് ലാ ഗ്രെന്യൂലർ. അതിനു മുകളിൽ വലിയ താർപ്പായ കുട നിവർത്തിയിരിക്കുന്നു. ഒരു പാലം ദ്വീപിനെ ആ ജലസ്ഥാപനത്തിന്റെ മദ്ധ്യഭാഗത്തോടും മറുപാലം അതിനെ നൗകയുടെ തുഞ്ചത്തുള്ള, മരം കുഴിച്ചിട്ടിരിക്കുന്ന ചെറുദ്വീപിനോടും ചേർത്തിരിക്കുന്നു. "പൂപ്പാത്രം" എന്നറിയപ്പെടുന്ന ആ ചെറുദ്വീപിനപ്പുറമുള്ള കുളിപ്പുരയിലേക്കും ചുറ്റുമുള്ള കരയുടെ ചെറുകഷ്ണത്തിലേക്കും രണ്ടാമത്തെ പാലം നീളുന്നുണ്ട്.

പോൾ തോണി നൗകയോടടുപ്പിച്ച് കെട്ടിയിടുകയും അതിന്റെ കൈവരികൾ മറികടന്ന് അകത്തേക്ക് ചാടിക്കടക്കുകയും ചെയ്തു. പ്രണയിനിയെ നീട്ടിയ കൈയിൽ പിടിച്ചു കയറ്റിയ ശേഷം ഇരുവരും ഒരു മേശക്കിരുപുറം ചെന്നിരുന്നു.

നദിയുടെ അങ്ങേക്കരയിലുള്ള ചന്തവഴിയിൽ വാഹനങ്ങളുടെ നീണ്ട നാട തന്നെ രൂപപ്പെട്ടു. പഴഞ്ചൻ കുതിരവണ്ടികളും ഇടയ്ക്കിടെ പ്രൗഢമായ കുതിരവണ്ടികളും അവിടെയുണ്ടായിരുന്നു. ആദ്യത്തെ തരം വണ്ടികൾ ചന്തമൊട്ടുമില്ലാത്തവയും ആണികളെ ഞെരിക്കുന്ന കൂറ്റൻ ഉടലുകൾ താങ്ങുന്നവയും തൂങ്ങിക്കിടക്കുന്ന തലയും ഒടിഞ്ഞ കാലുകളുമുള്ള ചാവാലിക്കുതിരകൾ വലിക്കുന്നവയുമായിരുന്നു. എന്നാൽ രണ്ടാമത്തെ തരം വണ്ടികൾ ഭാരം കുറഞ്ഞ ചക്രങ്ങളുള്ളവയും കരുത്തുള്ള കുതിരകൾ തലയുയർത്തിപ്പിടിച്ച് വലിക്കുന്നവയും

നുര കൊണ്ട് വെളുത്ത കടിഞ്ഞാണുള്ളവയുമായിരുന്നു. പൊക്കമുള്ള കുപ്പായപ്പട്ടയ്ക്കുള്ളിലെ ഉയർത്തിപ്പിടിച്ച ശിരസ്സോടെ,ആചാരവേഷത്തിന്റെ ഗാംഭീര്യത്തോടെ കുതിരക്കാർ അത്തരം വണ്ടികളിൽ കാൽമുട്ടുകളിൽ വിശ്രമിക്കുന്ന ചാട്ടയോടെ യജമാനന്മാരെ കാത്തിരുന്നു.

കുടുംബസമേതവും കൂട്ടാളികളോടൊത്തും ഇരട്ടകളായും തനിച്ചും വന്നവർ നദീതീരത്ത് നിറഞ്ഞു. അവർ പുൽനാമ്പുകൾ നുള്ളിയെടുക്കുകയും വെള്ളത്തിനടുത്തേക്ക് പോകുകയും പാതയിലേക്ക് തിരിച്ചു കയറുകയും കടത്തുകാരനെ കാത്ത് ഏതാണ്ടൊരേ ഇടത്ത് കൂടിനിൽക്കുകയും ചെയ്തു. രൂപഭംഗിയില്ലാത്ത പരന്ന തോണി അങ്ങോട്ടുമിങ്ങോട്ടും ഇടതടവില്ലാതെ, തീരത്തു നിന്നും തീരത്തേക്ക് സഞ്ചരിക്കുകയും സവാരിക്കാരെ ദ്വീപിലേക്ക് ഇറക്കിവിടുകയും ചെയ്തു. ഉല്ലാസനൗക കെട്ടിയിട്ട നദിയുടെ കൈവഴി ഉറങ്ങിക്കിടക്കുകയാണെന്ന് തോന്നി. അവിടത്തെ നീരോട്ടം അത്രയ്ക്ക് ക്ഷീണിച്ചതായിരുന്നു. അനക്കമില്ലാതെ കിടക്കുന്ന നീരിൽ പലതരം ചെറുതോണികളുടെ കൂട്ടങ്ങൾ ഇഴഞ്ഞുനീങ്ങുകയും പരസ്പരം മറികടക്കുകയും കൂടിച്ചേരുകയും അടിപിടി കൂടുകയും തുഴക്കാരുടെ കൈകളുടെ പിടച്ചിലാൽ ചലനം നിർത്തുകയും പേശികളുടെ പെട്ടെന്നു തന്നെയുള്ള വലിച്ചിലിൽ ചുവന്നതോ മഞ്ഞയോ നിറമുള്ള പരൽ മീനുകളെപ്പോലെ മുന്നോട്ടു കുതിക്കുകയും ചെയ്തു.

ആളുകൾ ഇടതടവില്ലാതെ വന്നുകൊണ്ടേയിരുന്നു. ചിലർ നദിയുടെ മുകൾഭാഗത്തെ പ്രദേശമായ ചാറ്റണിൽ നിന്നുള്ളവർ. മറ്റു ചിലർ താഴെയുള്ള ബൊഗിവലിൽ നിന്നുള്ളവർ. പൊട്ടിച്ചിരികളും കൂക്കിവിളികളും താക്കീതുകളും


എല്ലാ പരിധിയും കവിഞ്ഞ് വളർന്നു മുറ്റിയ മുലകളോടെ സ്ത്രീകളും പെൺകിടാങ്ങളും പെരുപ്പിച്ചു കാട്ടിയ കോലാഹലത്തോടെ ചമഞ്ഞു നടക്കുന്നുണ്ടായിരുന്നു. അവരുടെ കവിൾത്തടങ്ങളിലും ചുണ്ടുകളിലും ചെഞ്ചായവും കണ്ണുകളിൽ മഷിയുമുണ്ടായിരുന്നു. മര്യാദകളെല്ലാം തകർത്തെറിയുന്ന ഉടുപുടവകൾ അവരുടെ മോശം അഭിരുചികൾ വിളംബരം ചെയ്തു കൊണ്ട് പുൽത്തകിടിയിലിഴഞ്ഞു.


പ്രാക്കുകളും തോണിയിൽ നിന്നും തോണിയിലേക്ക് നീരിലൂടെ ഒഴുകിനടന്നു. തുഴക്കാരുടെ കെട്ടുപിണഞ്ഞതും വെങ്കലനിറമുള്ളതുമായ മാംസപേശികൾ പകൽച്ചൂടിൽ പുകഞ്ഞു. തോണിത്തുഞ്ചത്തിരുന്ന തരുണീമണികളുടെ ചുവപ്പും പച്ചയും നീലയും മഞ്ഞയും നിറമുള്ള പട്ടുകുടകൾ നീരിലൊഴുകി നടക്കുന്ന വിചിത്ര പുഷ്പങ്ങളെപ്പോലെ അണിയത്ത് വിരിഞ്ഞു നിന്നു.

ആകാശത്തിന്റെ ഉയരത്തിൽ ജൂലൈ സൂര്യൻ തീയെരിച്ചു. അന്തരീക്ഷത്തിൽ നേരംപോക്കിന്റെ തീക്ഷ്ണഗന്ധമുയർന്നു. വില്ലോമരത്തിന്റെയും പോപ്ലാർ മരത്തിന്റെയും ദലങ്ങളെ അനക്കാൻ ഒരിറ്റു കാറ്റു പോലും എങ്ങും വീശിയില്ല.

നൗകയ്ക്കു പുറകിൽ വലേറിയൻ കുന്നുകളുടെ അനിഷേധ്യമായ സാന്നിദ്ധ്യം കടുത്ത പ്രകാശത്തിൽ, അടുക്കടുക്കായി ബലപ്പെടുത്തിയ കൊത്തളങ്ങളുയർത്തി. നദിയുടെ വളവിനപ്പുറം വലതു ഭാഗത്ത് ദിവ്യമായ ലൊവനിയൻസ് മലനിരകൾ അർദ്ധവൃത്തം ചമച്ചു. അതിനിടയിൽ സമൃദ്ധവും ഇടതൂർന്നതുമായ പുൽത്തകിടികളും വലിയ പൂന്തോട്ടങ്ങളും വെള്ളച്ചുമരുകളും കാണാമായിരുന്നു.

ലാ ഗ്രെന്യൂലറിന്റെ പ്രാന്തപ്രദേശങ്ങളിൽ, ദ്വീപിന്റെ ആ ഭാഗം ലോകത്തു വെച്ചു തന്നെ ഏറ്റവും മനോജ്ഞമായ ഇടമായി കാത്തുസൂക്ഷിക്കുന്ന വൻമരങ്ങളുടെ അടിയിലൂടെ ഒരു കൂട്ടം ഉല്ലാസനടത്തക്കാർ ഉലാത്തുന്നുണ്ടായിരുന്നു.

എല്ലാ പരിധിയും കവിഞ്ഞ് വളർന്നു മുറ്റിയ മുലകളോടെ സ്ത്രീകളും പെൺകിടാങ്ങളും പെരുപ്പിച്ചു കാട്ടിയ കോലാഹലത്തോടെ ചമഞ്ഞു നടക്കുന്നുണ്ടായിരുന്നു. അവരുടെ കവിൾത്തടങ്ങളിലും ചുണ്ടുകളിലും ചെഞ്ചായവും കണ്ണുകളിൽ മഷിയുമുണ്ടായിരുന്നു. മര്യാദകളെല്ലാം തകർത്തെറിയുന്ന ഉടുപുടവകൾ അവരുടെ മോശം അഭിരുചികൾ വിളംബരം ചെയ്തു കൊണ്ട് പുൽത്തകിടിയിലിഴഞ്ഞു. ചെറുപ്പക്കാരൻമാരാകട്ടെ പുതുപുത്തൻ മട്ടിലുള്ള മൃദുവായ കൈയ്യുറകളും തുടച്ചുമിനുക്കിയ ബൂട്ടുകളും നൂൽവണ്ണമുള്ള ചൂരൽവടികളും വീര്യമൊട്ടുമില്ലാത്ത പുഞ്ചിരിക്ക് അടിവരയിടുന്ന ഒറ്റച്ചില്ലുകണ്ണടകളുമായി

സ്ത്രീജനങ്ങൾക്കു പിന്നാലെ ഗോഷ്ഠികൾ കാട്ടിനടന്നു.

ലാ ഗ്രെന്യൂലറിന്റെ അങ്ങേവശത്ത് ദ്വീപിന് ഒട്ടും തന്നെ വീതിയില്ല. കടത്തു തോണി ക്രോയിസിയിൽ നിന്നും ഇടതടവില്ലാതെ ആളുകളെ കൊണ്ടിറക്കുന്ന അതിന്റെ അങ്ങേത്തലയ്ക്കൽ നദിയിലെ ഒഴുക്ക് ചടുലവും ശക്തവും ചുഴികളും മലരികളും നിറഞ്ഞതുമാണ്.

തോണിപ്പട്ടാളക്കാരുടെ ഒരു കൂട്ടം പീരങ്കിപ്പട്ടാളത്തിന്റെ കുപ്പായവും ധരിച്ച് നദിക്കരയിൽ തമ്പടിച്ചിട്ടുണ്ട്. വലിയൊരു മരത്തടിയിൽ നിരനിരയായി അവർ നീരൊഴുക്ക് നോക്കിയിരിക്കുകയാണ്.

ജലനൗകയിൽ ശബ്ദമുഖരിതവും കോലാഹലപ്രിയരുമായ ജനക്കൂട്ടം തിങ്ങിനിറഞ്ഞു. തുളുമ്പിപ്പോയ പാനീയങ്ങൾ ഒട്ടുന്ന ചാലുകളുണ്ടാക്കിയ മരമേശകളിന്മേൽ പാതിയൊഴിഞ്ഞ ചഷകങ്ങളും ചുറ്റും പാതി ഉന്മത്തരായ പതിവുകാരുമുണ്ട്. ജനക്കൂട്ടം അട്ടഹസിക്കുകയും പാട്ടു പാടുകയും കലഹിക്കുകയും ചെയ്തു. തൊപ്പി തലയിൽ നിന്നൂർന്നു പോകാറായ പുരുഷന്മാർ ചുവന്ന മുഖത്തോടെയും കുടിയന്മാരുടെ സമർത്ഥമായ കണ്ണുകളോടെയും തെമ്മാടികൾ സ്വാഭാവികമായും ഏർപ്പെടാറുള്ള ശണ്ഠയ്ക്കുള്ള അവസരം തേടി ആക്രോശത്തോടെ അലഞ്ഞു. രാത്രിയ്ക്കുള്ള ഇരയെ തേടി അലയുന്ന സ്ത്രീകൾ അവരെ മുതലാക്കാനും ശ്രമിച്ചു.



മേശകൾക്കിടയിലുള്ള ഒഴിഞ്ഞ ഇടങ്ങളിലെല്ലാം തോണിക്കാരും കുട്ടിക്കുപ്പായം ധരിച്ച അവരുടെ കൂട്ടുകാരും നിറഞ്ഞു.

അതിലൊരാൾ പിയാനോയ്ക്കടുത്തു പോകുകയും കൈ കൊണ്ടെന്നതു പോലെ കാൽ കൊണ്ടും തനിയ്ക്കത് വായിക്കാനറിയാമെന്ന് ഭാവിക്കുകയും ചെയ്തു. അതിനിടെ നാലു ദമ്പതികൾ സംഘനൃത്തം ആരംഭിക്കുകയും ദുർവാസന മനുഷ്യരൂപമെടുത്ത് മുന്നിൽ വന്നാൽ പോലും ശരി വെക്കുന്ന തരത്തിൽ ചുവടുകൾ വെക്കുകയുംചെയ്തു.

ലോകത്തിന്റെ മുഴുവൻ പൊങ്ങച്ചവും മായാമോഹവും ഒരാൾക്കവിടെ നിന്ന് മട്ടോളം മോന്താമായിരുന്നു. ലോകത്തിന്റെ എല്ലാ കാമാസക്തിയും പാരീസ് സമൂഹത്തിന്റെ വികൃതമായ മുഖവും അവർക്കവിടെ കാണാം;മറുകണ്ടം ചാടുന്നവരുടെയും കളിമിടുക്കുള്ളവരുടെയും മൂന്നാംകിട പത്രക്കാരുടെയും ദുഷിച്ചു നാറിയ കടപ്പത്രവ്യാപാരികളുടെയും കുപ്രസിദ്ധരായ വ്യഭിചാരികളുടെയും തോന്നിയ പോലെ പണം കളയുന്ന മാന്യരുടെയും അത്യാസക്തി തകർത്തവരുടെയും ലോകമായിരുന്നു അത്. ദുരൂഹമായ കഥാപാത്രങ്ങളുടെ–പാതിയറിയാവുന്ന,പാതി മറഞ്ഞ,പാതി തിരിച്ചറിയാവുന്ന കഥാപാത്രങ്ങളുടെ സന്ദേഹമുണർത്തുന്ന ആ ലോകത്തിൽ തെണ്ടികളും തെമ്മാടികളും പോക്കറ്റടിക്കാരും കൂട്ടിക്കൊടുപ്പുകാരും നാട്യക്കാരായ തട്ടിപ്പുകാരുമുണ്ട്. "തെമ്മാടിയായി എന്നെ ആദ്യം പരിഗണിക്കുന്നയാളെ ഞാൻ പിച്ചിച്ചീന്തും" എന്നു വിളിച്ചു പറയുന്ന വമ്പുപറച്ചിലിന്റേതായ ഭാവവും ആ ലോകത്തിന് സ്വന്തമാണ്.

ആ ലോകത്തിൽ നിന്ന് ബുദ്ധിശൂന്യതയുടെ ദുർഗന്ധമുയരുന്നുണ്ട്. അഴുക്കിന്റെയും ശൃംഗാരചേഷ്ടകളുടെയും കെട്ട മണമുയരുന്നുണ്ട്. വാൾവീശലോ വെടിയുണ്ടയുടെ ശബ്ദമോ വീണ്ടും തകരാറിലാക്കുന്ന പുഴു തിന്ന യശസ്സിനു വേണ്ടി, സമ്മതത്തിനു

> ലാ ഗ്രെന്യൂലറിൽ നിന്ന് അട്ടഹാസമുയർന്നു: "അവർ സ്വവർഗ്ഗാനുരാഗികളാണ്." പെട്ടെന്ന് അവിടെയെങ്ങും ഉഗ്രമായ ആരവം പരന്നു. ഭയാനകമായ പിടിവലികളുണ്ടായി. ചില്ലുചഷകങ്ങൾ താഴെ വീണുടഞ്ഞു. ചിലർ മേശക്കു മുകളിൽ കയറി നിന്നു. ഉന്മത്തമായ ശബ്ദത്തിൽ എല്ലാവരും ആക്രോശിച്ചു: "സ്വവർഗ്ഗാനുരാഗികൾ! സ്വവർഗ്ഗാനുരാഗികൾ! സ്വവർഗ്ഗാനുരാഗികൾ!" ഉച്ചസ്ഥായിയിലെത്തിയ അട്ടഹാസങ്ങൾ വേർതിരിച്ചെടുക്കാനാകാത്ത ഓരിയിടലായി മാറി.

വേണ്ടി,വിസമ്മതത്തിനു വേണ്ടി പോരാടുന്ന,പ്രണയത്തിന്റെ വാസനയുള്ള ഇടമാണത്.

ലാ ഗ്രെന്യൂലറിനടുത്തു പാർക്കുന്ന ചിലർ കൗതുകത്തോടെ എല്ലാ ഞായറാഴ്ചയും അവിടെ എത്തിനോക്കുന്നു. തീരെ പ്രായം കുറഞ്ഞ ചില ചെറുപ്പക്കാർ എല്ലാ വർഷവും ജീവിക്കേണ്ടതെങ്ങിനെയെന്നു പഠിക്കാൻ അവിടെ വരുന്നു. ലക്ഷ്യമൊന്നുമില്ലാതെ അലയുന്ന ചില പതിവുകാരും അവിടെ എത്താറുണ്ട്. ചില പുതുക്കക്കാരും അവിടെയുമിവിടെയും കറങ്ങിനടക്കും. ജലനൗകയുടെ തൊട്ടടുത്തു തന്നെ ചിലർ കുളിക്കുന്നുണ്ടായിരുന്നു. ആവശ്യമായ മുഴുപ്പ് ശരീരഭാഗങ്ങൾക്ക് സ്വന്തമായിട്ടുള്ള തരുണീമണികൾ അവിടെ തങ്ങളുടെ ചരക്കുകൾ പ്രദർശിപ്പിക്കുകയും തല്പരകക്ഷികളെ തപ്പിയെടുക്കുകയും ചെയ്തു. അത്തരം സൗഭാഗ്യമില്ലാത്തവർ വെച്ചു കെട്ടലുകൾ കൊണ്ട് അവിടെയും ഇവിടെയും നേരെയാക്കിയെടുത്ത ശരീരഭാഗങ്ങളോടെ തങ്ങളുടെ സഹോദരിമാരെ പുച്ഛത്തോടും പരിഹാസത്തോടും നോക്കിനിൽക്കുകയും ചെയ്തു.

ജലനൗകയിലെ ചെറിയ തട്ടിൽ നീരിലേക്ക് തല കുത്തിച്ചാടാൻ തയ്യാറെടുത്ത് നീന്തൽക്കാരുടെ കൂട്ടം തിരക്കുകൂട്ടി. അവർ മുന്തിരിവള്ളി പോലെ നേർത്തവരോ മത്തങ്ങ പോലെ ഉരുണ്ടവരോ ഒലിവ് ശിഖരങ്ങൾ പോലെ വളഞ്ഞു പിരിഞ്ഞവരോ ആയിരുന്നു. അവർ മുന്നോട്ടു വളഞ്ഞവരാണ്. അല്ലെങ്കിൽ ഉദരത്തിന്റെ ഭാരം മൂലം പിന്നോട്ടാഞ്ഞവരാണ്. ഏതായാലും നിശ്ചയമായും എല്ലാവരും വിരൂപരായിരുന്നു. അവർ നദിയിലേക്കെടുത്തു ചാടിയപ്പോൾ കാപ്പിമേശയ്ക്കിരുപുറവുമിരിക്കുന്നവരുടെ മേൽ വെള്ളം ഊക്കിൽ തെറിച്ചു വീണു.

ജലനൗകക്കു മേലെ തൂങ്ങിക്കിടക്കുന്ന വൻമരങ്ങളുടെയും തൊട്ടടുത്തു തന്നെയുള്ള ജലത്തിന്റെയും സാന്നിദ്ധ്യത്തെ അവഗണിച്ചു കൊണ്ട് ശ്വാസം മുട്ടിക്കുന്ന ചൂട് അവിടെ നിറഞ്ഞു നിന്നു. ചിന്തിയ പാനീയങ്ങളിൽ നിന്നുയരുന്ന ധൂമങ്ങളും ഉടൽ പുഴുങ്ങിയ ഗന്ധവും പ്രണയവ്യാപാരികളുടെ ശരീരത്തിൽ വാരിപ്പൂശിയ വാസനത്തൈലങ്ങളുടെ പരിമളവും കൂടിക്കലരുകയും ആ ചൂളയിൽ ഉരുകിച്ചേരുകയും ചെയ്തു. വ്യത്യസ്തങ്ങളായ ആ ഗന്ധങ്ങൾക്കടിയിലും ദുർവാസനയുടെ നേരിയ സൗരഭ്യം ഉയരുന്നുണ്ടായിരുന്നു. അദൃശ്യമായ ഒരു കരം അദൃശ്യമായി വിതറുന്നതു പോലെ അത് ഇടക്കിടെ പ്രത്യക്ഷമാകുകയും അപ്രത്യക്ഷമാകുകയും ചെയ്തു. തോണികളുടെ ഇടതടവില്ലാത്ത വരവും പോക്കും കണ്ണുകളെ ആകർഷിക്കുന്ന നദിയായിരുന്നു പ്രദർശനരംഗം. കയ്യൂക്കുള്ള തങ്ങളുടെ ആണുങ്ങൾക്കെതിരെ തോണിയിലെ പെണ്ണുങ്ങൾ നീണ്ടു നിവർന്നു കിടക്കുകയും ദ്വീപിൽ അത്താഴത്തിനുള്ള ഇര തേടി നടക്കുന്നവരെ പുച്ഛത്തോടെ നോക്കുകയും ചെയ്തു.

ചിലപ്പോൾ തോണികളുടെ ഒരു കൂട്ടം അതിവേഗതയിൽ കടന്നുപോകുമ്പോൾ തീരത്ത് നിൽക്കുന്ന കൂട്ടുകാർ ആർത്തു വിളിക്കുകയും കാണികളെല്ലാം ഭ്രാന്തുപിടിച്ചതുപോലെ ആ അട്ടഹാസത്തിൽ പങ്കെടുക്കുകയും ചെയ്തു.

ചാറ്റണിലേക്കുള്ള വളവിൽ നിന്നും പിന്നെയും തോണികൾ ഇടതടവില്ലാതെ ഒഴുകിയെത്താൻ തുടങ്ങി. അവ അടുത്തടുത്ത് വരികയും വലുതാവുകയും ചെയ്തു. അവയിലെ മുഖങ്ങൾ തിരിച്ചറിയാറായപ്പോൾ വീണ്ടും ആർപ്പുവിളികൾ പൊട്ടിപ്പുറപ്പെട്ടു. മേലാപ്പ് കെട്ടിയ, നാലുപെണ്ണുങ്ങൾ സവാരിക്കാരായുള്ള ഒരു തോണി പതിയെ നീരൊഴുക്കിനെ പ്രതിരോധിച്ച് മുകളിലേക്ക് കയറിവന്നു. തോണി തുഴയുന്നവൾ ചെറിയ ദേഹപ്രകൃതിയുള്ളവളും മെലിഞ്ഞവളും ക്യാബിൻ പയ്യന്റെ വസ്ത്രം ധരിച്ചവളുമായിരുന്നു. തലയോട്ടിയോട് ഒട്ടിക്കിടക്കുന്ന ഒരു തൊപ്പിക്കുള്ളിൽ തിരുകി വച്ചിരിക്കുകയാണ് അവളുടെ മുടി. അവൾക്കെതിരെ കാമരൂപിണിയായ ഒരു തവിട്ടുമുടിക്കാരി–ആണുങ്ങളുടെ വസ്ത്രധാരണരീതി പിന്തുടരുന്നവൾ–വെളുത്ത കമ്പിളിക്കുപ്പായവുമണിഞ്ഞ് തോണിയുടെ പുറകിൽ മലർന്നു കിടക്കുന്നുണ്ട്. കാലുകൾ വായുവിലുയർത്തി തോണിയുടെ ഇരുവശങ്ങളിലും വെച്ചിരിക്കുന്നു.

തുഴയുടെ ഓരോ ചലനത്തിലും സിഗററ്റു പുകയ്ക്കുന്ന അവളുടെ നെഞ്ചും ഉദരവും ആഘാതമേറ്റാലെന്ന പോലെ വിറയ്ക്കുന്നുണ്ട്. മേലാപ്പിനു താഴെ,തോണിയുടെ പിൻഭാഗത്ത് സുന്ദരികളായ രണ്ടു പെൺകിടാങ്ങൾ,മെലിഞ്ഞു കൊലുന്നനെയുള്ളവർ അരക്കെട്ടിൽ പരസ്പരം കൈകൾ കോർത്ത് തങ്ങളുടെ കൂട്ടുകാരെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു. അവരിലൊരാൾ ഇരുണ്ട നിറക്കാരിയും മറ്റയാൾ വെളുത്ത നിറക്കാരിയുമാണ്.

ലാ ഗ്രെന്യൂലറിൽ നിന്ന് അട്ടഹാസമുയർന്നു:"അവർ സ്വവർഗ്ഗാനുരാഗികളാണ്." പെട്ടെന്ന് അവിടെയെങ്ങും ഉഗ്രമായ ആരവം പരന്നു. ഭയാനകമായ പിടിവലികളുണ്ടായി. ചില്ലുചഷകങ്ങൾ താഴെ വീണുടഞ്ഞു. ചിലർ മേശക്കുമുകളിൽ കയറി നിന്നു. ഉന്മത്തമായ ശബ്ദത്തിൽ എല്ലാവരും ആക്രോശിച്ചു:"സ്വവർഗ്ഗാനുരാഗികൾ! സ്വവർഗ്ഗാനുരാഗികൾ! സ്വവർഗ്ഗാനുരാഗികൾ!" ഉച്ചസ്ഥായിയിലെത്തിയ അട്ടഹാസങ്ങൾ വേർത്തിരിച്ചെടുക്കാനാകാത്ത ഓരിയിടലായി മാറി. വീണ്ടും ആക്രോശം മുഴങ്ങുകയും അത് ആകാശത്തും താഴ്വരയിലും വൻമരങ്ങളുടെ മരച്ചർത്തുകളിലും വിദൂസ്ഥങ്ങളായ മലഞ്ചെരിവുകളിലും സൂര്യനിൽ പോലും നിറഞ്ഞു തുളുമ്പുകയും ചെയ്തു.

ആക്രോശങ്ങൾക്കു നടുവിൽ തുഴച്ചിലുകാരി തുഴച്ചിൽ നിർത്തിയിരുന്നു. തോണിയ്ക്കു പുറകിൽ മലർന്നു കിടന്നിരുന്ന തവിട്ടു മുടിക്കാരി അലസമായ നോട്ടത്തോടെ മുട്ടു കുത്തിയെണീറ്റു. മേലാപ്പിനു കീഴിലിരുന്ന പെൺകൊടികൾ ജനക്കൂട്ടത്തെ അഭിവാദ്യം ചെയ്യുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു.

ആരവം ഇരട്ടിക്കുകയും ജലനൗക വിറയ്ക്കാൻ തുടങ്ങുകയും ചെയ്തു. ആണുങ്ങൾ തൊപ്പി തലയിൽ നിന്നൂരുകയും പെണ്ണുങ്ങൾ തൂവാലയെടുത്ത് വീശിക്കാണിക്കുകയും ചെയ്തു. തുളച്ചു കയറുന്നതും ആഴത്തിലുള്ളതുമായ ശബ്ദങ്ങളെല്ലാം ഒത്തുചേർന്നലറി:

"സ്വവർഗ്ഗാനുരാഗികൾ."

അഡ്മിറൽ കടന്നു പോകുമ്പോൾ പട്ടാളക്കാർ ആചാരവെടിയോടെ അഭിവാദ്യം ചെയ്യുന്നതു പോലെയാണ് ആ കെട്ടവരുടെ കൂട്ടം ആ പെണ്ണുങ്ങളെ എതിരേറ്റതെന്ന് തോന്നിപ്പോകും.

എണ്ണമറ്റ തോണിക്കൂട്ടങ്ങളും കരയിലേക്ക് നീങ്ങിത്തുടങ്ങിയ പെണ്ണുങ്ങളുടെ തോണിയെ അഭിവാദ്യം ചെയ്തു.

പോൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി കീശയിൽ നിന്നും ഒരു താക്കോൽ പുറത്തെടുക്കുകയും സർവ്വശക്തിയുമുപയോഗിച്ച് ചൂളമടിക്കുകയും ചെയ്തു. ചകിതയായിത്തീർന്ന അയാളുടെ പ്രണയിനി വിളറുകയും ശാന്തനായിരിക്കാൻ അയാളോട് കയ്യിൽ വിരലുകളമർത്തി ആവശ്യപ്പെടുകയും ചെയ്തു. അവളുടെ കണ്ണുകളിൽ രോഷത്തിന്റെ തീയുണ്ടായിരുന്നു. അനിയന്ത്രിതവും സഹജവുമായ ക്രോധത്തിൽ നിന്നുടലെടുത്ത അസൂയയാൽ വലഞ്ഞു പോയിരുന്നു അയാൾ. ധാർമ്മികരോഷത്താൽ വിറയ്ക്കുന്ന ചുണ്ടുകളോടെ അയാൾ വിക്കിവിക്കിപ്പറഞ്ഞു:

"എന്തൊരു നാണക്കേട്! പുഴുത്ത പട്ടികളെപ്പോലെ ഇവറ്റയെ കഴുത്തിൽ കല്ലുകെട്ടി കയത്തിൽ മുക്കിക്കൊല്ലണം."

മാദലീൻ ക്രോധത്താൽ ജ്വലിച്ചു. അവളുടെ തുളച്ചു കയറുന്ന ശബ്ദം ചീറ്റലായി മാറി. സ്വന്തം ഭാഗം വാദിക്കുന്നതു പോലെ അവൾ വാചാലയായി:

"അതുകൊണ്ട് നിങ്ങൾക്കെന്താണ് കുഴപ്പം? ആരോടും കടപ്പെട്ടിട്ടില്ലാത്ത അവർക്ക് ഇഷ്ടമുള്ളത് ചെയ്യാനുള്ള സ്വാതന്ത്ര്യമില്ലേ? അഹംഭാവം അല്പം കുറച്ച് സ്വന്തം കാര്യം മാത്രം നോക്കുന്നതാണ് നല്ലത്..."

അയാൾ അവളുടെ സംസാരം മുറിച്ചു:

"പൊലീസുകാർക്കിതിൽ കാര്യമുണ്ടാകുമല്ലോ. ഇപ്പോൾ തന്നെ ഞാനവരെ വിവരമറിയിക്കും. തീർച്ചയായും ഞാനത് ചെയ്യും."

അവൾ ഞെട്ടിപ്പോയി.

"നിങ്ങളോ?"

"അതേ,ഞാൻ തന്നെ! അവരോട് സംസാരിക്കുന്നതിൽ നിന്ന് ഞാൻ നിന്നെ വിലക്കുന്നു. നിനക്കു മനസ്സിലായോ,അവരോട് സംസാരിക്കരുത്."

അവൾ ചുമലുകൾ വെട്ടിക്കുകയും അടുത്ത നിമിഷം ശാന്തയാകുകയും ചെയ്തു.

"എന്റെ കൂട്ടുകാരാ. നിങ്ങൾ പറയുന്നതു പോലെ ചെയ്യാം. തൃപ്തിയായില്ലെങ്കിൽ നിങ്ങൾക്ക് ഈ നിമിഷം പോകാം. ഞാൻ നിങ്ങളുടെ ഭാര്യയൊന്നുമല്ല, ആണോ? എങ്കിൽ അല്പനേരത്തേക്ക് നാവടക്കൂ."

അയാൾ മറുപടിയൊന്നും തന്നെ പറഞ്ഞില്ല. ഇറുകിയടച്ച ചുണ്ടുകളോടെ,ദ്രുതഗതിയിൽ ശ്വസിച്ച് അവർ മുഖത്തോടു മുഖം നോക്കി നിന്നു.

ജലനൗകയുടെ മറുവശത്തുകൂടെ നാലു പെണ്ണുങ്ങളും കയറി വന്നു. ആണുങ്ങളുടെ വേഷമിട്ട രണ്ടു പെണ്ണുങ്ങൾ മുമ്പിൽ നടന്നു. കുറച്ചു മുതിർന്ന പയ്യനെപ്പോലെ മെലിഞ്ഞവളുടെ ചെന്നിക്കുഴികളിൽ മഞ്ഞ വരകളുണ്ട്. രണ്ടാമത്തെ ആൺവേഷക്കാരി തന്റെ വലിയ കാലുറകളിൽ തടിച്ച,പുറത്തേക്കുന്തി നിൽക്കുന്ന ശരീരം കുത്തിനിറച്ചിരിക്കുന്നു. കൂറ്റൻ കാലുകളും വളഞ്ഞ കാൽമുട്ടുകളുമുള്ള അവൾ തടിച്ചിത്താറാവിനെ പോലെ ആടിയാടി നടന്നു. അവരുടെ കൂട്ടുകാരികൾ പുറകെ വരികയും തോണിക്കാർ അവരുടെ കൈ പിടിച്ചു കുലുക്കാൻ തിക്കിത്തിരക്കുകയും ചെയ്തു.

നാലു പേരും നദിതീരത്ത് ഒരു കൊച്ചു വീട് വാടയ്ക്കെടുത്തിരിക്കുകയാണ്. രണ്ടു കുടുംബങ്ങൾ ജീവിക്കുന്നതെങ്ങനെയോ അങ്ങി

നെത്തന്നെയാണ് അവിടെയവർ താമസിക്കുന്നത്.

അവരുടെ ദുർവ്വാസന പര സ്യവും അംഗീകരിക്കപ്പെട്ടതും അവരുടെ കുത്തകാവകാശവുമാ യിരുന്നു. ജനങ്ങൾ അത് വളരെ സ്വാഭാവികമായ ഒന്നാണെന്ന മട്ടിലാണ് പെരുമാറിയത്. അതവരുടെ അനുതാപം ഒരു പരിധി വരെ വിളിച്ചു വരുത്തുകയും ചെയ്തു. അവർ ഉഗ്രമായ പെണ്ണസൂയയിൽ നിന്ന് പിറവിയെടുക്കുന്ന നാടകങ്ങളെ കുറിച്ചും നദിക്കരയിലെ കൊച്ചുവീട്ടിലേക്ക് രഹസ്യസന്ദർശനം നടത്തുന്ന പ്രശസ്തരായ പെണ്ണുങ്ങളെയും നടിമാരെയും കുറിച്ചും പതിഞ്ഞ ശബ്ദത്തിൽ അടക്കം പറഞ്ഞു.

പ്രകോപനപരമായ അത്തരം അപവാദങ്ങൾ കേട്ട് ഞെട്ടിപ്പോയ ഒരു അയൽക്കാരൻ പൊലീസിനെ വിവരമറിയിക്കുകയും ഒരു ഇൻസ്പെക്ടർ അന്വേഷണത്തിനായി എത്തുകയും ചെയ്തു. അയാളുടെ ദൗത്യം വളരെ വിഷമം പിടിച്ചതും വേശ്യാവൃത്തിയിലേക്ക് വഴുതിവീണിട്ടില്ലാത്ത ആ പെണ്ണുങ്ങളെ ശകാരിക്കുകയെന്നത് ഏറെക്കുറെ അസാദ്ധ്യവുമായിരുന്നു. ആരോപിക്കപ്പെട്ട കുറ്റത്തിന്റെ യഥാർത്ഥ സ്വഭാവം അറിയാത്തതിനാൽ തന്നെ പരിഭ്രമിച്ചു പോയ അയാൾ ക്രമമില്ലാത്ത ഏതാനും ചോദ്യങ്ങൾ ചോദിക്കുകയും അവസാനം അവരുടെ നിഷ്ക്കളങ്കതയെ ശരിവെക്കുന്ന ഉദാത്തമായ റിപ്പോർട്ടുണ്ടാക്കുകയും ചെയ്തു. സെന്റ് ജെർമയിനിലേക്ക് തിരിച്ചു പോകുന്ന വഴി മുഴുവൻ അതെക്കുറിച്ചോർത്ത് അവർ ചിരിച്ചു കൊണ്ടേയിരുന്നു. അവർ രാജ്ഞിമാരുടേതു പോലുള്ള പ്രൗഢഗംഭീരമായ കാൽവെയ്പ്പുകളോടെ ലാ ഗ്രെന്യൂലറിൽ നടന്നു. സ്വന്തം മഹത്വത്തിൽ അവർ മുഗ്ദ്ധരായതു പോലെ തോന്നി. തങ്ങളിലുറപ്പിച്ച നോട്ടങ്ങൾ അവരെ അതിരറ്റു സന്തോഷിപ്പിച്ചു. ജനക്കൂട്ടത്തേക്കാൾ, കാണികളേക്കാൾ, തൊഴിലാളികളേക്കാൾ ശ്രേഷ്ഠരാണ് തങ്ങളെന്ന ഭാവം അവരെ ഗ്രസിച്ചിരിക്കുന്നതു പോലെ തോന്നി.

മാദലീനും പ്രിയനും അവർ നടന്നു വരുന്നത് നോക്കിനിന്നു. അവളുടെ കണ്ണുകൾക്ക് പെട്ടെന്ന് തീ പിടിച്ചു.

ആദ്യത്തെ രണ്ടു പേർ മേശയ്ക്കടുത്തെത്തിയപ്പോൾ മാദലീൻ ഉറക്കെ വിളിച്ചു:

“പോളിൻ!”

സ്ഥൂലശരീരമുള്ള പെണ്ണ് തിരിഞ്ഞുനോക്കുകയും നിൽക്കുകയും ചെയ്തു. അപ്പോഴെല്ലാം അവൾ സ്ത്രൈണതയുള്ള കാബിൻ പയ്യന്റെ കൈ പിടിച്ചിട്ടുണ്ടായിരുന്നു:

“ദൈവമേ,മാദലീൻ... വാ,വന്നെന്നോട് സംസാരിക്ക് പൊന്നേ!”

പോളിന്റെ വിരലുകൾ പ്രണയിനിയുടെ കൈത്തണ്ട ഞെരിച്ചു. അവൾ വല്ലാത്തൊരു ഭാവത്തോടെ അയാളോട് പറഞ്ഞു:

“നിങ്ങൾക്കറിയാമല്ലോ എന്റെ മനുഷ്യാ,.താല്പര്യമില്ലെങ്കിൽ നിങ്ങൾക്കു പോകാം.” അയാളൊന്നും പറയാതെ തനിച്ചിരുന്നു.

അവർ മൂന്നു പേരും നിന്നു കൊണ്ടു തന്നെ പതിഞ്ഞ ശബ്ദത്തിൽ പലതും പറഞ്ഞു. സുഖകരമായ പല നേരമ്പോക്കുകളും അവരുടെ ചുണ്ടുകളിൽ നിന്ന് പുറത്തു വന്നു. ദ്രുതഗതിയിലായിരുന്നു അവരുടെ സംസാരം. ഇടക്കിടെ പോളിൻ കൗശലവും പകയും തുളുമ്പുന്ന ചിരിയോടെ പോളിനു നേർക്ക് ഇടങ്കണ്ണിട്ടു നോക്കുന്നുണ്ടായിരുന്നു.

സഹിക്കാൻ കഴിയാതെ വന്നപ്പോൾ പോൾ പെട്ടെന്നെഴുന്നേല്ക്കുകയും ഒറ്റ ചാട്ടത്തിന് അവരുടെ അടുത്തെത്തുകയും ചെയ്തു. അയാളുടെ കൈകാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. അയാൽ മാദലീന്റെ ചുമലുകൾ മുറുകെപ്പിടിച്ചു:

“വാ,നമുക്കു പോകാം,” അയാൾ പറഞ്ഞു. “ഈ തെണ്ടികളോട് സംസാരിക്കരുതെന്ന് ഞാൻ പറഞ്ഞിരുന്നല്ലോ.”

അതു കേട്ട് പോളിൻ ശബ്ദമുയർത്തുകയും മൂന്നാം കിട വാക്കുകളിൽ അയാളെ കുളിപ്പിക്കുകയുംചെയ്തു. ചുറ്റിനുമുള്ളവരെല്ലാം തന്നെ പൊട്ടിച്ചിരിച്ചു. അവരെല്ലാം മുന്നോട്ടു നീങ്ങുകയും അയാളെ കൂടുതൽ നന്നായി കാണാനായി പെരുവിരലൂന്നി നിൽക്കുകയും ചെയ്തു. അസഭ്യപദങ്ങളുടെ മഴയിൽ അയാൾക്ക് മിണ്ടാട്ടം മുട്ടിപ്പോയി. പോളിന്റെ വായിൽ നിന്നും പുറത്തു വരുന്ന വാക്കുകൾ അഴുക്കു പോലെ, തന്റെ ഉടലിനെ അശുദ്ധമാക്കിയെന്ന് അയാൾക്കു തോന്നി. അയാൾ പിന്തിരിയുകയും നദിയ്ക്കു നേരെ തിരിഞ്ഞ്, കൈവരികളിൽ കൈമുട്ടൂന്നി വിജയികളായ മൂന്നു പെണ്ണുങ്ങൾക്കു നേരെ പുറം തിരിഞ്ഞു നിൽക്കുകയും ചെയ്തു.

അയാൾ നദിയിലെ നീരൊഴുക്കു നോക്കി നിൽക്കുകയും അതിനെ പറിച്ചെടുക്കുന്നതു പോലുള്ള ചടുലമായ കയ്യാംഗ്യങ്ങൾ കാണിക്കുകയും ചെയ്തു. കണ്ണിൽ നിന്നൊലിച്ചിറങ്ങിയ നീര് അയാൾ നീണ്ട വിരലുകളാൽ തുടച്ചെടുത്തു.

സംസ്കൃതമായ സഹജാവബോധത്തെ, യുക്തി ബോധത്തെ,മന:ശക്തിയെ

വെല്ലുവിളിച്ചു കൊണ്ട്–കാരണം പോലുമറിയിക്കാതെ പ്രണയം അയാളെ കീഴ്പ്പെടുത്തിയിരിക്കുന്നു എന്നതായിരുന്നു യാഥാർത്ഥ്യം. ചെളിക്കുഴിയിൽ വീഴുന്നതു പോലെയാണ് അയാൾ പ്രണയത്തിൽ വഴുതി വീണത്. കോമളവും മൃദുലവുമായ പ്രകൃതമുള്ള അയാൾ ഉദാത്തവും വികാരാവേശം തുടിയ്ക്കുന്നതുമായ രഹസ്യബന്ധങ്ങൾ  സ്വപ്നം കണ്ടിരുന്നു. ആ ചെറിയ പെണ്ണ്,മറ്റെല്ലാ പെണ്ണുങ്ങളെയും പോലെ ബുദ്ധിശുന്യയായവൾ, സുന്ദരി പോലുമല്ലാത്തവൾ, മെലിഞ്ഞ വൾ,നാക്കിനരമുള്ളവൾ അയാളെ തടവുകാരനാക്കിയിരിക്കുന്നു. നെറുക മുതൽ കാലു വരെ,ശരീരം മുതൽ ആത്മാവു വരെ അവൾ ആവേശിച്ചിരിക്കുന്നു. മാംസപ്പിശാചിൽ നിന്നുടലെടുക്കുന്ന അതിശക്തവും നിഗൂഢവുമായ സ്ത്രൈണമായാവലയത്തിൽ അയാൾ അകപ്പെട്ടിരിക്കുന്നു. തന്റെ മാരകമായ സർവ്വാധിപത്യത്തിന് യാതൊരു കാരണവും പറയാനില്ലാത്ത ഏതെങ്കിലുമൊരു പെൺകിടാവിനു മുന്നിൽ അങ്ങേയറ്റം വിവേകമതിയായ ആണിനെ പോലും കാലിടറി വീഴ്ത്തുന്നു ആ മായാവലയം.

തന്റെ പുറകിൽ നാണം കെട്ട എന്തോ ഏർപ്പാട് നുരയിടുന്നുണ്ടെന്ന് അയാൾക്കു തോന്നി. ഉച്ചത്തിലുള്ള പൊട്ടിച്ചിരികൾ അയാളുടെ ഹൃത്തടത്തിൽ ആഞ്ഞു തറച്ചു. എന്താണയാൾ ചെയ്യേണ്ടത്? അതയാൾക്ക് നല്ലവണ്ണം അറിയാമായിരുന്നു. പക്ഷേ, അതു ചെയ്യാൻ അയാൾക്കാകുമായിരുന്നില്ല.

നദിക്കരയിലിരിക്കുന്ന ഒരു ചൂണ്ടക്കാരനെയും അയാളുടെ അനക്കമില്ലാത്ത ചൂണ്ടനാരിനെയും പോൾ നോക്കിനിന്നു.

പെട്ടെന്ന് ഒരു വെണ്മീൻ ചൂണ്ടത്തുമ്പിൽ കൊരുത്തുയരുകയും നദിക്കു പുറത്തേക്കു തെറിക്കുകയും ചെയ്തു. മീൻപിടുത്തക്കാരൻ ചൂണ്ടക്കൊളുത്ത് മീനിനുള്ളിൽ നിന്നും പുറത്തെടുക്കാൻ ശ്രമിച്ചു. പരാജയപ്പെട്ടപ്പോൾ ക്ഷമ നശിച്ച് അതിനെ ശക്തിയോടെ പുറത്തേക്ക് വലിച്ചു. വെണ്മീ നിന്റെ  ചോരയൊലിക്കുന്ന അന്നനാളവും കുടൽമാലകളും പുറത്തേക്കു വന്നു. പോൾ ഞെട്ടിത്തരിക്കുകയും ആത്മാനുതാപത്തിലേക്ക് വഴുതിവീഴുകയും ചെയ്തു. ആ ചൂണ്ടക്കൊളുത്ത് തന്റെ പ്രണയമാണെന്നും മാദലീന്റെ കയ്യിലുള്ള അതിന്റെ നാട പിടിച്ചു വലിച്ചാൽ തന്റെ കരൾ തന്നെ പിളർന്നു പുറത്തേക്കു വരുമെന്നും അയാൾക്കു തോന്നി.

ഒരു കൈ അയാളുടെ ചുമലിൽ പതിഞ്ഞു. അയാൾ ആന്തലോടെ തിരിഞ്ഞു നോക്കി. അതയാളുടെ പ്രണയിനിയായിരുന്നു. അവർ പരസ്പരമൊന്നും തന്നെ ഉരിയാടിയില്ല. അവളും അയാളെ പോലെ കൈവരിയിൽ കൈമുട്ടു കുത്തി നദിയിലേക്ക് ഉറ്റുനോക്കി.

അവളോടെന്തു പറയണമെന്ന് ആലോചിച്ചു  നോക്കിയെങ്കിലും അയാൾക്കൊന്നും തന്നെ കണ്ടെത്താനായില്ല. സ്വന്തം വികാരങ്ങളുടെ കുടുക്കഴിക്കാൻ പോലും അയാൾക്കായില്ല. അവളുടെ സാന്നിദ്ധ്യം ഉണർത്തിവിട്ട ആനന്ദം അയാളെ മൂടുകയും നാണം കെട്ട ഭീരുത്വത്തോടെ എല്ലാം പൊറുക്കാനും, തന്നെ വിട്ടു പോകാത്ത പക്ഷം എല്ലാം അനുവദിക്കാനുമുള്ള കഠിനമായ ആഗ്രഹം അയാൾക്കുണ്ടാകുകയും ചെയ്തു.

ഏതാനും നിമിഷങ്ങൾക്കു ശേഷം അയാൾ അങ്ങേയറ്റം ശാന്തമായ സ്വരത്തിൽ അവളോടു പറഞ്ഞു:

“നമുക്കു പോയാലോ? തോണിസവാരി കുറേക്കൂടി രസകരമാകുമെന്നു തോന്നുന്നു.”

“ശരി,എന്റെ കള്ളപ്പൂച്ചേ.”

അല്പം നനവ് തങ്ങിനിൽക്കുന്ന കണ്ണുകളോടെ അയാൾ അവളെ തോണിയിലേക്കു കയറാൻ സഹായിച്ചു. മൃദുലമായ അവളുടെ കരങ്ങൾ പിടിച്ചമർത്തിയപ്പോൾ അവൾ ചിരിക്കുകയും രണ്ടുപേരും പുതുക്കപ്പെട്ട രാഗാവേശത്തോടെ പരസ്പരം ചുംബിക്കുകയും ചെയ്തു.

വളരെ പതിയെയാണ് അവർ നദിയുടെ മുകളിലേക്ക് തുഴഞ്ഞത്. ഊഷ്മളമായ സാന്ധ്യപ്രകാശത്തിൽ കുളിച്ച് ഏകാന്തമായി കിടന്നിരുന്ന നദീതീരത്തിന് വില്ലോമരങ്ങളും പുല്ലും അതിരിട്ടു. തീൻപുരയിലേക്ക് അവർ തിരിച്ചെത്തിയപ്പോൾ ആറുമണിയാകുന്നതേയുണ്ടായിരുന്നുള്ളൂ. അതുകൊണ്ടവർ പൊക്കക്കാരായ പോപ്ളാർ മരങ്ങൾക്കിടയിലൂടെയും കൃഷിയിടങ്ങൾക്കു കുറുകെയും ദ്വീപിൽ കാൽനടയായി ചുറ്റിനടന്നു.  തഴച്ചു വളർന്ന പുല്ലിൽ നിറയെ കുഞ്ഞുപൂക്കളുണ്ടായിരുന്നു. അസ്തമിക്കാറായ സൂര്യൻ ചുവന്ന പ്രകാശത്തിന്റെ പുതപ്പിനിടയിലൂടെ എത്തിനോക്കി. പകലറുതിയിലെ മിതമായ ചൂടിൽ പുല്ലിൽ നിന്നുള്ള ധൂമവും നദിയിൽ നിന്നുള്ള നനഞ്ഞ ഗന്ധവും ഇടകലരുകയും ലോലമായ ആലസ്യവും സുഖദമായ പ്രകാശവും വായുവിൽ നിറക്കുകയും ചെയ്തു. സൗഖ്യത്തിന്റെ ബാഷ്പം എല്ലാത്തിനെയും പൊതിഞ്ഞതു പോലെ തോന്നി.

മയമുള്ള തളർച്ച ഹൃദയത്തിൽ നിറഞ്ഞു.

സായാഹ്നത്തിന്റെ ഉജ്ജ്വലശാന്തിയും പുറത്ത് പീലി നിവർത്തിയ ജീവിതത്തിന്റെ തിട്ടമില്ലാത്തതും രഹസ്യാത്മകവുമായ കുളിരും പൂക്കളിൽ നിന്നുയരുന്ന വിഷാദമൂറുന്ന കവിതയും ഹൃദയൈക്യത്തിന്റെ ജാലകങ്ങൾ തുറന്നിടുകയും സ്വന്തം പൊരുൾ മധുരവും വ്യാകുലമായ ആ നേരത്ത് തിര്യക്കുകൾക്കു മുന്നിൽ വെളിപ്പെടുത്തുകയും ചെയ്തു.

അയാൾക്കതെല്ലാം തൊട്ടറിയാൻ കഴിഞ്ഞു. എന്നാൽ അവൾക്കാകട്ടെ അതൊന്നും മനസ്സിലായതു പോലുമില്ല. അവർ തൊട്ടു തൊട്ട് നടക്കുകയും നിശ്ശബ്ദത മടുത്തപ്പോൾ അവൾ പാടാൻ തുടങ്ങുകയും ചെയ്തു. കള്ളത്തൊണ്ടയിൽ,ഉച്ചസ്ഥായിലുള്ള സ്വരത്തിൽ അവൾ പാടുകയും തെരുവിൽ വ്യാപിച്ച ആ സ്വരം സായാഹ്നത്തിന്റെ പ്രശാന്തമായ ലയത്തെ പരുഷമായി നശിപ്പിക്കുകയും ചെയ്തു.

അയാൾ അവളെ ഉറ്റുനോക്കി. തങ്ങൾക്കിടയിൽ മറികടക്കാനാവാത്ത പടുകൂറ്റൻ ഗർത്തം രൂപപ്പെട്ടിരിക്കുന്നതായി അയാൾക്കു തോന്നി. അവൾ ചെറുശീലക്കുട പുല്ലിലടിച്ചു കൊണ്ട്,തലയല്പം ചരിച്ചു പിടിച്ച്,കാലടികളിൽ മിഴിയൂന്നിക്കൊണ്ട് നീട്ടിയും കുറുക്കിയും പാട്ടുപാടൽ തുടർന്നു. അയാൾക്കേറെ ഇഷ്ടമുള്ള അവളുടെ മൃദുലമായ കുഞ്ഞുനെറ്റി അന്നേരം തികച്ചും ശൂന്യമായിരുന്നു! ശൂന്യം! കിളിക്കുരലിൽ നിന്ന് ഉടലെടുക്കുന്ന കുഞ്ഞുപാട്ടുകളല്ലാതെ അവിടെ യാതൊന്നുമുണ്ടായിരുന്നില്ല. ഇടയ്ക്കെങ്ങാൻ അവിടെയുണ്ടാകുന്ന ചിന്തകളും ആ പാട്ടു പോലെയായിരുന്നു. അവൾക്കയാളെ മനസ്സിലാക്കാനേ കഴിഞ്ഞില്ല. ഒന്നിച്ചു താമസിക്കുന്നില്ല എന്നതു പോലെ വേർപ്പെട്ടു പോയവരാണവർ. അയാളുടെ ചുംബനങ്ങൾ അവളുടെ അധരങ്ങൾക്കപ്പുറം പോകുന്നില്ലെന്നാണോ?

അവൾ വീണ്ടും അയാൾക്കു നേരെ മിഴികൾ നീട്ടുകയും ചിരിക്കുകയും ചെയ്തു. പ്രണയത്താൽ ഒരിക്കൽ കൂടി ആവേശിതനായ അയാൾ അവളെ ഇറുകെ പ്പുണർന്നു.

ആലിംഗനത്തിൽ തന്റെ ഉടുപുടവകൾ ഉലയുന്നുവെന്നു കണ്ടപ്പോൾ അവൾ അയാളെ തള്ളിമാറ്റുകയും ക്ഷമാപണമെന്ന പോലെ ഇങ്ങനെ പറയുകയും ചെയ്തു:

"ഞാൻ നിങ്ങളെ ഏറെ സ്നേഹിക്കുന്നു,പ്രിയനേ!"

അയാൾ അവളുടെ അരക്കെട്ടിൽ മുറുകെപ്പിടിക്കുകയും ഭ്രാന്തമായ ആവേശത്തോടെ അവളെ വലിച്ചിഴക്കുകയും ചെയ്തു. സന്തോഷത്തോടെ നൃത്തം വെച്ചു കൊണ്ട് അവളുടെ കവിളുകളിലും ചെന്നിത്തടങ്ങളിലും കഴുത്തിലും അയാൾ ചുംബിച്ചു. അണച്ചു കൊണ്ട് അവരിരുവരും അസ്തമനസൂര്യന്റെ ചെങ്കതിരുകളിൽ കുളിച്ചു നിൽക്കുന്ന കുറ്റിക്കാട്ടിനടുത്ത് തളർന്നു വീണു. അയാളുടെ അത്യാനന്ദം അവൾക്കു മനസ്സിലായില്ലെങ്കിലും, ശ്വാസം തിരികെപ്പിടിക്കും മുമ്പേ അവരിരുവരും വീണ്ടും ചങ്ങാതിമാരാകുകയും ചെയ്തു.

കയ്യിൽ കയ്യും കോർത്ത് അവർ തീൻപുരയിലേക്കു മടങ്ങി. പെട്ടെന്ന് നദിയിലൂടെ നാലു പെണ്ണുങ്ങൾ തുഴയുന്ന ഒരു തോണി കടന്നു പോകുന്നത് മരങ്ങൾക്കിടയിലൂടെ അവർ കണ്ടു. തടിച്ചിയായ പോളിനും അവരെ ക്കണ്ടു. അവൾ എഴുന്നേറ്റു നിന്ന് മാദലീനു നേരെ ചുംബനങ്ങൾ ഊതി വിട്ടു. അവളുറക്കെ വിളിച്ചു പറഞ്ഞു:

"ഇന്ന് രാത്രി വരെ!"

മാദലീൻ മറുപടി പറഞ്ഞു:

"ഇന്ന് രാത്രി വരെ!"

തന്റെ ഹൃദയം മഞ്ഞിൽ പൂതഞ്ഞുപോയതായി പോളിനു തോന്നി.

അവർ അത്താഴം കഴിക്കാനായി തീൻപുരയിലേക്കു മടങ്ങി.

അവർ നദിക്കടുത്തുള്ള കളിവീടുകളിലൊന്നിൽ ഇടം പിടിച്ച് നിശ്ശബ്ദരായി ആഹാരം കഴിക്കാൻ തുടങ്ങി. രാത്രി വിരുന്നിനെത്തിയപ്പോൾ അവർ ചില്ലുഗോളത്തിനകത്തു വെച്ച ഒരു മെഴുകുതിരി കൊണ്ടുവരികയും അതിന്റെ ക്ഷീണിതവും മുനിഞ്ഞു കത്തുന്നതുമായ വെളിച്ചത്താൽ സ്വയം പൊതിയുകയും ചെയ്തു. തീൻപുരയുടെ മുകളിലത്തെ നിലയിൽ തോണിക്കാർ അട്ടഹസിക്കുന്നതും കലഹിക്കുന്നതും ഓരോ നിമിഷവും അവർ കേട്ടു.

അത്താഴത്തിന്റെ അവസാനപടിയായി മധുരപദാർത്ഥങ്ങൾ കഴിക്കാറായപ്പോൾ പോൾ മാദലീന്റെ കരം അരുമയോടെ കവർന്നിട്ട് പറഞ്ഞു:

"ഞാൻ ഏറെ ക്ഷീണിതനാണ്. നിനക്ക് എതിർപ്പുമൊന്നുമില്ലെങ്കിൽ ഓമനേ,നമുക്ക് നേരത്തെ ഉറങ്ങാൻ പോകാം."

അവൾ അയാളുടെ വാക്കുകളിലെ കള്ളം മനസ്സിലാക്കുകയും സ്ത്രീകളുടെ കണ്ണുകളുടെ അഗാധതയിൽ നിന്ന് സ്വാഭാവികമായും പുറപ്പെടുന്ന വഞ്ചനയുടെ നിഗൂഢമായ കടാക്ഷം അയാൾക്കു നേരെ എയ്യുകയും ചെയ്തു.

അല്പനേരം ചിന്തിച്ചിട്ട് അവൾ പറഞ്ഞു:

"നിങ്ങൾ വേണമെങ്കിൽ ഉറങ്ങിക്കോളൂ. പക്ഷേ ലാ ഗ്രെന്യൂലറിൽ നൃത്തവിരുന്നിന് ചെല്ലാമെന്ന് ഞാൻ വാക്കു കൊടുത്തു പോയി."

അയാൾ ദയനീയമായി ചിരിച്ചു. അത്യധികം ഭയാനകമായ സഹനം ഒളിപ്പിച്ചു വെച്ച ചിരികളിലൊന്നായിരുന്നു അത്. അയാൾ പാട്ടിലാക്കുന്നതെങ്കിലും വേദനാജനകമായ സ്വരത്തിൽ മറുപടി പറഞ്ഞു:

"നിനക്കു ദയവുണ്ടെങ്കിൽ നീ, നമ്മൾ ഇവിടെത്തന്നെ നേരം ചിലവഴിക്കുന്നത് നന്നായിരിക്കും."

വായ തുറക്കാതെ അവൾ തലയാട്ടിക്കൊണ്ട് മറുപടി പറഞ്ഞു:"ഇല്ല."

അയാൾ വാശിപിടിച്ചു:

"ഞാൻ നിന്നോട് യാചിക്കുന്നു,ഓമനേ."

അവൾ പരുഷമായി പൊട്ടിത്തെറിച്ചു:

"ഞാനെന്താണ് പറയുന്നതെന്ന് നിങ്ങൾക്കറിയാം. അതിൽ സംതൃപ്തനല്ലെങ്കിൽ, വാതിൽ തുറന്നു തന്നെ കിടക്കുകയാണ്. നിങ്ങളെ പിടിച്ചു നിർത്തണമെന്ന് ഇവിടെയാർക്കും ആഗ്രഹമില്ല. ഞാൻ വാക്കു നൽകിയതാണ്. അതുകൊണ്ടു തന്നെ എനിക്കു പോയേ തീരൂ."

അയാൾ ഇരുകൈമുട്ടുകളും മേശമേൽ കുത്തുകയും കൈകൾ കൊണ്ട് മുഖം മറയ്ക്കുകയും സങ്കടത്തോടെ വിചാരപ്പെട്ട് അവിടെത്തന്നെയിരിക്കുകയും ചെയ്തു.

തോണിക്കാർ എന്നത്തെയും പോലെ കലഹിച്ച് താഴേക്കിറങ്ങി വരികയും ലാ ഗ്രെന്യൂലറിലെ നൃത്തവിരുന്നിന് തങ്ങളുടെ തോണികളിൽ യാത്രയാകുകയും ചെയ്തു.

"നിങ്ങൾ വരുന്നില്ലെങ്കിൽ അതു പറയ്. ആ തോണിക്കാരാരെങ്കിലും എന്നെ കൊണ്ടു പോകും."

പോൾ എഴുന്നേറ്റു.

"വാ,പോകാം," അയാൾ പിറുപിറുത്തു.

അവർ ലാ ഗ്രെന്യൂലറിലേക്ക് പോയി.

രാത്രി കറുത്തിരുണ്ടതും നക്ഷത്രങ്ങൾ നിറഞ്ഞതുമായിരുന്നു. കത്തുന്ന വായുവും പുഴുകുന്ന ചൂടും ഉടലുകൾ പുഴുങ്ങിയ മണവും ഇളങ്കാറ്റിനോടു ചേർന്ന് അതിന്റെ പുതുമ നശിപ്പിച്ചു. കട്ടിയുള്ള ആ വായു ശ്വസനം ദുഷ്ക്കരമാക്കുകയും മുഖത്ത് ചൂടുള്ള തലോടലേല്പ്പിക്കുകയും ചെയ്തു. അണിയത്ത് വെനീഷ്യൻ റാന്തലുകൾ വെച്ച് തോണികൾ യാത്രയായി. ആനന്ദനൃത്തം വെക്കുന്ന മിന്നാമിനുങ്ങുകളെപ്പോലെ മുകളിലോട്ടും താഴോട്ടും തുള്ളിക്കളിക്കുന്ന ആ നിറമുള്ള കുഞ്ഞു വിളക്കുകൾ മാത്രമാണ് ഇരുട്ടിൽ തോണികളിൽ നിന്ന് വേറിട്ടുകാണാനായത്. നിഴലിൽ എല്ലാ ദിശകളിൽ നിന്നും ശബ്ദങ്ങൾ മുഴങ്ങിക്കേട്ടു. ചെറുപ്പക്കാരുടെ തോണി പതിയെ നദിയിൽ തെന്നിനീങ്ങി. ഇടയ്ക്കിടെ ധൃതി പിടിച്ച തോണികൾ കടന്നുപോകുമ്പോൾ റാന്തൽ വെട്ടത്തിൽ തുഴക്കാരന്റെ പിൻഭാഗം വെള്ളനിറത്തിൽ കാണാമായിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ ലാ ഗ്രെന്യൂലർ ദൂരെ നിന്നും കാണാമെന്നായി. പുഷ്പമാലകളാലും വിളക്കുകളാലും അത് മോടി പിടിപ്പിക്കപ്പെട്ടിരുന്നു. സെയ്ൻ നദിയിൽ എല്ലാ തരത്തിലും ഇനത്തിലും പെട്ട റാന്തലുകൾ തൂക്കിയിട്ട വലിയ നൗകകൾ പതിയെ നീങ്ങുന്നുണ്ടായിരുന്നു. പ്രശോഭിതമായ തോരണങ്ങൾ ജലപ്പരപ്പു വരെ തൂങ്ങിക്കിടന്നു. അദൃശ്യമായ ചൂണ്ടയിൽ തൂക്കിയിട്ട നീലയും ചുവപ്പും റാന്തലുകൾ ഊഞ്ഞാലാടുന്ന കൂറ്റൻ നക്ഷത്രങ്ങളാണോ എന്നു തോന്നിപ്പോയി.

ജലനൗകയിലെ അലങ്കാരങ്ങളെല്ലാം തന്നെ അതിനു ചുറ്റും പ്രകാശം പരത്തുകയും തീരത്തെ വൻമരങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്തു. വാടിയ ചാരനിറമുള്ള അവയുടെ തായ്ത്തടിയും പച്ചനിറമുള്ള ഇലകളും ആഴമുള്ള കറുപ്പുനിറമുള്ള കൃഷിയിടങ്ങളും ആകാശവും...അഞ്ച് കലാകാരന്മാർ അണിനിരന്ന വാദ്യസംഘം ഉറക്കെ വലിയ നിലവാരമൊന്നുമില്ലാത്ത സംഗീതം പുറപ്പെടുവിക്കുകയും മാദലീൻ വീണ്ടും പാടാൻ തുടങ്ങുകയും ചെയ്തു.

അപ്പോൾ തന്നെ അങ്ങോട്ടു കയറണമെന്ന് മാദലീൻ ആഗ്രഹിച്ചു. എന്നാൽ ദ്വീപിലൊന്നിറങ്ങിയിട്ടു വരാമെന്ന പോളിന്റെ മോഹം അവൾ വകവെച്ചു കൊടുത്തു. നൃത്തവിരുന്നിനുള്ള കാണികൾ കുറേക്കൂടി കർശനമായി തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. എപ്പോഴും തനിച്ചു വരുന്ന തോണിക്കാരും ചില നാട്ടുകാരും പെൺകിടാങ്ങൾ ചുറ്റിപ്പറ്റി നടക്കുന്ന ചില ചെറുപ്പക്കാരും. നൃത്തവിരുന്നിന്റെ സൂത്രധാരനും സംവിധായകനുമായ ഒരാൾ മങ്ങിയ കറുത്ത കോട്ട് ധരിച്ചുകൊണ്ട് എല്ലാ ദിശകളിലേക്കും ചുറ്റിനടക്കുന്നുണ്ട്.

തടിച്ചിയായ പോളിനും കൂട്ടുകാരും അവിടെയുണ്ടായിരുന്നില്ല. പോൾ വീണ്ടും നെടുവീർപ്പിട്ടു.

ഇണകൾ നൃത്തം ചവിട്ടാൻ തുടങ്ങി. അവർ ശ്രദ്ധ തിരിക്കുന്ന മട്ടിൽ തുള്ളുകയും കാലുകൾ വായുവിലെറിയുകയും പങ്കാളികളുടെ മൂക്കു വരെ കുതിച്ചുയരുകയും ചെയ്തു. സ്ത്രീകൾ തുടകൾ വിടർത്തിക്കൊണ്ട് വായുവിൽ ചാടിയുയർന്നപ്പോൾ അകക്കുപ്പായങ്ങൾ മുകളിലേക്കുയർന്ന് അവരുടെ ശരീരത്തിന്റെ കീഴ്ഭാഗങ്ങൾ അനാവൃതമായി. അവർ അതിശയകരമായ നിപുണതയോടെ തലയ്ക്കു മുകളിലേക്ക് കാലുകൾ ഉയർത്തുകയും ശരീരങ്ങൾ നേരെ നിർത്തുകയും പിൻഭാഗം ആട്ടുകയും വശങ്ങൾ ഇളക്കുകയും ചുറ്റും സ്ത്രീത്വത്തിന്റെ അതിശക്തമായ മണം പ്രസരിപ്പിക്കുകയും ചെയ്തു.

ആണുങ്ങൾ പേക്കാന്തവളകളെപ്പോലെ കുത്തിയിരിക്കുകയും അശ്ലീലമായ ആംഗ്യങ്ങൾ കാണിക്കുകയും ചെയ്തു. ചിലർ തിരിയുകയും ശരീരം പിരിക്കുകയും ചെയ്തു. ചിലർ മുഖം കോട്ടുകയും ഗോഷ്ഠികൾ കാണിക്കുകയും ചെയ്തു. ചിലർ മറ്റുള്ളവരെ ചിരിപ്പിക്കാനായി ചലനങ്ങൾ ആവശ്യത്തിലധികം മാന്യമാക്കി.

തടിച്ച ഒരു വേലക്കാരിയും രണ്ടു പരിചാരകരും പാനീയങ്ങളും ലഘുഭക്ഷണവും വിളമ്പി.

നൗകക്ക് മേലാപ്പല്ലാതെ ചുമരുകൾ ഇല്ലാത്തതിനാൽ ശാന്തമായ രാത്രിയുടെയും നക്ഷത്രങ്ങൾ വിതറിയിട്ട ആകാശത്തിന്റെയും പശ്ചാത്തലത്തിലാണ് ആ ചേഷ്ടകളെല്ലാം അരങ്ങേറിയത്.

പെട്ടെന്ന് വലേറിയൻ കുന്നിന്റെ മറ്റേയറ്റം തീ പിടിച്ചാലെന്നതു പോലെ പ്രകാശമാനമാ

യി. പ്രകാശം പ രക്കുകയും ആകാശത്തോടു ചേർന്ന് ആളിക്കത്താൻ തുടങ്ങുകയും ചെയ്തു. മങ്ങിയ വെള്ള വെളിച്ചത്തിന്റെ പ്രശോഭിതമായ വലയം അവിടെ ഉടലെടുത്തു. അടകല്ലിലെ ലോഹം പോലെ പെട്ടെന്ന് അതിനുള്ളിൽ ചുവന്ന എന്തോ ഒന്ന് വെട്ടിത്തിളങ്ങാൻ തുടങ്ങി. ഭൂമിക്കുള്ളിൽ നിന്നും ഉയിരെടുത്തതു പോലെ  ഒരു ഉരുണ്ട വസ്തു ഉയർന്നു വന്നു. ചക്രവാളത്തിൽ നിന്നും സ്വയം മോചിപ്പിച്ച ചന്ദ്രബിംബം പതിയെ ആകാശത്തേക്കുയർന്നു. ഊതനിറം പതിയെ മങ്ങുകയും മഞ്ഞയും തിളങ്ങുന്ന മഞ്ഞയും ചുറ്റും പരക്കുകയും ചെയ്തു. മേലോട്ടു നീങ്ങുന്തോറും ചന്ദ്രബിംബം ചെറുതായിക്കൊണ്ടിരുന്നു.

പോൾ അല്പനേരം പ്രണയിനിയെപ്പോലും മറന്ന് ചന്ദ്രബിംബത്തെ ഉറ്റുനോക്കിയിട്ട് എന്തോ ആലോചിച്ചു. സ്ഥലകാലബോധം വീണ്ടെടുത്തപ്പോഴേക്കും പ്രണയിനി പോയിക്കഴിഞ്ഞിരുന്നു.

തിരഞ്ഞെങ്കിലും അവളെ കണ്ടെത്താനായില്ല. അയാൾ എല്ലാ മേശകളിലേക്കും ഉത്കണ്ഠയോടെ കണ്ണേറിയുകയും നൗകയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ അവളെ തിരക്കുകയും ചെയ്തു. ആരും അവളെ കണ്ടതായി ഓർക്കുന്നില്ല. അശാന്തി അയാളെ നീറ്റിക്കൊണ്ടിരിക്കുമ്പോൾ പരിചാരകരിലൊരാൾ പറഞ്ഞു:

“നിങ്ങൾ മദാം മാദലീനെയാണ് തിരക്കുന്നത്,അല്ലേ? മദാം പോളിൻ അല്പനേരം മുമ്പാണ് അവരെ കൂട്ടിക്കൊണ്ടു പോയത്,” കാബിൻ പയ്യനും രണ്ടു സുന്ദരി പ്പെൺകിടാങ്ങളും പരസ്പരം അരക്കെട്ടിൽ കൈ ചുറ്റിക്കൊണ്ട് നൗകയുടെ അങ്ങേയറ്റത്തു നിൽക്കുന്നത് പെട്ടെന്നയാൾ കണ്ടെത്തി. അവർ അയാളെ നോക്കി പരസ്പരം അടക്കം പറയുന്നുണ്ട്. അയാൾക്കെല്ലാം മനസ്സിലാവുകയും അയാൾ കിറുക്കനെപ്പോലെ ദ്വീപിലേക്കോടുകയും ചെയ്തു.

അയാൾ അല്പനേരം തിടുക്കത്തിലോടി. പിന്നീട് നിൽക്കുകയും തഴച്ചു വളരുന്ന മരങ്ങൾക്കിടയിൽ അവളെ തിരയുകയും ഇടയ്ക്ക് അശ്രദ്ധമായി കറങ്ങിനടക്കുകയും കാതു കൂർപ്പിച്ച് നിശ്ചലനായി നിൽക്കുകയും ചെയ്തു.

ചുറ്റും പേക്കാന്തവളകൾ തുളച്ചു കയറുന്ന രാഗാലാപം തുടങ്ങി. പേരറിയാത്ത ഏതോ പക്ഷി കൂവുകയും ആ പാട്ട് ദൂരെ നിന്നും അയാളുടെ കാതിൽ വീഴുകയും ചെയ്തു.

പുൽമേടുകൾക്കു മുകളിൽ ചന്ദ്രബിംബം പഞ്ഞി പോലുള്ള തൂവെളിച്ചം വിതറി. അത് ഇലച്ചാർത്തുകൾ തുളച്ചു കയറുകയും പോപ്ലാർ മരങ്ങളുടെ വെള്ളിനിറത്തിലുള്ള തായ്ത്തൊലികൾ പ്രകാശിപ്പിക്കുകയും ചെയ്തു. വൻമരങ്ങളുടെ കാറ്റിലുലയന്ന തുഞ്ചങ്ങളെയും ചന്ദ്രപ്രഭ അധീനത്തിലാക്കി. ആ വേനൽക്കാലരാത്രിയുടെ ആരെയും മയക്കുന്ന കവിത പോളിന്റെ ഹൃദയത്തിൽ അയാളുടെ അനുവാദം പോലുമില്ലാതെ നുഴഞ്ഞു കയറുകയും ക്രൂരമായ വൈരുദ്ധ്യത്തോടെ, ആത്മാർത്ഥത തുളുമ്പുന്ന സ്ത്രീഹൃദയത്തിൽ നിന്നുത്ഭവിക്കുന്ന രാഗാവേശത്തോടും ഉദാത്തമായ പ്രണയത്തോടുമുള്ള അയാളുടെ കൊതി ആളിക്കത്തിക്കുകയും ചെയ്തു. തിരക്കിട്ടെത്തിയ,കരളു പിളർക്കുന്ന തേങ്ങലുകൾ തൊണ്ടയിൽ കുടുങ്ങിയപ്പോൾ അയാൾക്ക് തെല്ലിട നിൽക്കേണ്ടി വന്നു. തേങ്ങലടക്കി അയാൾ തിരച്ചിൽ തുടർന്നു.

പെട്ടെന്നയാൾക്ക് വാളു കൊണ്ടാരോ വെട്ടിയതു പോലെ തോന്നി. കുറ്റിക്കാട്ടിനുള്ളിൽ ആരോ പരസ്പരം ചുംബിക്കുകയാണ്. അയാൾ അങ്ങോട്ടോടി. കാമാതുരരായ  ആണും പെണ്ണും അവസാനിക്കാത്ത  ചുംബനത്തിൽ കൂടിപ്പിണഞ്ഞ മുഖങ്ങളോടെ സ്വയം മറന്നിരിക്കുന്നത് അയാൾ കണ്ടു.

അയാളവളെ വിളിക്കാൻ ധൈര്യപ്പെട്ടില്ല. അവൾ പ്രതികരിക്കാൻ വഴിയില്ല. അവരെ അപ്പോൾ തന്നെ കണ്ടെത്തുമെന്ന ഭയാനകമായ ഭയവും അയാളെ നീറ്റി.

വയലിന്റെയും ഓടക്കുഴലിന്റെയും  കുഴൽ വാദ്യങ്ങളുടെയും വിലാപങ്ങൾ അയാളുടെ വികാരങ്ങളെ വെറിപിടിപ്പിക്കുകയും സഹനത്തെ അസഹനീയമാക്കുകയും ചെയ്തു. കാടൻ മട്ടുള്ളതും തളർന്നതുമായ ശബ്ദവീചികൾ മങ്ങിയും തെളിഞ്ഞും മരങ്ങൾക്കടിയിൽ ഒഴുകുകയും ഇളങ്കാറ്റിൽ അവിടെയും ഇവിടെയും പരക്കുകയും ചെയ്തു.

ചിലപ്പോൾ അവൾ തിരിച്ചു പോയിട്ടുണ്ടാകുമെന്ന് പെട്ടെന്നയാൾക്കു തോന്നി. അതേ,അവൾ തിരിച്ചു പോയിരിക്കുന്നു! ഭയാശങ്കകളാൽ സ്വാധീനിക്കപ്പെട്ട് കാരണമൊന്നുമില്ലാതെ അയാൾ കിറുക്കനായിരിക്കുന്നു!

ആഴമുള്ള നിരാശകൾക്കിടയിലും ഉദിച്ചുയരുന്ന ശാന്തനിമിഷങ്ങളിലൊന്നിന്റെ കൈ പിടിച്ച് അയാൾ നൃത്തവേദിയിലേക്ക് മടങ്ങി.

അയാൾ വീണ്ടും മുഴുവൻ സ്ഥലവും ഒരൊറ്റ നോട്ടം കൊണ്ട് പരിശോധിച്ചു. അയാൾ വീണ്ടും എല്ലാ മേശകളിലും ചുറ്റിനടന്നു നോക്കുകയും മൂന്നു പെണ്ണുങ്ങളെ വീണ്ടും നേർക്കുനേർ കാണുകയും ചെയ്തു. ദയനീയവും വിചിത്രവുമായ അയാളുടെ മുഖഭാവം കണ്ടിട്ടാണെന്ന മട്ടിൽ മൂന്നുപേരും പൊട്ടിച്ചിരിച്ചു.

അയാൾ വീണ്ടും ദ്വീപിലെത്തുകയും കിതച്ചു കൊണ്ട് നിലത്തു വീഴുകയും ചെയ്തു. അയാൾ ഏറെ നേരം അവിടെക്കിടന്ന് കാതോർത്തു. അവസാനം കുറച്ചു ദൂരെ നിന്ന് ഒരു ചെറിയ, മൂർച്ചയുള്ള ചിരി കേട്ടെന്ന് അയാൾക്കു തോന്നി. അതയാൾ ഉടനെത്തന്നെ തിരിച്ചറിയുകയും ചെയ്തു. അയാൾ ഒച്ചയുണ്ടാ

ക്കാതെ മുട്ടിലിഴഞ്ഞു കൊണ്ട് മുന്നോട്ടു നീങ്ങി. മുന്നിലുള്ള ചുള്ളിക്കമ്പുകൾ പെറുക്കിമാറ്റു മ്പോൾ അയാളുടെ ഹൃദയം പട പടാ മിടിക്കുന്നുണ്ടായിരുന്നു. ശ്വസിക്കാനയാൾ ബുദ്ധിമുട്ടുണ്ടാ യിരുന്നു.

രണ്ടു ശബ്ദങ്ങൾ അയാൾക്കർത്ഥം മനസ്സിലാകാത്ത എന്തോ പിറുപിറുത്തു. എന്നിട്ട് നിശ്ശബ്ദരായി.

സ്വന്തം നിലനിൽപ്പിനു തന്നെ ഭീഷണിയായ ആ ഉഗ്രമായ അത്യാസക്തിയിൽ നിന്ന് എന്നെ ന്നേക്കുമായി രക്ഷപ്പെടാനും പറന്നു പോകാനും സ്വയം രക്ഷി ക്കാനുമുള്ള ഭയങ്കരമായ ത്വര അയാളെ ആവേശിച്ചു. തിരിച്ചു പോകാനും ആ സ്ഥലത്തേക്കും അവളിലേക്കും ഒരിക്കലും തിരി ച്ചുവരില്ലെന്ന് തീരുമാനിക്കാനും അയാൾ ആഗ്രഹിച്ചു. എന്നാൽ അവളോടുള്ള പ്രണയം വീണ്ടും അയാളിൽ ഉയിർത്തെഴുന്നേൽക്കു കയും രാവിലെ ചൂടുള്ള കിടക്ക യിൽ ഉണർന്നെഴുന്നേറ്റ് തന്നെ അവളോട് ചേർത്തമർത്തുന്ന പ്രണയിനിയുടെ രൂപം മനസ്സിൽ തെളിയുകയും ചെയ്തു. അവ ളുടെ ഉലഞ്ഞ മുടി അപ്പോൾ നെറ്റിയിൽ അല്പം കെട്ടുപി ണഞ്ഞു കിടക്കുന്നുണ്ടായിരിക്കും. അയാളുടെ കഴുത്തിൽ കൈകൾ കോർത്ത്,കണ്ണുകളടച്ച്,അയാ ളുടെ ആദ്യചുംബനത്തിനായി വിടർത്തിയ ചുണ്ടുകളോടെ അവൾ അയാളെ മാടിവിളിച്ചു. രാവിലത്തെ തലോടലിന്റെ പെട്ടെ ന്നുള്ള ഓർമ്മ അയാളിൽ ഉന്മത്ത മായ ഓർമ്മകളും ഭ്രാന്തമായ അഭിനിവേശവുമുണർത്തിവിട്ടു.

ഇണകൾ വീണ്ടും സംസാരി ക്കാൻ തുടങ്ങി. അയാളവരുടെ അടുത്തേക്കു ചെന്നു. പെട്ടെന്ന് അയാളുടെ തൊട്ടടുത്തുള്ള മരച്ചി ല്ലകൾക്കടിയിൽ നിന്ന് നേർത്ത കരച്ചിലുയർന്നു. അയാളുടെ അനുവാദമില്ലാതെ,മറ്റൊന്നിനെ കുറിച്ചും ബോധമില്ലാതെ അയാൾ മുന്നോട്ടു നീങ്ങുകയും അവരെ കാണുകയും ചെയ്തു.

വികൃതമായ ശവശരീരം പെട്ടെന്ന് കണ്ടെത്തിയാലെ ന്നതുപോലെ അയാൾ സംഭ്ര മിച്ചും ചകിതചിത്തനായും അങ്ങിനെ നിന്നുപോയി. പിളർന്നു പോയ ആ വെൺമീനിനെ പെട്ടെന്ന് അയാളോർത്തു...അ യാളെ പേരു ചൊല്ലി വിളിക്കാറു ള്ളതു പോലെ മാദലീൻ തന്റെ ഇണയോട് കുറുകുന്നുണ്ടായിരു ന്നു. തീവ്രമായ മനോവേദന യോടെ അയാൾ സർവ്വശക്തിയും സംഭരിച്ച് തിരിച്ചോടി.

അയാൾ രണ്ട് മരങ്ങളിൽ ചെന്നിടിക്കുകയും വേരു തട്ടി വീഴുകയും ചെയ്തു. വീണ്ടും ഓടിയ അയാൾ ചാന്ദ്രപ്രകാശ ത്താൽ പ്രശോഭിതമായ നദിക്കര യിലെത്തി. മലവെള്ളപ്പാച്ചിൽ പോലെ ഒഴുക്കുള്ള ചുഴികളിൽ വെളിച്ചം ഒളിച്ചു കളിച്ചു. മണൽത്തിട്ടയുടെ വിശാലവും നിഗൂഢവുമായ വലയത്തിന്റെ വശങ്ങളിൽ ചുഴികൾ വന്നിടിക്കു കയും ഇരുട്ടിൽ ഒച്ചയുണ്ടാ ക്കുകയും ചെയ്തു. നദിയുടെ മറുഭാഗത്ത് ക്രോയ്സിയിലെ പ്രകാശമാനമായ പ്രദേശങ്ങൾ കാണാമായിരുന്നു.

പോൾ അതെല്ലാം ഒരു സ്വപ്നത്തിലെന്നവണ്ണം നോക്കിനിന്നു. അയാളൊന്നും ചിന്തിച്ചതുമില്ല.ഒന്നും മനസ്സിലാ ക്കിയതുമില്ല. സ്വന്തം അസ്തിത്വം പോലും അയാൾക്ക് അവ്യ ക്തവും വിദൂരവും വിസ്മൃ തവുമായി തോന്നി.

നദി അവിടെയുണ്ടായിരുന്നു. താനെന്താണു ചെയ്യുന്നതെന്ന് അയാൾക്ക് അറിയാമായിരുന്നോ? മരിക്കാൻ അയാൾ ആഗ്രഹിച്ചി രുന്നോ? അയാൾക്ക് കിറുക്കായി രുന്നു. അയാൾ ദ്വീപിനു നേരെ,അവൾക്കു നേരെ തിരിഞ്ഞു നടന്നു. ജലനൗക യിലെ വാദ്യസംഗീതത്തിന്റെ ഭാരം താങ്ങേണ്ടിവന്ന, രാത്രി യുടെ നിശ്ശബ്ദമായ കാറ്റിൽ അയാൾ നിരാശയാൽ പരിഭ്രാ ന്തവും അങ്ങേയറ്റം കയ്പ്പു നിറ ഞ്ഞതും മനുഷ്യാതീതവും ഭയാ നകവുമായ ശബ്ദത്തിൽ ഉറക്കെ വിളിച്ചു:

“മാദലീൻ.”

അയാളുടെ ഹൃദയഭേദകമായ കരച്ചിൽ ആകാശത്തെ വൻനിശ്ശ ബ്ദതക്കു കുറുകെ മുഴങ്ങുകയും ചക്രവാളത്തിൽ നിറയുകയും ചെയ്തു.

പെട്ടെന്ന് അയാൾ കാട്ടുമൃഗ ത്തിന്റെ അതിശയകരമായ തുള്ള ലോടെ നദിയിലേക്കു ചാടി. ജലം മുന്നോട്ടൊഴുകുകയും അയാളെ മൂടുകയും ചെയ്തു. അയാൾ അപ്രത്യക്ഷമായ ഇടത്തു നിന്നും നിരവധി ഓളങ്ങൾ ഉടലെടുക്കു കയും അവയുടെ വട്ടം വീശിയ തരംഗങ്ങൾ മറുകര വരെയെത്തു കയും ചെയ്തു. രണ്ടു പെണ്ണു ങ്ങളും ആ വീഴ്ചയുടെ ശബ്ദം കേട്ടു. മാദലീൻ പിടഞ്ഞെഴുന്നേ ല്ക്കുകയും ആർത്തു വിളിക്കു കയും ചെയ്തു:

“അതു പോളാണ്,” അവളുടെ ആത്മാവിൽ സംശയത്തിന്റെ നിഴ ലുയർന്നു. “അയാൾ നദിയിൽ ചാടിയിരിക്കുന്നു.” ആവൾ തീരത്തേക്കോടുകയും പോളിൻ അവളെ പിന്തുടരുകയും ചെയ്തു.

ലക്ഷണം കെട്ട ഒരു തോണി അവിടേക്കു വന്നു. ഒരാൾ തോണി തുഴയുകയും മറ്റേയാൾ വലിയ വടി കൊണ്ട് ജലത്തിനടി യിൽ എന്തോ തിരയുകയും ചെയ്യുന്നുണ്ടായിരുന്നു. പോളിൻ ഉറക്കെ വിളിച്ചു ചോദിച്ചു:

“എന്താണവിടെ ചെയ്യുന്നത്? എന്താണു കാര്യം?”

അതിലൊരാൾ മറുപടി പറഞ്ഞു:

“ഇപ്പോൾ നദിയിലേക്കു ചാടിയ ഒരാളെയാണ് തിരയുന്ന ത്.”

പേടിച്ചരണ്ട രണ്ടു പെണ്ണു ങ്ങൾ പരസ്പരം ഇറുക്കുകയും തോണിയുടെ ചലനങ്ങൾ പിന്തുട രുകയും ചെയ്തു. ലാ ഗ്രെന്യൂല റിൽ നിന്നുയരുന്ന സംഗീതം അപ്പോഴും വിദൂരതയിൽ നിന്നു കേൾക്കുന്നുണ്ടായിരുന്നു. അതിന്റെ താളം ഗൗരവപ്രകൃതി

ക്കാരായ മീൻപിടുത്തക്കാരുടെ ചലനങ്ങളെ പിന്തുടരുന്നതു പോലെ തോന്നി. മൃതശരീരത്തെ മൂടിയിരിക്കുന്ന നദി പ്രകാശപൂരിതമായി വീണ്ടും വീണ്ടും ചുറ്റിത്തിരിഞ്ഞു. തിരച്ചിൽ ഏറെ നേരം നീണ്ടുനിന്നു. ഭയാനകമായ സന്നിഗ്ദ്ധാവസ്ഥ മാദലീന്റെ ശരീരത്തെ പ്രകമ്പനം കൊള്ളിച്ചു. അവസാനം മീൻപിടുത്തക്കാരിലൊരാൾ വിളിച്ചു പറഞ്ഞു:

"കിട്ടിപ്പോയി."

അയാൾ തന്റെ കയ്യിലെ വടി പതുക്കെ, വളരെപ്പതുക്കെ പുറത്തേക്കു വലിച്ചെടുത്തു. വലിപ്പമുള്ള എന്തോ ഒന്ന് നദിയുടെ മുകളിലേക്ക് ഉയർന്നുവന്നു. അപരൻ തുഴ താഴെയിടുകയും രണ്ടു പേരും ചേർന്ന് മൃതശരീരം തോണിയ്ക്കുള്ളിലേക്ക് വലിച്ചിടുകയും ചെയ്തു.

പിന്നീടവർ കരയുടെ പ്രകാശിതവും താഴ്ന്നതുമായ ഭാഗം തേടി തോണി തുഴഞ്ഞു. അത്തരമൊരിടത്ത് അവർ തോണിയടുപ്പിച്ചപ്പോൾ പെണ്ണുങ്ങളും അവിടെയെത്തി. അയാളെ കണ്ട നിമിഷം മാദലീൻ ഭീതിയോടെ പുറകിലേക്ക് വീണു. നിലാവിൽ അയാൾ പച്ചനിറത്തിൽ വെളിപ്പെട്ടു. അയാളുടെ വായും കണ്ണുകളും മൂക്കും വസ്ത്രങ്ങളും ചെളിയിൽ പുതഞ്ഞിരുന്നു. അയാളുടെ വിരലുകൾ അടഞ്ഞതും വിറങ്ങലിച്ചതും പേടിപ്പിക്കുന്നതുമായിരുന്നു. ഇരുണ്ടതും ദ്രാവകരൂപത്തിലുള്ളതുമായ പാളി അയാളുടെ ശരീരത്തെയൊന്നടങ്കം പൊതിഞ്ഞിരുന്നു. മുഖം ചീർത്തിരുന്നു. ചെളിക്കുഴമ്പിൽ കുഴഞ്ഞ മുടിയിൽ നിന്നും കെട്ട വെള്ളം ഇടതടവില്ലാതെ ഒഴുകിയിറങ്ങി.

"നിനക്കിയാളെ അറിയാമോ?"മീൻപിടുത്തക്കാരിലൊരാൾ ചോദിച്ചു.

അപരൻ,ക്രോയിസിയിലെ ഒരു കടത്തുകാരൻ,അല്പം സംശയിച്ചു:

"ഉവ്വ്,ഇയാളെ ഞാൻ എവിടെയോ കണ്ടിട്ടുണ്ട്. ഇങ്ങനെ

"നീയെന്തു ചെയ്യാൻ? ഒന്നും നിന്റെ കുറ്റമല്ല, അല്ലല്ലോ? ബുദ്ധിശൂന്യമായി പെരുമാറുന്നതിൽ നിന്ന് ആണുങ്ങളെ തടയുന്നത് അസാദ്ധ്യമാണ്. സ്വന്തം നാശം അയാൾ ആഗ്രഹിച്ചു. അത്ര തന്നെ!" അവൾ മാദലീനെ പിടിച്ചുയർത്തി: "വാ പൊന്നേ,വന്നുറങ്ങ്. ഇന്ന് ഗ്രിലണിലേക്ക് നിനക്ക് തിരിച്ചു പോകാനാകില്ല."

കണ്ടാൽ തിരിച്ചറിയാൻ അല്പം ബുദ്ധിമുട്ടാണെന്ന് പക്ഷേ,നിനക്കറിയാമല്ലോ. " പെട്ടെന്ന് അയാൾ പറഞ്ഞു:

"ഇത് പോൾ ആണ്."

"ആരാണ് പോൾ?" അയാളുടെ കൂട്ടുകാരൻ ചോദിച്ചു.

"പോൾ ബാരൺ. സെനറ്ററുടെ മകൻ. കാമാതുരനായിരുന്ന ഒരു ചെറുപ്പക്കാരൻ."

അപരൻ അല്പം തത്വചിന്ത വിളമ്പി:

"എല്ലാ തമാശയും ഇങ്ങനെ അവസാനിച്ചു. ഏറെ സമ്പന്നനായിരുന്നിട്ടും ഇങ്ങനെ ഒടുങ്ങിയത് കഷ്ടം തന്നെ!"

മാദലീൻ തേങ്ങിക്കരഞ്ഞു കൊണ്ട് നിലത്തേക്കു ചാഞ്ഞു. പോളിൻ മൃതശരീരത്തിനടുത്തേക്ക് നീങ്ങിക്കൊണ്ട് ചോദിച്ചു:

"ഇയാൾ ശരിക്കും മരിച്ചോ?"

"ശരിക്കും?"

അവരിരുവരും ചുമലുകൾ ഇളക്കി.

"ഇത്ര നേരമായില്ലേ?തീർച്ചയായും."

അവരിലൊരാൾ ചോദിച്ചു:

"ഗ്രിലണിലല്ലേ ഇയാൾ താമസിച്ചിരുന്നത്?"

"അതേ," അപരൻ മറുപടി പറഞ്ഞു. "നമുക്കിയാളെ അങ്ങോട്ടു കൊണ്ടു പോകാം."

അവർ വീണ്ടും തോണിയിൽ കയറുകയും ശക്തമായ അടിയൊഴുക്കു മൂലം പതിയെ തുഴഞ്ഞു മുന്നേറുകയും ചെയ്തു. അവിടെത്തന്നെ ഉറഞ്ഞുപോയ പെണ്ണുങ്ങൾക്ക്, തോണിക്കാർ കാഴ്ചയിൽ നിന്നു മറഞ്ഞ് ഏറെ നേരം കഴിഞ്ഞിട്ടും തുഴ വെള്ളത്തിൽ വീഴുന്ന ശബ്ദം കേൾക്കാമായിരുന്നു.

വിങ്ങിക്കരയുന്ന പാവം മാദലീനെ പോളിൻ കരവലയത്തിലൊതുക്കുകയും തലോടുകയും ഏറെ നേരം ഇറുകെപ്പുണരുകയും ആശ്വസിപ്പിക്കുകയും ചെയ്തു.

"നീയെന്തു ചെയ്യാൻ? ഒന്നും നിന്റെ കുറ്റമല്ല,അല്ലല്ലോ? ബുദ്ധിശൂന്യമായി പെരുമാറുന്നതിൽ നിന്ന് ആണുങ്ങളെ തടയുന്നത് അസാദ്ധ്യമാണ്. സ്വന്തം നാശം അയാൾ ആഗ്രഹിച്ചു. അത്ര തന്നെ!"

അവൾ മാദലീനെ പിടിച്ചുയർത്തി:

"വാ പൊന്നേ,വന്നുറങ്ങ്. ഇന്ന് ഗ്രിലണിലേക്ക് നിനക്ക് തിരിച്ചു പോകാനാകില്ല."

അവൾ വീണ്ടും മാദലീനെ ഇറുകെപ്പുണർന്നു.

വാ,ഞങ്ങൾ നിന്നെ സുഖപ്പെടുത്തും," അവൾ പറഞ്ഞു.

കരഞ്ഞുകൊണ്ടു തന്നെ മാദലീൻ എഴുന്നേറ്റു. ശക്തി കുറഞ്ഞ തേങ്ങലുകളോടെ കൂട്ടുകാരിയുടെ ചുമലിൽ തല ചായ്ച്ചു. കൂടുതൽ അടുപ്പമുള്ളതും കൂടുതൽ ഉറപ്പുള്ളതും കൂടുതൽ പരിചിതവും കൂടുതൽ വിശ്വസിക്കാവുന്നതുമായ സ്നേഹബന്ധത്തിൽ ശരണം കണ്ടെത്തിയാലെന്നതു പോലെ അവൾ പതിഞ്ഞ കാൽവെയ്പ്പുകളോടെ നടന്നു പോയി.

●

## കഥ


## കെ.ആർ ഇന്ദിര




**ഏണസ്റ്റ് ഹെമിംഗ്‌വേ**
(1899 - 1961):

ഹെമിംഗ്‌വേയുടെ ബലിഷ്ഠവ്യക്തിത്വവും അയവില്ലാത്ത പുരുഷത്വവും ഇതിഹാസസമാനമായി മാറിക്കഴിഞ്ഞ ഹെറ്ററൊസെക്ഷ്വാലിറ്റിയുമൊക്കെ ഏറെ കൊണ്ടാടപ്പെട്ടിട്ടുണ്ടെങ്കിലും ജീവിതകാലം മുഴുവൻ ലെസ്ബിയൻ സ്ത്രീകൾ ഹെമിംഗ്‌വേക്ക് ഒരു ബാധയായിരുന്നു. തന്റെ അമ്മക്കും രണ്ടാമത്തെ ഭാര്യ പോളീനും സ്വവർഗപ്രണയത്തിൽ താത്പര്യമുണ്ടായിരുന്നു എന്ന് അദ്ദേഹം സംശയിച്ചിരുന്നു. ഹെമിംഗ്‌വേ അടക്കിപ്പിടിച്ച സ്വവർഗപ്രേമി ആയിരുന്നുവെന്നു അക്കാലത്ത് പ്രചാരമുണ്ടായിരുന്നു. ഈ സംശയം പിന്നീട് പല ഗവേഷണ പ്രബന്ധങ്ങൾക്കും വിഷയമായി. 1933 ൽ എഴുതപ്പെട്ട ഈ കഥ ഹെമിംഗ്‌വേ യുടെ ലെസ്ബിയൻ ബാധയെ കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. സ്വവർഗ ലൈംഗികരീതികളെപ്പറ്റി ഗെർട്രൂഡുമായി മൂന്നു മണിക്കൂർ നീണ്ട തീവ്രമായ ഒരു സംഭാഷണത്തിന്റെ ഫലമായുള്ള പ്രചോദനമാണ് ഈ കഥയ്ക്ക് പിന്നിലെന്ന് പിന്നീട് ഹെമിംഗ്‌വേ ഒരു സുഹൃത്തിനോട് പറഞ്ഞിട്ടുണ്ട്. എങ്കിലും ഈ കഥ പരിക്കേറ്റ ഒരു മനസ്സിൽ നിന്നാണ് വന്നിട്ടുള്ളത് എന്ന് വ്യക്തമാണ്. കാരണം, പുരുഷൻ ഇവിടെ നന്മയുടെ സൂചകവും പേര് പറയപ്പെട്ടിട്ടില്ലാത്ത സ്ത്രീ ദുർമാർഗത്തിന്റെ സൂചകവുമായാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.



# മാറ്റം

'ശരി '
അയാൾ പറഞ്ഞു.
'അത് പറ '
'ഇല്ല'
അവൾ പറഞ്ഞു.
'എനിക്കു പറ്റില്ല.'
'എന്നു വെച്ചാൽ നീ ചെയ്യില്ലാ ന്ന്.'
'അതെ'.
'സ്വന്തം വഴിക്കു നോക്കിയാൽ മതി.
'അങ്ങനെയൊന്നില്ലല്ലൊ. ദൈവത്താണേ ഞാൻ ചെയ്തതല്ലേ.'
'ആങ്,കുറെ കാലം ചെയ്തതല്ലേ.' അവൾ പറഞ്ഞു.

സമയം അതി കാലത്തേ. കഫേയിൽ ബാർ മാൻ മാത്രം. ഇവരു രണ്ടും മൂലക്കൽ ഒരു മേശക്കരികെ ഇരിപ്പായിരുന്നു. വേനൽ ഒടുങ്ങാറായിട്ടുണ്ട്. രണ്ടാളും വേനലിൽ കരുവാളിച്ചിരുന്നു. പാരീസുകാരല്ലേ എന്ന് തോന്നും വിധം. യുവതി ടീ ഡു സ്യൂട്ടിൽ. അവളുടെ ചർമ്മം മിനുസമുള്ള ഗോൾഡൻ ബ്രൌൺ നിറമായിരുന്നു. സ്വർണ്ണ മുടി നീളം കുറച്ച് മുറിച്ചിട്ടിരുന്നു . അത് നെറ്റിയിൽ ചന്തത്തിൽ അങ്ങനെ വളർന്നു കിടന്നു. അയാൾ അവളെ നോക്കി. ;

'കൊല്ലും ഞാനവളെ' അയാൾ പറഞ്ഞു.
'പ്ലീസ്,അരുത്' അവൾ .

അയാൾ അവളുടെ മെലിഞ്ഞ അതിസുന്ദരമായ തവിട്ടു നിറത്തിലുള്ള കൈകളിൽ നോക്കി.

'ചെയ്യും ഞാൻ, ദൈവത്താണേ ചെയ്യും'
'അത് കൊണ്ട് നിങ്ങൾക്ക് സന്തോഷമുണ്ടാവുമോ ?'
'നീ വേറെ എന്തിലെങ്കിലും ചെന്ന് പെട്ടിട്ടുണ്ടോ?'
'ഇല്ലാന്നു തോന്നുന്നു. ഉം? എന്താ ഭാവം?'
'ഞാൻ പറഞ്ഞല്ലോ'
'അതല്ല, സത്യമായും'
'ആ എനിക്കറിയില്ല' അയാൾ പറഞ്ഞു.

അവൾ അയാളെ നോക്കി. നേരെ കൈ നീട്ടി. അയാൾ അവളുടെ കൈകളിലേക്ക് നോക്കി. പക്ഷേ അവളെ തൊട്ടില്ല.

'നോ താങ്ക്സ്' അയാൾ പറഞ്ഞു.
'സോറി പറഞ്ഞാൽ കാര്യമുണ്ടോ?'
'ഇല്ല'
അതെങ്ങനെയുണ്ട് എന്ന് പറഞ്ഞാലോ?'
'എനിക്ക് കേൾക്കണ്ട'
'ഐ ലവ് യു വെരി മച്ച്'
'ഉവ്വ്, ഇത് വെളിവാക്കുന്നുണ്ട്'
'അയാം സോറി, നിങ്ങൾക്ക് മനസ്സിലാവില്ലാച്ചാൽ'

'എനിക്ക് മനസ്സിലാവും. അതാണ് പ്രശ്നം.... എനിക്ക് മനസ്സിലാവും.

'അതെ, അതാണധികം കുഴപ്പം.

'അത് തന്നെ.' അയാൾ അവളെ നോക്കി.

'എനിക്കെപ്പോഴും മനസ്സിലാവും. എല്ലാ രാവും, എല്ലാ പകലും. വിശേഷിച്ച് എല്ലാ രാവും എനിക്ക് മനസ്സിലാവും. നീയതിനെ ചൊല്ലി വിഷമിക്കേണ്ട.'

'അയാം സോറി' അവൾ പറഞ്ഞു.

'അതൊരാണായിരുന്നെങ്കിൽ'

'അത് പറയരുത്. ആണാവാൻ പറ്റില്ല. അറിയാലോ.'

'എന്നെ വിശ്വാസം ഇല്ലേ?'

'അതാ രസം. വിശ്വാസമാണ്. അതല്ലേ രസം!'

'അയാം സോറി' അവൾ പറഞ്ഞു.

'എനിക്കിതേ പറയാനുള്ളൂ. നമുക്ക് തമ്മിലറിയാം. പിന്നെന്തിനാ നാട്യം?

'ഇല്ല, നാട്യമൊന്നുമില്ല.'

'വേണമെങ്കിൽ ഞാൻ തിരിച്ചു വരാം.'

'വേണ്ട, എനിക്കാവശ്യമില്ല'. രണ്ടു പേരും കുറച്ചു നേരം ഒന്നും മിണ്ടിയില്ല.

'ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്നത് വിശ്വാസമില്ല അല്ലെ?' അവൾ ചോദിച്ചു.

'ഛെ, പറഞ്ഞു പഴകിയ കാര്യം'

'ശരിക്കും നിങ്ങൾക്ക് വിശ്വാസമില്ലേ?'

'എന്താ തെളിവ്?'

'ഇങ്ങനെയായിരുന്നില്ലല്ലോ. ഒന്നും തെളിയിക്കാൻ നിങ്ങളെന്നോടാവശ്യ പ്പെട്ടിട്ടില്ലല്ലോ മുമ്പൊന്നും? ഇത് മര്യാദയല്ല.'

'നീയാള് കൊള്ളാമല്ലോ'

'നിങ്ങളങ്ങനെയല്ല. നിങ്ങൾ നല്ലവനാണ്. അതാണ് നിങ്ങളെ വിട്ടു പോകുമ്പോൾ എന്നെ തകർക്കുന്നത്.'

'പോയേ പറ്റൂ എന്തായാലും.'

'അതെ,എനിക്ക് പോയേ പറ്റൂ, അറിയാലോ' അയാളൊന്നും മിണ്ടിയില്ല. അവൾ അയാളെ നോക്കി കൈ നീട്ടി. ബാർമാൻ അങ്ങേ അറ്റത്തായിരുന്നു. അയാളുടെ മുഖവും ജാക്കറ്റും ഒരു പോലെ വെളുത്തിരുന്നു. അയാൾക്കിവരെ അറിയാം.

'ഒത്ത യുവ ജോഡികൾ' അയാൾ കരുതി. ഒത്ത ജോഡികൾ തെറ്റിപ്പിരിയുന്നതും അത്ര പൊരുത്തമില്ലാത്ത ജോഡികൾ ഉണ്ടാവുന്നതും അയാൾ ഒരു പാടു കണ്ടിട്ടുണ്ട്. അതൊന്നുമല്ല അയാൾ ഇപ്പോൾ വിചാരിച്ചിരുന്നത്. ഒരു കുതിരയെപ്പറ്റിയായിരുന്നു. കുതിര ജയിച്ചോ എന്നന്വേഷിച്ചറി യേണ്ടതുണ്ടോ എന്നായിരുന്നു.

'എന്നെ നന്നായിട്ടൊന്നു യാത്രയാക്കിക്കൂടെ?' അവൾ ചോദിച്ചു.

'ഞാനെന്താ വേണ്ടത്?' രണ്ടു പേർ അകത്തു കടന്ന് ബാറിനു നേരെ നടന്നു. 'യെസ് സർ,' ബാർമാൻ ഓർഡർ എടുത്തു.

'ക്ഷമിച്ചൂടെ? അറിയാലോ?' അവൾ ചോദിച്ചു.

'ഇല്ല'

'നമ്മളോന്നിച്ചു കഴിഞ്ഞു കൂടിയതൊന്നും കാര്യമല്ലേ?'

'പാപം ഭീതിദഭാവമുള്ള ഒരു ജന്തുവാണ്' ആ ചെറുപ്പക്കാരൻ ചവർപ്പോടെ പറഞ്ഞു.

'that to be some thing or other nude but to be seen.Then we...എന്താ... എന്താ ..then embrace..'

അയാൾക്ക് ഓർമ്മ കിട്ടിയില്ല വാക്കുകൾ.

'എനിക്കത് ക്വോട്ട് ചെയ്യാൻ കഴിയുന്നില്ല.' അയാൾ പറഞ്ഞു.

00'പാപം എന്ന് പറയണ്ട. അത്ര മര്യാദയല്ല അത്.'

'പെർവെർഷൻ' അയാൾ പറഞ്ഞു.

'ജെയിംസ്..' ഒരു പതിവുകാരൻ ബാർമാനെ വിളിച്ചു.

'നീയാള് കുട്ടപ്പനായിട്ടുണ്ടല്ലോ.'

'സാറും നല്ല ടിപ്പായിട്ടുണ്ട്' ബാർ മാൻ പറഞ്ഞു.

'ജെയിംസു ചേട്ടോ' മറ്റേ പതിവ്കാരൻ ഇടയിൽ കയറി.

'മ്മളെന്യാണ്. വെയ്റ്റ് ട്ടാ. എന്താ തടി!.'

'ഉം.. ങ്ങനെ കൂടല്ലേ ..കടുപ്പാണ് .' ബാർ മാൻ പറഞ്ഞു.

'ജെയിംസെയ് , ബ്രാണ്ടി അളവ് മറക്കണ്ടാ ട്ടാ' ഒന്നാമൻ പറഞ്ഞു.

'ഇല്ല സാർ.എന്താ സംശയം?!' ബാർമാൻ പറഞ്ഞു. ബാറിലെ രണ്ടാൾ മേശയ്ക്കലെ രണ്ടാളെ നോക്കി. പിന്നെ ബാർമാനെയും.

'ഇങ്ങനെയുള്ള വാക്കൊന്നും പ്രയോഗിക്കരുത്. അതിന്റെയൊന്നും ആവശ്യമില്ല' യുവതി പറഞ്ഞു.

'പിന്നെ ഞാനതിനെന്താ പറയണ്ടത്?'

'നിങ്ങളൊന്നും പറയണ്ടല്ലോ.നിങ്ങളെന്തിനാ അതിനു വല്ല പേരും ഇടുന്നത്?

'പക്ഷെ അതാ അതിന്റെ പേര്.'

'നോ,' അവൾ പറഞ്ഞു.

നമ്മൾ രണ്ടാളും എല്ലാ വിധങ്ങളും കണ്ടതല്ലേ? അറിയാലോ.നിങ്ങളത് വേണ്ട പോലെ ഉപയോഗിച്ചിട്ടും ഉണ്ടല്ലോ.'

അതിനി പറയണ്ട'

'വേണ്ട, നിങ്ങൾക്ക് ശരി ക്കറിയാലോ .'

'ശരി ...ഓൾ റൈറ്റ് '

'ഒക്കെ തെറ്റാണെന്നാ നിങ്ങളുടെ ഉള്ളിൽ എനിക്കറിയാം, ഒക്കെ തെറ്റാ.ഞാൻ എന്തായാലും തിരിച്ചു വരും.ഞാൻ പറഞ്ഞല്ലോ, ഞാൻ തിരിച്ചു വരും. നിശ്ചയ മായും.'

'ഇല്ല,നീ വരില്ല'

'ഞാൻ വരും'

'വരില്ല, എന്റടുത്തേക്ക് വരില്ല'

'നോക്കാം'

'യെസ്,അതല്ലേ കഷ്ടം! നീ

ചെലപ്പോ വരേം ചെയ്യും.'

'ഒറപ്പായിട്ടും വരും'

'ശരി പോ '

'റിയലീ?' അവൾക്കത് വിശ്വസിക്കാനായില്ല. പക്ഷെ അവളുടെ സ്വരത്തിൽ ആനന്ദമുണ്ടായിരുന്നു.

'ആവട്ടെ' സ്വന്തം ശബ്ദം അപരിചിതമായി തോന്നി അയാൾക്ക്. അയാളവളെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവളുടെ വായുടെ ചലനങ്ങൾ, കവിളെല്ലിന്റെ കുനിപ്പ്, കണ്ണുകൾ, നെറ്റിയിൽ മുടി വളർന്നു കിടക്കുന്നത്, ചെവി,കഴുത്ത്...

'സത്യമാണോ? ഓ യു ആർ സോ സ്വീറ്റ് .എത്ര നന്നായി!' 'തിരിച്ചു വന്നിട്ട് എന്നോടെല്ലാം പറയണം.' അയാളുടെ ശബ്ദം വളരെ അസാധാരണമായിരുന്നു . അയാളതറിഞ്ഞില്ല. അവൾ പെട്ടെന്നയാളെ നോക്കി. അയാൾ എന്തോ ഒന്ന് ഉറച്ചു കഴിഞ്ഞിരുന്നു.

'ഞാൻ പോയാലോ?' അവൾ ഗൌരവത്തോടെ ചോദിച്ചു.

'വേണം' അയാളും ഗൌരവത്തിൽ പറഞ്ഞു.


'ഉടനെ' ആ ശബ്ദം അയാളുടേതായിരുന്നില്ല. അയാളുടെ തൊണ്ട വരണ്ടിരുന്നു

'ഇപ്പോൾ' അയാൾ പറഞ്ഞു. അവൾ പെട്ടെന്നെഴുന്നേറ്റ് പുറത്തേക്ക് പോയി. തിരിഞ്ഞു നോക്കിയതെയില്ലാ അവൾ. ആ പോക്ക് നോക്കിയിരുന്നു അയാൾ. പോയ്ക്കൊള്ളാൻ പറഞ്ഞപ്പൊഴത്തെ ആളായിരുന്നില്ല അയാൾ. അയാളെ ഴുന്നെറ്റ് രണ്ടു ചെക്കും എടുത്ത് ബാറിലേക്ക് നടന്നു.

'ഞാൻ മാറിപ്പോയി ജെയിംസ്. നിങ്ങളിപ്പോൾ കാണുന്നത് വേറെ ഒരാളെ യാണ്.'; എന്താ സാർ?'

'പാപം എന്നത് അസാധാരണമായ ഒന്നാണ് ജെയിംസ്.' അയാൾ വാതിൽ ക്കലേക്ക് നോക്കി. അവൾ നിരത്തിലൂടെ നീങ്ങുന്നത് അയാൾ കണ്ടു. കണ്ണാടിയിൽ അയാൾ തന്നെയും കണ്ടു. അത് വേറെ ആരോ ആണ് എന്ന് അയാൾക്ക് തോന്നി. ബാറിലെ മറ്റേ രണ്ടാളും അയാൾക്ക് ഇടം കൊടുക്കാൻ നീങ്ങിയിരുന്നു.

'പാപം എന്നത് അസാധാരണമായ ഒന്നാണ് ജെയിംസ്.' അയാൾ വാതിൽ ക്കലേക്ക് നോക്കി. അവൾ നിരത്തിലൂടെ നീങ്ങുന്നത് അയാൾ കണ്ടു. കണ്ണാടിയിൽ അയാൾ തന്നെയും കണ്ടു. അത് വേറെ ആരോ ആണ് എന്ന് അയാൾക്ക് തോന്നി. ബാറിലെ മറ്റേ രണ്ടാളും അയാൾക്ക് ഇടം കൊടുക്കാൻ നീങ്ങിയിരുന്നു.



'അവിടെത്തന്നെ സാർ' ജെയിംസ് പറഞ്ഞു. മറ്റവർ ഇത്തിരി കൂടി നീങ്ങി.പുതിയ ആൾക്ക് കുറച്ചു കൂടി സൌകര്യത്തിന്. ബാറിലെ പിൻ കണ്ണാടിയിൽ അയാൾക്ക് തന്നെ കാണാമായിരുന്നു.

'ഞാൻ പറഞ്ഞില്ലേ ജെയിംസ്, വേറെ ഒരാളാണെന്ന്' അത് ശരിക്കും സത്യ മാണെന്ന് കണ്ണാടിയിൽ നോക്കിയപ്പോൾ അയാൾക്ക് തോന്നി.

'നല്ല സ്റ്റൈലായിട്ടുണ്ട് സാർ, ഈ സമ്മർ കലക്കീട്ടുണ്ടാവും ല്ലേ.' ജെയിംസ് പറഞ്ഞു.

ഡോ:ജി ഉഷാകുമാരി



വര :സീന ദേവകി

# വഴുതുന്ന ബഹുവചനങ്ങൾ

(മാധവിക്കുട്ടിയുടെ 'ചന്ദനമരങ്ങ'ളെ കുറിച്ചുള്ള പഠനം.)



**കാൽനൂററാണ്ടിലേറെക്കാലമായി** മാധവിക്കുട്ടിയെ വായിക്കുന്നു. തീക്ഷ്ണമായ അഭിരുചികളും ആഭിമുഖ്യങ്ങളും പുലർന്ന, ജൈവികമായ വളർച്ചയും പടർച്ചയുമുള്ള വായനക്കാലങ്ങളാണവ. ഏതു പുസ്തകക്കൂട്ടത്തിനിടയിലും നമ്മെ തടഞ്ഞുനിർത്തുന്ന കൃതികൾ..എൺപതുകളിലെ വൈകുന്നേരങ്ങളുടെ സ്വാദാണ് എനിക്കവ. കടലോരത്തെ തെങ്ങുകളെപ്പോലെ എന്റെ വായന എക്കാലവും മാധവിക്കുട്ടിക്കുനേരെ അധികമായി ചാഞ്ഞിരുന്നു. കാൽപനികവും മായികവുമായ വിഭ്രാമകതകളും ആഴക്കണ്ണാടികളും ഞാനവിടെ കണ്ടു. ഏതൊരു കൗമാരക്കാരിയുടേതുമെന്നതുപോലെ ഒരു ഒളിവിടം. തണുനിലത്ത് മങ്ങിയ മുഖം കാണാൻ ശ്രമിക്കുന്നതുപോലെ ഞാൻ ആ കഥകളിൽ ഉറ്റുനോക്കി സ്വയം നഷ്ടപ്പെട്ടിരുന്നു. അവ വായനകളേക്കാൾ ഒരുതരം കൂട്ടെഴുത്തായിരുന്നു. ഏകാകിയായ ഒരു പെൺകുട്ടിയുടെ സ്വകാര്യതകളെയാകമാനം ആ വികാരലോകം പുതുക്കിപ്പണിതു. ഒപ്പം ചേർന്നിരുന്നു, വസ്തുവിനൊപ്പം നിഴലെന്നപോലെ. ആമിയെന്ന മാധവിക്കുട്ടിയുടെ തുടർവള്ളിയായി സ്വയം സങ്കൽപ്പിക്കാത്ത ഏതൊരുവളാണുണ്ടാവുക ? എഴുത്തുകാരിയും വായനക്കാരിയും കൂടിപ്പിണഞ്ഞുള്ള വളർച്ചയുടെ ആ പെൺകുട്ടിക്കാലം എന്റേതുമാത്രമല്ല, എത്രയോ മലയാളിസ്ത്രീകളുടേതും കൂടിയാണ്. ഈ പൊക്കിൾക്കൊടിബന്ധം ഈഡിപ്പൽ രതിയേക്കാൾ അധൃഷ്യവും ഭാവനാപൂർണവും വളരും തോറും സങ്കീർണവും മൃദുവായൊരു സ്വവർഗ്ഗാഭിരതിയോളം ഉള്ളിണക്കമുള്ളതും. മലയാളിസ്ത്രീയുടെ ഭാവനാജീവിതത്തിന്റെ, സാസ്കാരികനിർമിതിയുടെ ഏറ്റവും ആത്മനിഷ്ഠമായ ഒരു ചരിത്രരചനയിൽ കരിയില മൂടിയ ഈ വഴികൾ തെളിഞ്ഞുക

ണ്ടേക്കാം. ഓരോരുവൾക്കും എന്തായിരുന്നു മാധവിക്കുട്ടി എന്നതിന്റെ വിപുലവും തുറന്നതുമായ വഴിയോരക്കാഴ്ച്ചകൾ...അതിനകത്തെ പുതുമകളും പഴമകളും...ഏതിലും അനേകാഗ്രമായി നീളുന്ന, ചിതറുന്ന, പലതായി പടരുന്ന എഴുത്തുകാരി...ഒറ്റക്കല്ലിൽ പണിതീർത്തുവെച്ച ഒരു മാധവിക്കുട്ടിയെ നാം എവിടെയും കാണുന്നില്ല. വഴുതുന്ന ബഹുവചനങ്ങൾക്കകത്ത് നമ്മെയും കൂടി ചേർത്തുവെച്ച് അവസരോചിതമായ ചില സംഘാതങ്ങൾ കൊത്തിയുറപ്പിക്കുന്നു, അത്രമാത്രം.

ചന്ദനമരങ്ങളുടെ വായനയിലേക്കുവരുമ്പോഴും വ്യത്യസ്തമായ അനുഭവമല്ല. അത് തീക്ഷ്ണമായ ഒരു സൗഹൃദത്തിന്റെ കഥയാണോ? അതിവൈകാരികത കലർന്ന കൗമാരസൗഹൃദത്തിന്റെ വിരഹതീക്ഷ്ണമായ പുനരോർമയാണോ? വിലക്കപ്പെട്ട രതിയുടെ ആദ്യമലരുകളാണോ? പ്രണയവും വിരഹവും സൗഹൃദവും രതിവിരതികളും കലർന്ന, ഉന്മാദവും ഉദ്വേഗവും തുടിച്ചു നിൽക്കുന്ന ആത്മകഥനമാണോ? മനുഷ്യാവസ്ഥകളും പ്രകൃതിയും ഭൂതഭാവികളും അജ്ഞേയമായ വിധിയും ചേർന്നു ലയിച്ച ജീവിതത്തിന്റെ സങ്കീർണപാഠമാണോ? ഈ ചോദ്യങ്ങൾ അവസാനിക്കുന്നില്ല.

"നിന്റെ ഉള്ളു ചികഞ്ഞ് നിന്റെ രഹസ്യങ്ങളെ അന്വേഷിച്ചു കണ്ടെത്തുന്നതുകൊണ്ടാണോ നിന്റെ കണ്ണിൽ ഞാനൊരു ദുഷ്ടജീവിയായത്? നീയാരാണെന്ന് എനിക്കറിയാം. എനിക്കറിയാമെന്ന് നിനക്കറിയാം. എനിക്കറിയാമെന്ന് നിനക്കറിയാമെന്ന് എനിക്കറിയാം." എന്നമട്ടിൽ പരസ്പരം പ്രതിഫലിച്ച് പകർന്നാടുന്ന സ്നേഹബന്ധങ്ങളുടെ ബലതന്ത്രങ്ങൾ നാമിവിടെ കാണുന്നു. സ്ത്രൈണമായ ആത്മത്തിനകത്തെ പിളർപ്പായും ഇരട്ടയായും ഈ രണ്ടു സ്നേഹിതകളെയും– ഷീലയെയും കല്യാണിക്കുട്ടിയെയും– നമുക്കു കാണാം. ദ്വന്ദ്വങ്ങളിൽ നിന്ന് ഏകത്തിലേക്ക് സാന്ദ്രീകരിക്കപ്പെടുകയും തിരികെ പൊട്ടിപ്പിളരുകയും പിരിയുകയും ചെയ്യുന്ന വൈകാരികത ആ ബന്ധത്തെ സങ്കീർണമാക്കുന്നു-തന്റെ മറ്റനവധികഥകളിലെന്ന പോലെ എന്താണ് സ്നേഹം എന്ന് മാധവിക്കുട്ടി സ്വയം ചോദിക്കുന്നു, ഒരു പക്ഷേ കൂടുതൽ തീക്ഷ്ണവും വ്യതിരിക്തവുമായി. സ്നേഹബന്ധങ്ങൾക്കകത്ത് സ്വയം ചെറുതാക്കപ്പെടുന്നതിന്റെ വേദനയെക്കുറിച്ച്, വ്യാജമായ തോൽവികളുടെയും വിജയങ്ങളുടെയും നിരർത്ഥകതയെക്കുറിച്ച് ഒക്കെ ഇവിടെ തീക്ഷ്ണമായ ചോദ്യങ്ങളുയരുന്നു.

> "നിന്റെ ഉള്ളു ചികഞ്ഞ് നിന്റെ രഹസ്യങ്ങളെ അന്വേഷിച്ചു കണ്ടെത്തുന്നതു കൊണ്ടാണോ നിന്റെ കണ്ണിൽ ഞാനൊരു ദുഷ്ടജീവിയായത്? നീയാരാണെന്ന് എനിക്കറിയാം. എനിക്കറിയാമെന്ന് നിനക്കറിയാം. എനിക്കറിയാമെന്ന് നിനക്കറിയാമെന്ന് എനിക്കറിയാം."

**ലൈംഗികതയും അധികാരവും**

സ്ത്രീയുടെ ആന്തരികജീവിതത്തിന്റെ അനേകായിരം അടരുകൾക്കകത്ത് ലൈംഗികതയും അധികാരവും തമ്മിലുള്ള നേരിടലിന്റെ വടുക്കൾ പതിഞ്ഞുകിടക്കുന്നു. ഭാവനയുടെ പുനഃക്രമീകരണങ്ങളായി അവ ഏറ്റു വാങ്ങപ്പെടുന്നു. ശ്ളഥവും അപൂർണവുമായ കാമനകൾക്കകത്തു പോലും വ്യവസ്ഥയുടെ അദൃശ്യമായ കൈപ്പടം പതിഞ്ഞിരിക്കുന്നു. ദാമ്പത്യം,പ്രണയം,കുടുംബം,സമൂഹം തുടങ്ങിയ എല്ലാ 'ഭദ്രലോക'ങ്ങളിലും ലൈംഗികത ആൺ-പെൺമാത്രബന്ധമായാണ് സ്വരൂപിച്ചുറപ്പിക്കപ്പെടുന്നത്. ഭിന്നവർഗ ലൈംഗികത സമസ്തമണ്ഡലങ്ങളിലും നിർബന്ധിതമായ സാഹചര്യമാണ്. എല്ലായ്പ്പോഴും അദൃശ്യമായിത്തുടരുന്ന, സ്വയംതിരിച്ചറിയാൻ വിസമ്മതിക്കുന്ന, ഒതുക്കുകയും ഒഴിവാക്കുകയും ചെയ്യപ്പെടുന്ന സ്വവർഗകാമന ഏറെക്കുറെ സാങ്കൽപികമായ ഒരു യാഥാർത്ഥ്യമായാണ് പരിഗണിക്കപ്പെടുന്നത്. എപ്പോഴെങ്കിലും സാമൂഹ്യജീവിതത്തിൽ സ്വർഗസ്നേഹത്തിന്റെ സന്ദർഭങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ നിഷ്ഠുരവും ചിരസമ്മതവുമായ ഒരു അകൽച്ചയും അറപ്പും നാം കാണുന്നു. അരാജകതയായും അമിതമായ ലൈംഗികത്വരയായും ലൈംഗികചൂഷണമായുമൊക്കെ അതു പൊതുസമൂഹത്തിൽ അടയാളപ്പെടുന്നു. 'The love queen of Malabar' എന്ന മാധവിക്കുട്ടിയെക്കുറിച്ചുള്ള മെറിലി വെയ്സ്ബോഡിന്റെ ഓർമപ്പുസ്തകത്തിൽ വിവരിക്കുന്ന ഒരു രംഗമുണ്ട്. തന്റെ പ്രസംഗത്തിന്റെ ഒടുവിൽ ഉദ്ധരിക്കുവാൻ പറ്റിയ തന്റെ തന്നെ കവിതയിലെ ചില വരികൾ തിരയുകയായിരുന്നു മാധവിക്കുട്ടി. 'കോമ്പോസിഷൻ' എന്ന കവിതയിലെ വരികൾ

"സ്വവർഗാനുരാഗിണികൾ എന്റെ നേർക്കു സ്നേഹം ചീറ്റുന്നു.
അവർ യഥാർത്ഥത്തിൽ പുരുഷൻമാരെപ്പോലെ തന്നെ.
അവരെന്റെ മാറിടങ്ങളെ നുള്ളുവാൻ ഇഷ്ടപ്പെട്ടു...."

ലണ്ടനിലെ കോമൺവെൽത്ത് റൈറ്റേഴ്സ് കോൺഫറൻസിൽ പരിചയപ്പെട്ട ലെസ്ബിയൻ കവികളെ ഓർത്തുകൊണ്ടാണീ വരികൾ എഴുതപ്പെട്ടതെന്നു വെയ്സ്ബോഡ് വിശദീകരിക്കുന്നു.കാനഡയിലെ വേദിയിൽ അത്തരം വരികൾ രാഷ്ട്രീയമായ ശരികേടാണെന്നും വെയ്സ്ബോഡ് മാധവിക്കുട്ടിയെ ഓർമിപ്പിക്കുന്നുണ്ട്.

മാധവിക്കുട്ടിയുടെ ഹോമോഫോബിയ എന്നതിനപ്പുറം സ്വത്വത്തെ സംബന്ധിച്ച അപരഘടനക

ളോട് അവരെങ്ങനെ സംവദിച്ചു എന്ന ആരായലിനാണിവിടെ പ്രസക്തി. അപരങ്ങളോടുള്ള കപടമായ അലിവിനേക്കാൾ, പ്രതിബദ്ധതയേക്കാൾ അകലത്തിന്റെ സത്യസന്ധതയിലേക്കാണവർ സ്വയം തുറന്നത്. നഖത്തിനടിയിലെ ചെളിയോടും പണിയെടുക്കുന്ന പരുപരുത്ത കൈത്തലങ്ങളോടുമുള്ള അരുചികൾ മാത്രമായല്ല അതു വെളിപ്പെടുന്നത്. കുറച്ചുമണ്ണ്, ചുവന്ന പാവാട, പ്രഭാതം, ജാനുവമ്മ പറഞ്ഞ കഥ തുടങ്ങിയ നിരവധി കഥകളിലെപ്പോലെ കീഴാളമായ വർഗപരിസരങ്ങളെ സമഗ്രമായി പ്രതിഫലിച്ചുകൊണ്ടുകൂടിയായിരുന്നു.

**സ്‌ത്രൈണമണ്ഡലം**

വിവാഹം, പുരുഷലൈംഗികത, ദാമ്പത്യം, മാതൃത്വം മുതലായവയോടുള്ള പ്രത്യക്ഷ വിമർശനത്തെ മാധവിക്കുട്ടിയുടെ സ്ത്രീപക്ഷരാഷ്ട്രീയമായി വായിച്ചെടുക്കാമെങ്കിലും ഈ കൃതിയിലെ സമ്പന്നമായ, വ്യത്യസ്തലിംഗാഭിരുചിയുടെ സാന്നിദ്ധ്യത്തിൽ അവയെല്ലാം ഭിന്നവർഗലൈംഗികതയുടെ മേൽക്കോയ്മയെത്തന്നെ ചോദ്യംചെയ്യുന്നു. അങ്ങനെ അത് ലൈംഗികതയെക്കുറിച്ചുള്ള, സ്വത്വത്തെക്കുറിച്ചുള്ള ഒരു പുന:ക്രമീകരണം അനിവാര്യമാക്കിത്തീർക്കുന്നു.

സ്ത്രീകൾ മാത്രം തിരിച്ചറിയുകയും അവർ സവിശേഷമായി നിർമിച്ചെടുക്കുകയും പരസ്പരം പങ്കുവെയ്ക്കുകയും വിനിമയം ചെയ്തെടുക്കുകയും ചെയ്യുന്ന സ്‌ത്രൈണപ്രധാനമായ ഒരു ജ്ഞാനമണ്ഡലമായിക്കൂടിയാണ് ആഡ്രിയൻ റിച്ചിനെപോലെയുള്ളവർ ലെസ്ബിയനിസത്തെ കാണുന്നത്. ജനനേന്ദ്രിയബദ്ധമായ ലൈംഗികതയിലേക്കതിനെ ചുരുക്കാനാവില്ല എന്നവർ പറയുന്നു. സ്ത്രീകൾ പൊതുവായി പങ്കിടുന്ന അറിവനുഭവങ്ങളുടെ ആധികാരികത ഇവിടെ പ്രധാനമാണ്. ചന്ദനമരങ്ങളിൽ പ്രകടമായ പുരുഷാധിപത്യത്തോടും പുരുഷകാമനകളോടും മറ്റു ചിലപ്പോൾ പുരു

സ്ത്രീകൾ മാത്രം തിരിച്ചറിയുകയും അവർ സവിശേഷമായി നിർമിച്ചെടുക്കുകയും പരസ്പരം പങ്കുവെയ്ക്കുകയും വിനിമയം ചെയ്തെടുക്കുകയും ചെയ്യുന്ന സ്‌ത്രൈണപ്രധാനമായ ഒരു ജ്ഞാനമണ്ഡലമായിക്കൂടിയാണ് ആഡ്രിയൻ റിച്ചിനെപോലെയുള്ളവർ ലെസ്ബിയനിസത്തെ കാണുന്നത്.

ഷ ശരീരത്തോടുതന്നെയുമുള്ള കയ്പ്പും ദ്വേഷവും ഈ ഒരർത്ഥത്തിൽക്കൂടിയും കാണാം. തന്റെ ഭർത്താവിന്റെ പ്രമേഹരോഗികളുടേതായ മണം, അയഞ്ഞു തൂങ്ങിയ പുരുഷാവയവം മുണ്ടിനടിയിൽ കൂടി കാണുമ്പോഴുള്ള അറപ്പ്, പല്ലിലെ കറ, മൂടൽ ബാധിച്ച കണ്ണുകൾ തുടങ്ങിയ പരാമർശങ്ങൾ...

"മൂത്തുനരച്ച് വർഷങ്ങളോളം നീണ്ടുനിൽക്കുന്ന ഒരു ദാമ്പത്യം പരിഷ്കൃതർക്ക് നിശ്ചയമായും ദുസ്സഹമാണ്. ഒരേ കട്ടിലിൽ അടുത്തടുത്ത് ശയിച്ച് അന്യോന്യം വിയർപ്പുഗന്ധം കൈമാറുക. സൂര്യോദയത്തിൽ കക്കൂസിൽ വെള്ളമൊഴിക്കാൻ മറന്ന ഇണയുടെ അമേധ്യം ദർശിക്കുക, അനുഗ്രഹിക്കാൻ വേണ്ടി നിർമിക്കപ്പെട്ടവയെന്നു തോന്നിക്കുന്ന മനോഹരാംഗുലികളാൽ സ്വയംഭോഗം നടത്തുന്നത് നോക്കിക്കൊണ്ട് അതിന്റെ താളം ശ്രദ്ധിച്ചുകൊണ്ട് നിദ്രാഭിനയം നടത്തുക. വേണ്ട എനിക്ക് വേണ്ട, മാന്യരാൽ പുകഴ്ത്തപ്പെട്ട ഗൃഹസ്ഥാശ്രമം എനിയ്ക്ക് വേണ്ട, വേണ്ട. മറ്റൊരാളുടെ വായിൽ നിന്ന് ഒഴുകുന്ന കൊഴുത്ത ദ്രാവകം എന്റെ വായിന് ആവശ്യമില്ല. ജോലി ചെയ്ത് തളർന്ന എന്റെ ശരീരത്തിനു കാമത്തിന്റെ വികൃതഭാവം സഹിക്കാനാകില്ല." (പേജ് 165)

"അദ്ദേഹത്തെ വഞ്ചിക്കുവാൻ അങ്ങനെ എന്റെ പാതിവ്രത്യം ഉപേക്ഷിക്കുവാൻ ഞാൻ ശ്രമങ്ങൾ നടത്താതിരുന്നില്ല. പക്ഷേ, എന്നോടടുക്കുന്ന ഓരോ പുരുഷനിലും ഞാൻ അദ്ദേഹത്തെ മാത്രം കണ്ടു.കണ്ടപ്പോൾ ഞാൻ പിൻമാറി. നടുക്കത്തോടെ ഞാൻ പാതിവ്രത്യത്തിലേക്കു തന്നെ വഴുതി വീണു. ഉച്ഛിഷ്ടം ഭക്ഷിക്കുന്നതുപോലെ, ഉച്ഛിഷ്ടം വീണ്ടും വീണ്ടും ഭക്ഷിക്കുന്നതുപോലെ ഞാനെന്റെ ഭാര്യാധർമം അനുഷ്ഠിച്ചുപോന്നു"

എങ്ങനെയാണ് ഇതൊരു കാൽപനിക ഏകാകിനിയുടെ അന്തർമുഖസത്ത ഉൾച്ചേർന്ന ആഖ്യാനസ്വരവുമായി കണ്ണിചേർന്നു കിടക്കുന്നത് എന്നുകൂടി മനസ്സിലാക്കുന്നത് മാധവിക്കുട്ടിയുടെ ആഖ്യാനസൗന്ദര്യശാസ്ത്രത്തെ കൂടുതൽ സൂക്ഷ്മമായി വെളിപ്പെടുത്തും. ഒരേസമയം വ്യവസ്ഥയ്ക്കു കീഴ്പ്പെടുന്ന അതിനെ മനസ്സിലാക്കുമ്പോഴും ചെറുക്കാനാവാതെ കീഴ്പ്പെടുന്ന, അതേസമയം വ്യവസ്ഥയ്ക്കു നേരെ കുസൃതിയോടെ ക്രൂരമായ പകയോടെ അതിനെ നേരിടുന്ന ചെറുക്കുന്ന ഈ രണ്ടു കഥാപാത്രങ്ങളെയും ആഖ്യാനസ്വരത്തിന്റെ, ഒന്നിന്റെ തന്നെ ഇരട്ടകളായി കാണാം.

'എന്നിൽ മറ്റൊരുത്തി ജീവിക്കുന്നു. എന്റെ ഇരട്ട. ജീവിക്കാനനുവദിക്കപ്പെടാത്തവൾ. അമാവാസി. കണ്ണുകളാൽ അവൾ എന്റെ മുഖശ്രീയെ മുറിവേൽപ്പിച്ച് മെല്ലെ എത്രയോ മെല്ലെ എന്നെ പകുതി മനുഷ്യസ്ത്രീയും പകുതി മാർജാരിണിയും ആക്കിത്തീർക്കുന്നു." (മാർജാരം)

സ്ത്രീസ്വത്വത്തെ സംബന്ധിച്ച 'മൗലികമായ ഈ ഉഭയവൃത്തി' (ഈ. വി. രാമകൃഷ്ണൻ)യ്ക്കകത്ത്, ലിംഗബോധങ്ങൾ നിരന്തരമായി അസ്ഥിരീകരിക്കുന്നു, ചലനാത്മകമാവുന്നു. എങ്കിലും

ഏകാകിനിയും തിരസ്കൃതയും അന്തർമുഖിയും അന്യവൽകൃതയുമായ ആ ആഖ്യാനസ്വരം (അത് തന്ത്രപരമായ ഒരു മറയായിയിരിക്കാം.) മാഞ്ഞുപോകുന്നില്ല.

**ഇടയുന്ന ഘടനകൾ**

ചന്ദനമരങ്ങളിലേക്കു വരുമ്പോൾ പരസ്പരം ഇടയുന്ന ഘടനകളെ നാം കാണുന്നു. പരസ്പരം കൊമ്പുകോർക്കുന്ന വർഗലിംഗങ്ങൾ ഈ കഥയ്ക്കു ബഹുലമായ മാനങ്ങൾ നൽകുന്നു. മധ്യവയസ്സു പിന്നിട്ട ഡോക്ടറായ ഷീല തന്റെ ബാല്യകാലസഖി കല്യാണിക്കുട്ടിയെ 26 വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടുന്നിടത്താണ് കഥയുടെ ആഖ്യാനസന്ദർഭം. ഓർമകളേക്കാളധികം അഗാധമായ, ജൈവികമായ അനുഭവമായാണിവിടെ ചെറുപ്പകാലം വീണ്ടെടുക്കപ്പെടുന്നത്.കുളത്തിന്റെ നനവും കുളച്ചണ്ടിയുടെയും പായലിന്റെയും വെള്ളിലയുടെയും ആമ്പലിന്റെയും ചിറ്റമൃതിന്റെയും മണവും സ്വാദും നിറഞ്ഞു നിൽക്കുന്ന വാങ്മയം. ഉല്ലാസത്തിന്റെയും ഉൻമാദത്തിന്റതുമായ ഒരു സ്നാനകേളിക്കു ശേഷം കുളപ്പടവുകളിൽ വെച്ച് കല്യാണിക്കുട്ടി ഷീലയെ ഗാഢമായി ആശ്ലേഷിച്ച് ചുംബിക്കുന്നു. തുടക്കത്തിലെ ചെറുത്തുനിന്നുവെങ്കിലും പിന്നീടവൾ പൂർണമായും വഴങ്ങുകയാണ്.

"....അവൾ എന്നെ സർവശക്തിയുമുപയോഗിച്ച് കുളപ്പുരയുടെ ചാണകം മെഴുകിയ നിലത്തേക്ക് മെല്ലെ വീഴ്ത്തിയിട്ടു. എന്റെ ശരീരത്തെ കോരിത്തരിപ്പിച്ചുകൊണ്ട് അവൾ എല്ലായിടവും നോവുന്ന ചുംബനങ്ങളാൽ പൊതിഞ്ഞു. ഞാൻ ലജ്ജയാലും അപമാനഭാരത്താലും എന്റെ കണ്ണുകളടച്ചു. എത്രനേരം ഞാൻ ജീവച്ഛവമെന്നപോൽ അവളുടെ ആക്രമണത്തിനു വഴങ്ങി അവിടെ കിടന്നു എന്നു എനിക്കു തന്നെ ഓർമയില്ല.. യുഗങ്ങളോളം ഞാൻ അവളുടെ തുടിക്കുന്ന കൈകാലുകളുടെ അടിമയായിരുന്നു. അതിനു ശേഷം ഞാനവളുടെ പ്രേമഭാജനമായി മാറി. അവളുടെ വായുടെ നനവും സ്വാദും എന്റേതായി. അവളുടെ ശരീരത്തിന്റെ മാർദ്ദവങ്ങളും കാഠിന്യങ്ങളും എന്റെ സഹവർത്തികളായി. "

> **ഓർമ്മകളേക്കാളധികം അഗാധമായ, ജൈവികമായ അനുഭവമായാണിവിടെ ചെറുപ്പകാലം വീണ്ടെടുക്കപ്പെടുന്നത്. കുളത്തിന്റെ നനവും കുളച്ചണ്ടിയുടെയും പായലിന്റെയും വെള്ളിലയുടെയും ആമ്പലിന്റെയും ചിറ്റമൃതിന്റെയും മണവും സ്വാദും നിറഞ്ഞു നിൽക്കുന്ന വാങ്മയം.**

ഷീലയുടെ അച്ഛന്റെ ആശ്രിതയായി വളർന്ന കല്യാണിക്കുട്ടി ഷീലയുടെ പഴയ വസ്ത്രങ്ങൾ ധരിച്ച് എല്ലായ്പ്പോഴും അവളെ ചുറ്റിപ്പറ്റി നിന്നു. ഒരേ ജാതിയിൽപ്പെട്ടവളും സഹപാഠിയുമായിരുന്നിട്ടും ഷീലയുടെ ഭക്ഷണമുറിയിലോ കിടപ്പറയിലോ കല്യാണിക്കുട്ടിക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഒരിക്കൽ ഷീലയുടെ നിർബന്ധത്തിനു വഴങ്ങി കട്ടിലിലിരുന്ന കല്യാണിക്കുട്ടിയെ മുത്തശ്ശി ശകാരിച്ചു പുറത്താക്കി. കല്യാണിക്കുട്ടി പഠിച്ച് ഡോക്ടറായത് ഷീലയുടെ കുടുംബത്തിന്റെ ധനസഹായം കൊണ്ടാണ്. എന്നാൽ ഷീലയുടെ അച്ഛന്റെ മരണത്തെ നിർവികാരതയോടെ സ്വീകരിച്ച കല്യാണിക്കുട്ടി ഒരു ദിവസം ഷീലയുടെ പിതാവ് തന്റെയും പിതാവായിരിക്കാമെന്ന സംശയം പങ്കുവെയ്ക്കുന്നു. തനിക്കായി അത്രയധികം പണം ചെലവഴിച്ചതിന്റെ യഥാർഥ കാരണം അവൾ സ്ഥാപിക്കുന്നു.

സാമ്പത്തികമായ കീഴായ്മയും ആശ്രിതാവസ്ഥയും കല്യാണിക്കുട്ടിയിൽ അപകർഷതയേക്കാളേറെ വീറും ഉറപ്പുമാണ് നിർമിച്ചെടുക്കുന്നത്. 26 വർഷങ്ങൾക്കുശേഷവും ഷീലയെകാണുമ്പോഴും അത് ജ്വലിച്ചു തന്നെ നിൽക്കുന്നു. 'നിനക്കൊരു മാറ്റവുമില്ല എന്റെ ഷീലാ, നീയിപ്പോഴും ദാനശീലയായി നിലകൊള്ളുന്നു. നിനക്ക് കൊടുക്കാനറിയാമായിരുന്നു. ബാല്യകാലം മുതൽക്കേ നീ ദാനശീലം വളർത്തിയെടുത്തു. ഒപ്പം സഹനശക്തിയും. നീ ജനിച്ചത് അത്തരമൊരു കുടുംബത്തിലായിരുന്നു. ദാനശീലരും ധർമിഷ്ഠരുമുള്ള ഒരു പുരാതന കുടുംബം. നീ കുലീനയായി ജനിച്ചു. അതുകൊണ്ടാണ് നിനക്ക് സംയമനത്തോടെ ജീവിക്കാൻ കഴിഞ്ഞത്. ഞാനതിൽ അസൂയപ്പെട്ടിട്ട് എന്ത് പ്രയോജനം? ഞാൻ കർഷകരുടെ ഇടയിൽ ജനിച്ചു. രണ്ടു ജാക്കറ്റും രണ്ടു പാവാടയും മാത്രമായിരുന്നു എന്റെ വസ്ത്രശേഖരം. എന്നെ നീ പഠിച്ചിരുന്ന സ്കൂളിലും പിന്നീട് കോളേജിലും ചേർത്തത് എന്റെ ദരിദ്രനായ പിതാവായിരുന്നില്ല. യജമാനനായിരുന്നു. ആ യജമാനനും ഞങ്ങളുടെ കുടുംബവും തമ്മിൽ രഹസ്യമായി മറ്റു വല്ല ബന്ധവുമുണ്ടോ എന്ന് ഞാൻ പലപ്പോഴും എന്നോടുതന്നെ ചോദിക്കാറുണ്ടായിരുന്നു. ആ യജമാനന്റെ മൂക്കുപോലെയാണ് എന്റെ മൂക്കെന്നുപോലും ഒരുകാലത്ത് ഞാൻ സംശയിച്ചു."

**സന്ദിഗ്ധത**

കഥയ്ക്കിടയിൽ പ്രത്യക്ഷപ്പെടുന്ന കൗമാരകാലത്തെക്കുറിച്ചുള്ള ഓർമകളിലെല്ലാം വർഗപരമായ കീഴാളതയും ലൈംഗികകർതൃത്വവും ഇഴചേർന്ന് കിടക്കുന്നതു കാണാം. അതുകൊണ്ടുതന്നെ പതിവ് സാങ്കേതികാർത്ഥത്തിലുള്ള 'ശുദ്ധ'മായ സ്വവർഗകാമനകളുടെ വിനിമയം ഇവിടെ നടക്കുന്നില്ല എന്നുതന്നെ പറയാം. എന്നാൽ സരസ്വതിയമ്മയുടെയും മറ്റും കഥകളിൽ വളരെ മുൻപുതന്നെ നാം പരിചയിച്ച, ആഴത്തിലുള്ള മൈത്രീബന്ധങ്ങളുടെ ബൗദ്ധിക സംവാദങ്ങളുമല്ല അവ. "നീ കലാബോധമുള്ള ഒരു ധനികയാണ്." അവൾ പറഞ്ഞു.

(കല്യാണിക്കുട്ടി) "കലാബോധം ഉണ്ടാകുന്നതും ധനമുണ്ടാകുന്നതും ഒരു കുറ്റമാണെന്ന നാട്യത്തിലാണ് നീ സംസാരിക്കുന്നതെന്ന് എനിയ്ക്കു തോന്നുന്നു." (പുറം 170)

ധനികയായ ഷീലയോടുള്ള അസൂയ കല്യാണിക്കുട്ടി ഏറ്റുപറുന്ന ഈ സന്ദർഭം പ്രധാനമാണ്. മാന്യരുടെ സദസ്സിൽ ബഹുമാനിക്കപ്പെടുകയും നീല ഡ്രസിങ് ഗൗൺ ധരിച്ച് വരാന്തയിലിരുന്ന് പത്രങ്ങൾ വായിക്കുകയും ചെയ്യുന്ന ഷീലയുടെ വൃദ്ധഭർത്താവിനെച്ചൊല്ലിയും അവൾ അസൂയപ്പെടുന്നു. പൗരുഷവും യൗവനവും മുറ്റിയവനെങ്കിലും അപകർഷതാബോധം കൊണ്ട് തന്റെ ഭർത്താവ് ഒരു മൃഗമായി മാറിയെന്നവൾ പറയുന്നു. ഭാര്യയെ പെണ്ണേ, തേവിടിശ്ശി എന്നൊക്കെ വിളിക്കുന്ന അപരിഷ്കൃതനായ അയാളെ വിട്ട് ആദരവ് പ്രകടിപ്പിക്കുന്ന ഒരാളെ അവൾ തേടുന്നു.

26 വർഷങ്ങൾക്കു ശേഷം നാട്ടിൽ മടങ്ങിയെത്തിയ കല്യാണിക്കുട്ടിയോട് ഷീലയുടെ ഭർത്താവ് പ്രണയാഭ്യർഥന നടത്തിയെന്നാരോപിച്ച് കല്യാണിക്കുട്ടി ഷീലയെ വേദനിപ്പിക്കുന്നു. അതവൾ പറയുകയും ചെയ്യുന്നു. "ഷീലാ, ഞാൻ നിന്നെ വേദനിപ്പിച്ചു. ഒരിക്കൽ നീയെന്നെ വേദനിപ്പിച്ചിരുന്നു. തുടർച്ചയായി വേദനിപ്പിച്ചു. ഇനി ആ കളി കളിക്കുവാൻ എന്റെ ഊഴവുമായി." (പുറം 173) ദാരിദ്ര്യവും ആഢ്യത്വത്തോടുള്ള വാഞ്ഛയും അപകർഷതയും ചേർന്നുണ്ടാക്കിയ മൂർച്ചയുള്ള ഒരു എതിർ ബലം കല്യാണിക്കുട്ടിയുടെ സ്വത്വത്തിലുണ്ട്. അത് മറ്റുള്ളവരെ എന്ന പോലെ തന്നെത്തന്നെയും മുറിവേൽപ്പിക്കുന്നു. വിചാരണ ചെയ്യുന്നു. തന്റെ വിചിത്രമായ മനോനിലയെ കുറിച്ച് കല്യാണിക്കുട്ടി സ്വയം നടത്തുന്ന അന്വേഷണങ്ങളും നിഗമനങ്ങളും മാരകമായി തീരുന്നു.

ഒരേസമയം സ്വവർഗാനുരാഗത്തിന്റെ സാഹചര്യങ്ങൾ നിലനിർത്തുമ്പോഴും അതേസമയം അവയുടെ അസ്ഥിരീകരണമായി വഴിമാറുന്ന ഇത്തരം സന്ദർഭങ്ങൾ ഒട്ടേറെ ഈ കഥയിലുണ്ട്. കുളക്കരയിലെ രതിപരിലാളനകളിൽ ഭിന്നവർഗലൈംഗികതയുടെ ഘടന സൂക്ഷ്മമായി ലയിച്ചു കിടക്കുന്നുണ്ട്. ഷീലയുടെ പക്ഷത്തുള്ള സ്ത്രൈണമായ നിസ്സഹായത, കീഴ്പ്പെടൽ, കല്യാണിക്കുട്ടിയുടെ മുൻകൈയെടുക്കൽ എല്ലാം അതാണ് സൂചിപ്പിക്കുന്നത്. ലൈംഗികകാമനകളെയും സ്വത്വത്തെയും സംബന്ധിച്ച സന്ദിഗ്ധത ഇതിൽ ഉടനീളം നിലനിൽക്കുന്നുണ്ട്.

ലെസ്ബിയൻ അനുഭവത്തെക്കുറിച്ചുള്ള സാമാന്യധാരണകളെ പലനിലയ്ക്കും പരിക്കേൽപ്പിച്ചുകൊണ്ടാണ് ഈ കഥയുടെ ഭാവമണ്ഡലം വികസിക്കുന്നത്. സ്ത്രീയും സ്ത്രീയും തമ്മിലുള്ള ശാരീരിക രതി എന്നതിനപ്പുറം അതിനകത്തെ കർതൃനിലകളെക്കുറിച്ചുള്ള, അവയെ നിർമിച്ചെടുക്കുന്ന ഭൗതികസാംസ്കാരിക ഘടകങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സൂചനകൾ നാമിവിടെ കാണുന്നു. വർഗപരമായി ചെറുതാക്കപ്പെട്ട ഒരുവളുടെ ചെറുത്തുനിൽപ്പിൽ ആണത്തമെന്ന അധീശഘടന ഉണർത്തിയെടുക്കപ്പെടുന്നു. അതവളിൽ ഉണ്ടാക്കിയെടുക്കുന്ന എതിർബലം-അതിലൂടെ ആർജിക്കുന്ന അധീശനിലയാണ് ലൈംഗികതയിലെ കർതൃനിലയായി കല്യാണിക്കുട്ടിയിൽ പ്രവർത്തിക്കുന്നത്. "പണ്ട് നീയെന്നെ എന്നും പെണ്ണേ എന്നാണ് വിളിച്ചരുന്നത്. അതോർമിക്കുന്നുണ്ടോ?" അവൾ ചോദിച്ചു. "ആ വിളി മാറ്റിക്കിട്ടാനാണു ഞാൻ ആണായഭിനയിച്ചത്. നിന്റെ പെണ്ണും നിന്റെ ആണും ഞാനായി തീർന്നു." ആസ്ട്രേലിയയിലേയ്ക്ക് കൂടെച്ചെല്ലാനും തന്നോടൊപ്പമുള്ള ജീവിതത്തിൽ ആനന്ദവും വിശ്രാന്തിയും അനുഭവിക്കാനും ഷീലയെ അവൾ ക്ഷണിക്കുന്നു. ബന്ധങ്ങൾക്കകത്ത് അവൾ സ്വയം യജമാനത്തം ആളുകയാണ്.

ഷീലയെ ആണായി സങ്കൽപിച്ചുകൊണ്ട് അവളുടെ കുഞ്ഞിനെ മാത്രമേ തനിക്കു പ്രസവിക്കാൻ ആഗ്രഹമുള്ളൂവെന്നും കല്യാണിക്കുട്ടി ഒരിക്കൽ പറയുന്നുണ്ട്. മറ്റൊരിക്കൽ "ഷീലാ, നീയൊരു ആൺകുട്ടിയായിരുന്നെങ്കിൽ നിനക്കെന്നെ സ്നേഹിച്ചു തുടങ്ങാമായിരുന്നു. എന്റെ അച്ഛൻ നിന്നെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ നിന്റെ ഗുരുപുത്രിയാണ്. ഗുരുപുത്രിമാരെ സ്നേഹിച്ച രാജകുമാരൻമാരെപ്പറ്റി നീ കേട്ടിട്ടില്ലേ? നീ എന്തുകൊണ്ട് ഒരാണായി ജനിച്ചില്ല?" (പുറം 156) ഇത്തരത്തിൽ സ്വത്വത്തിന്റെ ദ്രാവകത്വവും (ഫ്ളൂയിഡിറ്റി) അയവും കൂടി ഈ കഥയിൽ നിഴലിടുന്നുണ്ട്.

ലെസ്ബിയൻ അനുഭവമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ബലതന്ത്രങ്ങളെയും അധികാര സംഘർഷങ്ങളെയും കൂടുതൽ സവിശേഷമായി നോക്കിക്കാണേണ്ടതുണ്ടെന്ന് ഈ കഥ ഉറക്കെപ്പറയുന്നു. അതിനെ വിശുദ്ധവൽക്കരിക്കപ്പെട്ട ഒരു ആദർശലോകമായി കാണുന്നതിനും ഏകശിലാത്മകമായ സാമാന്യവൽക്കരിക്കപ്പെട്ട രതിവ്യവഹാരമായി കാണുന്നതിനും പകരം, അപരലൈംഗികതയോടുള്ള അന്യവൽകൃതസമീപനങ്ങൾക്കും പകരം കൂടുതൽ തുറന്നതും വിശാലവുമായ മനസ്സിലാക്കലുകൾ സാധ്യമാണെന്ന് ഈ കഥ നമ്മോടു പറയുന്നു. ആ നിലയ്ക്ക് സ്ത്രീവാദസമീപനങ്ങളുടെ ലളിതവും ബാലിശവുമായ ഇടുക്കങ്ങൾ വിട്ട് അത് സ്വയം വിമർശനത്തിന്റെ കൂർമതയിലേയ്ക്ക് വളരുന്നു. അവകാശലംഘനങ്ങൾക്കും ചൂഷണങ്ങൾക്കും നേരെയുള്ള പടയൊരുക്കത്തോടൊപ്പം ആനന്ദത്തിനുള്ള (സ്വയംഭരണാധിഷ്ഠിതമായ) പൗരാവകാശത്തേയും അത് സ്ത്രീവാദത്തിൽ ഉറപ്പിച്ചെടുക്കുന്നു. നിശ്ചയമായും അത് പുതിയ രാഷ്ട്രീയകർതൃത്വമായി സ്ത്രീകളെ മാത്രമല്ല മറ്റെല്ലാ ലിംഗസ്വത്വങ്ങളെയുംതന്നെ ഉണർത്തിയെടുത്തേക്കും. ചന്ദനമരങ്ങൾ കൂടുതൽ സമകാലികമാവുന്നത് ആ ഒരർത്ഥത്തിലും കൂടിയാണ് ●

**എലിസബത്ത് ബിഷപ്പ്:**
(1911 -1979)

“എഴുത്തുകാരുടെ എഴുത്തുകാരുടെ എഴുത്തുകാരി” എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള എലിസബത്ത് ബിഷപ്പ് കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട ആധുനിക അമേരിക്കൻ കവയിത്രികളിലൊരാളാണ്. 1911ൽ മസാച്ചുസെറ്റ്സിൽ ജനിച്ച എലിസബത്ത്, നാഷണൽ ബുക്ക് അവാർഡ്, പുലിറ്റ്സർ പ്രൈസ് അടക്കം പല അന്തർദേശീയ പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. പ്രശസ്ത അമേരിക്കൻ കവയിത്രി മറിയാൻ മൂറിന്റെ പ്രോത്സാഹനത്തെ തുടർന്ന് കവിതകൾ പ്രസിദ്ധീകരിച്ചു തുടങ്ങിയ ബിഷപ്പിന്റെ ആദ്യ കവിതാസമാഹാരം മൂറിന്റെ സഹായത്തോടെ 1946ൽ പുറത്തിറങ്ങി. മാർജറി സ്റ്റീവൻസ് എന്ന കാമുകിയുമായുള്ള ബന്ധം ഇല്ലാതായതോടെ വിഷാദരോഗത്തിന് അടിപ്പെട്ട ബിഷപ്പ് വ്യക്തിജീവിതത്തിൽ ഇരുട്ടിലേക്ക് വീണു. എന്നാൽ നാല്പതാം വയസിൽ, നാടകീയമായൊരു വഴിത്തിരിവുണ്ടായി. രണ്ടാഴ്ചത്തെ സന്ദർശനത്തിന് ബ്രസീലിൽ എത്തുന്ന ബിഷപ്പ്, അവിടെ കാർലോട്ട ദ് മസ്യെദൊ സൊആറെസ് എന്ന ”സൗന്ദര്യാരാധക”ക്കൊപ്പം പതിനാറ് വർഷങ്ങൾ താമസിച്ചു.. രണ്ടു സ്ത്രീകളും പ്രണയിനികളായി. ലോട്ടയുമൊത്തുള്ള സുന്ദരമായ ബ്രസീലിയൻ കാലത്താണ്, എലിസബത്ത് തന്റെ ഏറ്റവും മികച്ച കവിതകൾ എഴുതുന്നത്. പരസ്പരപൂരകമായിരുന്നു അവരുടെ ബന്ധം. എഴുപതുകളിൽ മൊട്ടിട്ടുതുടങ്ങിയിരുന്ന റാഡിക്കൽ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളോട് നിരന്തരം കലഹിച്ച ബിഷപ്പ് തന്റെ കവിതകൾ സ്ത്രീകൾക്ക് മാത്രമുള്ള പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുത്താൻ വിസമ്മതിച്ചിരുന്നുവെങ്കിലും ഇത്തരമൊരു പതിപ്പിൽ അവരുടെ കവിത ഒഴിച്ചുകൂടാൻ പറ്റാത്തതാണെന്ന ഉത്തമബോധ്യമുള്ളതുകൊണ്ടാണ് ഈ പരിഭാഷ ചേർക്കുന്നത്.

പരിഭാഷ : **ഡോണ മയൂര**





# ഒന്നിച്ചുണരുന്നതെത്ര വിസ്മയം...

**ഒന്നിച്ചുണരുന്നതെത്ര** വിസ്മയം
ഒരേ നിമിഷത്തിൽ; കേൾക്കുന്നതുമാശ്ചര്യം
മേൽക്കൂരയിലാകെ പൊടുന്നനെ മഴ പെയ്യുന്നത്,
ആകാശത്തിൽ കെട്ടുപിണഞ്ഞുതൂങ്ങിക്കിടക്കുന്ന
ഇരുണ്ടകമ്പികളിൽ നിന്നും
വൈദ്യുതിയുള്ളിലൂടെ കടന്നുപോയെന്നതുപോലെ
ആകസ്മികതയിൽ കാറ്റൊഴിയുന്നതറിയുന്നതും.
മേൽക്കൂരയിലാകെ മഴയുടെ സീൽക്കാരമുണരുന്നതും,
ചുവടെ, ചുംബനങ്ങൾ മെല്ലെമെല്ലെയുതിരുന്നതും.

ആലക്തികമായൊരു പെരുങ്കാറ്റ് വരികയോ
പോകുകയോ ചെയ്യുന്നു;
കാറ്റിന്റെ മുള്ളുവച്ചമുനകളാഴുന്നതിനാൽ
നാമുണർന്നിരിക്കുന്നു.
മിന്നൽപിണറതേ നിമിഷം വീട്ടിനുമുകളിൽ
പതിക്കുകിലതു,
മുകളിലെ നാലുനീല ചീനഗോളങ്ങളിലൂടെ
മേൽക്കൂരവഴി കഴുക്കോലുകൾ വഴി താഴേക്ക്
നമുക്ക് ചുറ്റുമെത്തി ചുറ്റിക്കളിക്കും,
അന്നേരം സ്വപ്നത്തിലെന്നവണ്ണം നമ്മളനുമാനിക്കും
പക്ഷിക്കൂടെന്ന പോലെ മിന്നൽപിണരുകളാൽ
പൊതിഞ്ഞിരിക്കുന്ന വീട്
ഭയപ്പെടുത്തുന്നതിനു പകരം അത്യന്തം
കൗതുകകരമായിരിക്കുന്നെന്ന്;

രാവിന്റെ ഇത്രയും ലാളിത്യമേറിയ ദർശനത്തിൽ നിന്നും
മുകളിലേക്ക് നോക്കി കിടപ്പതിൽ നിന്നും
കാര്യങ്ങളെല്ലാം ഏറ്റക്കുറച്ചിലുകളില്ലാതെ
വ്യക്തതയാർജ്ജിച്ചേക്കും,
അതുകൊണ്ടപ്പോഴും കെട്ടിപ്പിണഞ്ഞു
തൂങ്ങിക്കിടക്കുന്ന ആലക്തികമായ
ഇരുണ്ടകമ്പികളുണ്ടെന്ന മുന്നറിവുകളും.
സംഭ്രമങ്ങളില്ലാതെ
ഈ ലോകം അതിനേക്കാൾ അസമാനമായുള്ള
മറ്റൊന്നിലേക്കിഴുകിച്ചേരുന്നതും,
കാറ്റിന്റെ ഗതിമാറുന്നതോ നാമൊന്ന് മിഴിചിമ്മാതെ
മിന്നൽപിണരുകൾ വന്നെത്തുന്നതും,
നമ്മുടെ ചുംബനങ്ങൾ നമ്മുടെ ചിന്തകൾക്ക്
അനുസൃതമല്ലാതെ മാറുന്നതുപോലെയുള്ള മാറ്റങ്ങൾ

**കവിത**

**ആർ.ശ്രീലതാവർമ്മ**

# മൂന്നുകാലം, ഒരു കഥ

ആരാണെന്റെ
മുതുകിനു നേരെ
സ്ഥിരമായി ചാട്ടവാറോങ്ങുന്നത്?
അടിപൊട്ടുന്നതെപ്പോഴാണ്,
ഇപ്പോഴാണോ, ഇപ്പോഴാണോ
എന്ന ഭീതിയിൽ നിന്ന്
എനിക്ക് മുക്തിയില്ല.
തിരിഞ്ഞു നോക്കാൻ
കഴിഞ്ഞിട്ടില്ല.
അതുകൊണ്ട്
ആളാരാണെന്നറിയില്ല.
ആരായാലും അയാളും
മുക്തനല്ല,
ഇങ്ങനെ ചാട്ടയോങ്ങി
എന്റെ പിന്നിൽ നടക്കുക
കാരണം
ക്ഷുദ്രമാണെങ്കിലും
ഭ്രംശമില്ലാത്ത
ഈ പോക്കാണ്
എന്റെ ഇന്നലെകളുടെ സത്യം,
ഇന്നിന്റെ വിശ്വാസം,
നാളെയുടെ സങ്കല്പശക്തി.



**കവിത**

**കല, പറവൂർ**

# ഈയാംപാറ്റകൾ

മഴ പെയ്ത് പെയ്ത്
കുതിർന്നൊരാഭൂമിതൻ
മാറിടം പൊട്ടി പിളർന്നുവന്നു
വ്യഥിതരാം ഈയാം പാറ്റകൾ
ക്ഷണികരാം ഈയാം പാറ്റകൾ

മനസ്സിലെ മോഹമാം വീണമീട്ടി
മന്ദമായ് മേലേ പറന്നിടുന്നു
ഒരു ചെറുവെട്ടം തേടിയുയരുന്നു
അറിയാതെ ആഞ്ഞുപറക്കുന്നു.

പലവട്ടം ചുറ്റിവെളിച്ചത്തെ
പുൽകുന്നു
പകരമായ് ചിറകുകൾ
വീണിടുന്നു
ചിറകുകളില്ലാതെ വട്ടം
കറങ്ങുന്നു
ചിറകറ്റ പ്രാണിയായ് വീണിടുന്നു

ചിറകറ്റ പ്രാണിതൻ ദൗത്യ
മെന്തോ?
ചിതലിൻ പിറവി നൽകലാണോ?
ചിറകറ്റ പ്രാണികൾ മിക്കവാറും
ഇരകളായ് തീരുന്നു
അന്നുമിന്നും.

ജിസ ജോസ്

**സോദോം**
നഗരവാസികളായ ആബാലവൃദ്ധം പുരുഷന്മാരും ലോത്തിന്റെ വീട്ടുവാതിൽക്കലെത്തി ഇന്നു രാത്രി നിന്റെ അടുക്കൽ വന്ന പുരുഷൻമാർ എവിടെ ? അവരെ ഇറക്കി വിടുക. ഞങ്ങൾ അവരുമായിശയിക്കട്ടെ പുരുഷ സംസർഗ്ഗം ഉണ്ടായിട്ടില്ലാത്ത 2 പുത്രിമാർ എനിക്കുണ്ട്. അവരെ നിങ്ങളുടെ അടുക്കലേക്കിറക്കിവിടാം. നിങ്ങളുടെ ഇഷ്ടം പോലെ അവരോടു പെരുമാറിക്കൊള്ളൂ

(ഉൽപത്തി 19ാം പുസ്തകം ആളോഹരി ആനന്ദം പു. 178)

പഴയ നിയമത്തിന്റെ കാലത്തേ, ലോകത്തെല്ലായിടത്തും വിമതലൈംഗികത നില നിന്നിരുന്നവെന്നും പിൽക്കാലത്താണ് അത് അധമമായി വിലയിരുത്തപ്പെട്ടതെന്നും ചരിത്രം പറയുന്നു. സഹജവാസനകൾക്കു പ്രാധാന്യം നൽകുന്നതായിരുന്നു പ്രാചീന ഗ്രീസിന്റെ സദാചാരം. സഹജവാസനകളെ അപകർഷതയോടെ അടിച്ചമർത്തുന്ന പുതിയ കാലത്ത് ലൈംഗിക വൈവിധ്യങ്ങൾ കുറ്റബോധത്തോടെ മറച്ചു പിടിക്കേണ്ടതായി മാറിയിരിക്കുന്നു എന്ന് പുരാതന ഗ്രീസിലെ സ്വവർഗ്ഗലൈംഗികാഭി മുഖ്യത്തെക്കുറിച്ചു സൂചിപ്പിക്കുമ്പോൾ ഫ്രോയിഡ് പരാമർശിക്കുന്നു. സമാനമായ നിരീക്ഷണം ലൈംഗികതയുടെ ചരിത്രത്തിൽ ഫൂക്കോയും നടത്തുന്നുണ്ട്.പ്രാചീന ഭാരതീയകൃതികളിലെ അയോ നീ സംസർഗ്ഗങ്ങളെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ, ഒരിക്കൽ ഇവ സ്വാഭാവികമായി കണക്കാക്കപ്പെട്ടിരുന്നുവെന്നതിന്റെ രേഖകളാണ്.

ഇന്ന് ലൈംഗികതയെ

# ആനന്ദത്തിന്റെ വകഭേദങ്ങൾ

വര : സീന ദേവകി



സംബന്ധിച്ച സാംസ്കാരിക മുൻവിധികൾ/സങ്കല്പങ്ങൾ എല്ലാം ഭിന്ന ലൈംഗികത(Hetero Sexism)യിലടിയുറച്ചിട്ടുള്ള കുടുംബഘടനയെ കേന്ദ്രീകരിച്ചുകൊണ്ടാണ് ലൈംഗിക ന്യൂനപക്ഷങ്ങൾ, വിമതലൈംഗികത എന്നിവ പൗരാവകാശങ്ങൾ നിയമപരിരക്ഷ എന്നിവയുമായി മാത്രം ബന്ധപ്പെട്ടാണ് മുഖ്യാധാരാചർച്ചകളിലേക്കു കടന്നു വരുന്നത്. ശരീരവും ആനന്ദവും സ്വത്വവുമായി ബന്ധപ്പെടുത്തി വിമതലൈംഗികതയെ കാണാനോ വിലയിരുത്താനോ അതിന്റെ വൈകാരിക തലങ്ങളെ മാനിക്കാനോ കടുത്ത സദാചാരയുക്തികൾക്കു കഴിയാതെ പോവുന്നു. പരസ്യജീവിതം അസാധ്യമാം വിധം അത്തരം ലൈംഗികാഭിരുചികൾ ഉള്ളറ (Closet) യ്ക്കുള്ളിലൊളിച്ചിരിക്കുന്നു. മിക്കവാറും ഈ ഉള്ളറ സമൂഹവും മതവും നിയമവും അംഗീകരിക്കുന്ന ഹെറ്ററോ സെക്ഷ്വൽ കുടുംബ ഘടന തന്നെയാവും. പുറം ലോകം അറിയാത്തകയ്പുകളും കണ്ണീരും നിരാസങ്ങളും വിദ്വേഷവും കുടുംബത്തിന്റെ ആഭ്യന്തരലോകത്തെ സദാകലുഷമാക്കുന്നു, പുറമേക്ക് എല്ലാം ഭംഗിയായിരിക്കുമ്പോഴും. ഞാൻ നിന്റെ നരകമല്ല എന്നു പ്രഖ്യാപിച്ച് ഉള്ളറകൾക്കുള്ളിൽ നിന്നു തെരേസയെ പരസ്യജീവിതത്തിനു പ്രേരിപ്പിക്കാൻ ആളോഹരി ആനന്ദത്തിലെ പോളിനു 20 വർഷങ്ങൾ വേണ്ടി വന്നു. കയ്പുറഞ്ഞ 20 ദാമ്പത്യ വർഷങ്ങൾ. അതൊരു വാതിൽ തുറക്കലാണ്. സ്വയം പ്രകാശിച്ചു കൊണ്ട് കുഴിച്ചുമൂടപ്പെട്ടൊരു ലോകത്തെ പ്രകാശിപ്പിക്കലാണ്. മുഖമൂടി മാറ്റി സ്വയം വെളിപ്പെട്, കല്ലേറുകൾക്കുള്ളിലേക്ക് സ്വയം

**അധികാരവും ആധിപത്യവും ഇല്ലാത്തതാണ് ലെസ്ബിയൻ പ്രണയങ്ങൾ. ബാഹ്യവും ആഭ്യന്തരവുമായ അധീശ വ്യവഹാരങ്ങളിൽ നിന്നു വിമുക്തമായതു കൊണ്ടുതന്നെ അസാധാരണമാം വിധം അതു സർഗ്ഗാത്മകവുമാകുന്നു.**

എറിഞ്ഞു കൊടുക്ക്.(പു. 143)

ഭിന്നവർഗ്ഗ ലൈംഗികത അധീശത്വം പുലർത്തുന്ന, സ്വവർഗ്ഗാഭിമുഖ്യങ്ങളെ ഭീതിയോടെ വീക്ഷിക്കുന്ന ഒരു സമൂഹത്തിൽ രണ്ടു സ്ത്രീകൾ അവരുടെ പ്രണയം വെളിപ്പെടുത്തുന്നത്, ഒന്നിച്ചു ജീവിക്കാൻ തീരുമാനിക്കുന്നത് ശക്തമായ സ്വത്വ സംസ്ഥാപനവും രാഷ്ട്രീയവും സാമൂഹികവുമായ ഇടപെടലുമാണ്. പക്ഷേ ഈ സ്വയം വെളിപ്പെടുത്തലുകൾ അവരെ സംബന്ധിച്ച് ആത്മഹത്യാപരവുമാണ്.

രഹസ്യമായിരിക്കുന്നിടത്തോളം സമൂഹമോ മതമോ ഗൗനിക്കാത്തത്, തടയാൻ ശ്രമിക്കാത്തത്, നൂറ്റാണ്ടുകളായി തുടരുന്നത്, പക്ഷേ പരസ്യമാവുമ്പോൾ മൃഗീയമായി ആക്രമിക്കപ്പെടുന്നത്. അതാണ് സ്വവർഗ്ഗ ലൈംഗികത. കല്ലേറുകൾക്ക് സ്വയം എറിഞ്ഞുകൊടുക്കൽ.തെരേസയെ ഭിന്നലൈംഗികതയിലധിഷ്ഠിതമായ കുടുംബത്തിന്റെ വ്യാജ സുരക്ഷയിൽ നിന്നും പുറം ലോകത്തേക്കു സ്വതന്ത്രയാക്കിയതിന്റെ പരിണിതികൾ പോലും അനുഭവിക്കുന്നുണ്ട്. ഭൂമി വാതുക്കലിലെ ഉല്പന്നങ്ങൾ വിറ്റഴിയപ്പെടുന്നില്ല, കുടുംബത്തിൽ നിന്ന്, പദവികളിൽ നിന്ന് അയാൾ നിഷ്കാസിതനാവുന്നു. കൊയ്യാനാളില്ലാതെ വിളഞ്ഞ വയലുകൾ വെള്ളം കേറി നശിക്കുന്നു. രേഷ്മയും തെരേസയും അനുഭവിച്ചതിനേക്കാൾ ഏകാന്തതയും പീഡനവുമാണ് രണ്ടു സ്ത്രീകളെ ഒന്നിച്ചു ജീവിക്കാൻ പ്രേരിപ്പിച്ചതിന്റെ പേരിൽ പോൾ അനുഭവിക്കുന്നത്.

അധികാരവും ആധിപത്യവും ഇല്ലാത്തതാണ് ലെസ്ബിയൻ പ്രണയങ്ങൾ. ബാഹ്യവും ആഭ്യന്തരവുമായ അധീശ വ്യവഹാരങ്ങളിൽ നിന്നു വിമുക്തമായതു കൊണ്ടുതന്നെ അസാധാരണമാം വിധം അതു സർഗ്ഗാത്മകവുമാകുന്നു. Strong creative self of every women is her lesbian self എന്ന് ആഡ്രിയൻ റിച്ച് പറയുന്നതും മറ്റൊന്നല്ല. ദൃഢബദ്ധമായ ലൈംഗിക ഘടനകളെ തകർക്കാനും അപനിർമ്മിക്കാനും, സ്ത്രീയ്ക്ക് അവളുടെ സ്വത്വം, വ്യതിരിക്തത സ്ഥാപിക്കാനും കഴിയുന്ന രാഷ്ട്രീയ പ്രവർത്തിയായി സ്വവർഗ്ഗ സ്നേഹത്തെ നിർണ്ണയിക്കാനാവും. ഭിന്ന ലൈംഗികതയുമായി ബന്ധപ്പെട്ട വിചാരങ്ങളിൽ മാത്രമാണ്, സ്ത്രീ/പുരുഷൻ എന്ന വിവേചനത്തിനു തന്നെ പ്രസക്തിയെന്നു പറയുന്ന മോൺടിക് വിറ്റിംഗ് ഞാനൊരു ലെസ്ബിയനാണ് സ്ത്രീയല്ല എന്നു പ്രഖ്യാപിച്ചതും ഈയർത്ഥത്തിലാണ്. സൗഹൃദത്തിലും സ സഹവർത്തിത്വത്തിലുമൂന്നിയതാണ് ലെസ്ബിയൻ ബന്ധങ്ങൾ. ഒരു സത്രീ മറ്റൊരു സ്ത്രീയോട്

മമതയും കടപ്പാടും നിലനിർത്തുന്നത്, സ്വതന്ത്രവും ശക്തവുമായ രീതിയിൽ അവളെ പ്രണയിക്കുന്നത്, അതിലൂടെ സ്വയം കണ്ടെത്തുന്നത് പുരുഷാധിപത്യ മൂല്യങ്ങളെ ചോദ്യം ചെയ്യലായി വിലയിരുത്തപ്പെടുന്നു.

എന്തിന് പെണ്ണുങ്ങളുടെ ജീവിതത്തിൽ ഇടപെടുന്നു ? എന്തിനവരുടെ സന്തോഷങ്ങൾ തല്ലിക്കെടുത്തുന്നു? അവരെ വെറുതെ വിട്. ഒറ്റയ്ക്ക് കാര്യങ്ങൾ തീരുമാനിക്കാൻ അനുവദിക്ക്, അവർ ഭംഗിയായി ജീവിക്കും സന്തോഷിക്കും, സ്നേഹിക്കുകയും ചെയ്യും. നിങ്ങൾ ചൂണ്ടിക്കാട്ടുന്ന വഴിമാത്രമാണ് ശരിയെന്നു ശാഠ്യം പിടിക്കരുത്. ജീവിക്കാനും ആനന്ദിക്കാനും അനേകം വഴികളുണ്ട്. (പു:130)

അത്തരം വഴികളെ സമൂഹം കൊട്ടിയടച്ചിരിക്കുകയാണ്. വിലക്കപ്പെട്ട വഴികളിലൂടെയുള്ള സഞ്ചാരത്തിന് വലിയ വിലയൊടുക്കേണ്ടി വരും. നിർബന്ധിത ഭിന്ന ലൈംഗികത നില നിൽക്കുന്ന പൊതു സമൂഹത്തിൽ സ്വവർഗ്ഗാനുരാഗികളായി വെളിപ്പെടുന്ന സ്ത്രീകൾ പീഡനങ്ങളേല്ക്കാതിരിക്കുന്നില്ല. തെരേസയും രേഷ്മയും പ്രതിരോധത്തിന്റെ രൂപകങ്ങളാണ്. അവർ കീഴടങ്ങുന്നില്ല. സദാചാരത്തിന്റെ യാന്ത്രിക യുക്തികളെ, ശാരീരികമായ ആക്രമണങ്ങളെ കഴിയുന്നിടത്തോളം ചെറുത്തു നില്ക്കുകയും സ്വന്തം അസ്തിത്വം സ്ഥാപിക്കുകയും ചെയ്യുന്നു.

പ്രകൃതിയിൽ വൈവിധ്യങ്ങളുണ്ട്. അതിൽ ഒന്നും മികച്ചതും മോശവും അല്ല. ലൈംഗികതയിലെ അധീശ വ്യവഹാരങ്ങളാണ് ഒന്നിനെ ശ്ലീലവും മറ്റേതിനെ അശ്ലീലവുമാക്കുന്നത്. ലൈംഗിക വൈവിധ്യങ്ങളെ നിരാകരിക്കാൻ മതവും നിയമവും അമിത ശ്രദ്ധ കാണിക്കുന്നു. ദണ്ഡ വിമോചനമില്ലാത്ത മാരക പാപം എന്നത് മതത്തിന്റെ ഭാഷയാണ്. മത്തായി ആലോചിക്കുന്നുണ്ട്. ഈ വിഷയത്തിൽ പഠനം നടത്തുന്ന ചാക്കോതരിയൻ എന്ന അമേരിക്കൻ സൈക്ക്യാട്രിസ്റ്റ്

പരിചയപ്പെടുത്തിയ LGBT ചുരുക്കെഴുത്തിനെക്കുറിച്ചും അയാളുടെ പുസ്തകങ്ങളെക്കുറിച്ചും ഗൗരവമായി ചിന്തിക്കുന്ന വേളയിൽ ഭിന്ന ലൈംഗികതയ്ക്ക്



377–ാം വകുപ്പ് അതിനെ ക്രിമിനൽ കുറ്റമാക്കി സമൂഹത്തിൽ സ്ഥാപിക്കുന്നു. പ്രകൃതിയുടെ സഹജ പ്രേരണകളെ നിഷേധിച്ച് മറ്റുള്ളവരുടെ പരിഹാരങ്ങളിലേക്ക് ചവിട്ടിയൊതുക്കുംതോറും ഉള്ളറകളിലേക്ക്/ ആത്മഹത്യയിലേക്ക് ഉൾവലിയേണ്ടി വരുന്ന മനുഷ്യരെക്കുറിച്ച് ജോൺ ഭരണകൂടത്തിന്റെയും മതത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും മാധ്യമങ്ങളുടെയും പരിരക്ഷയുണ്ട്. വിമത ലൈംഗികതയ്ക്കാവട്ടെ സാധുതയുള്ള ഇടങ്ങളില്ല. അതുകൊണ്ടാണ് രേഷ്മയ്ക്കും തെരേസയ്ക്കും രാപാർക്കാൻ ഇടമില്ലാതെ അലയേണ്ടി വരുന്നത്.

രണ്ടു കാമുകിമാർ– പരസ്പരം

രണ്ടു കാമുകിമാർ- പരസ്പരം രഹസ്യമായിരുന്നിടത്തോളം അവർ സുരക്ഷിതരായിരുന്നു. എന്നാൽ ലൈംഗിക പ്രണയികളാണെന്നു പരസ്യപ്പെടുത്തുമ്പോൾ കാര്യങ്ങൾ മാറുന്നു. നെറ്റി ചുളിയുന്നു, തുറിച്ചു നോക്കുന്നു. ആ നോട്ടത്തിൽ എല്ലാമുണ്ട്.

രഹസ്യമായിരുന്നിടത്തോളം അവർ സുരക്ഷിതരായിരുന്നു. എന്നാൽ ലൈംഗിക പ്രണയികളാണെന്നു പരസ്യപ്പെടുത്തുമ്പോൾ കാര്യങ്ങൾ മാറുന്നു. നെറ്റി ചുളിയുന്നു, തുറിച്ചു നോക്കുന്നു. ആ നോട്ടത്തിൽ എല്ലാമുണ്ട്.
(പു:175)

അവരെ കുടുംബത്തിലേക്കു തിരിച്ചുകൊണ്ടു വരാനുള്ള ശ്രമങ്ങളാണ് മതവും കുടുംബവും നടത്തുന്നത്. ഒറ്റപ്പെടുത്തിയും കുറ്റപ്പെടുത്തിയും കല്ലെറിഞ്ഞും ശരിയല്ലാത്ത രണ്ടു സ്ത്രീകളെ സമൂഹം ഒന്നുകിൽ ശരിപ്പെടുത്തുന്നു അല്ലെങ്കിൽ ആത്മഹത്യ ചെയ്യിപ്പിക്കുന്നു. രേഷ്മയ്ക്കും തെരേസയ്ക്കും മണ്ണിലങ്ങാടിയിൽ തുടർന്നു ജീവിക്കുക അസാധ്യമാണ്. ഭൂമി വാതുക്കലേക്കുള്ള പോളിന്റെ ക്ഷണമാകട്ടെ അങ്ങേയറ്റം കാല്പനികവും. തെരേസയ്ക്കാവശ്യം കൂടുതൽ സ്വീകാര്യതയുള്ള ഇടമാണെന്നു ഇഷാന കണ്ടെത്തുന്നു. (അർബൻ സൊസൈറ്റിക്ക് ഇതൊന്നും വലിയ ആനക്കാര്യമല്ല- ഞാൻ പ്രവീണ- ഇതെന്റെ പാർട്ണർ നിഷി- അത്രയേ ഉള്ളൂ ഇതിന്റെയൊക്കെ ഗൗരവം). തെരേസയും രേഷ്മയും രക്ഷപെടുന്നത് മുംബൈയിലേക്കാണ്. ലൈംഗിക വൈവിധ്യങ്ങളെ അംഗീകരിക്കുന്ന, സ്വന്തം അഭിരുചികൾക്കനുസരിച്ചു ജീവിക്കാനാവുന്ന മഹാനഗരം.

തെരേസയുടെ പെൺ പ്രണയങ്ങൾക്കു തടയിടാനുള്ള വഴിയായിട്ടായിരുന്നു ആങ്ങളമാർ അവളുടെ വിവാഹം നടത്തിയത്. വിവാഹഫോട്ടോ, ചെറുപ്പക്കാരൻ സുമുഖനാണ്. പെൺകുട്ടി സുന്ദരിയും. അയാൾ ഒരു ഉദ്യാനത്തിലേക്കു നോക്കുന്നു. അവൾ തകർക്കപ്പെട്ട നഗരം കാണുന്നു.
(പു:172)

20 വർഷത്തിനു ശേഷം തെരേസയ്ക്കും അവളുടെ പ്രണയിനിക്കും വേണ്ടി വീടൊഴിഞ്ഞു കൊടുക്കുന്ന പോൾ തന്റെ വിവാഹ ഫോട്ടോ നോക്കി ചിന്തിച്ചു പോവുന്നു. തകർന്ന നഗരത്തിലേക്കെന്നോണം വിവാഹത്തിലേക്കു കാലെടുത്തു വെച്ച തെരേസ ഒപ്പം തകർക്കുന്നത് രണ്ട് പേരുടെയും ജീവിതം. അവളുടെ കാമുകി റീത്ത ആത്മഹത്യ ചെയ്യുന്നു. മറ്റുള്ളവരുടെ പരിഹാരങ്ങളല്ല -കല്യാണം കഴിപ്പിക്കുക/ മുളകരച്ചു തേക്കുക/ അവഹേളിക്കുക- വിമത ലൈംഗികരുടെ പാപത്തിനുള്ള പരിഹാരം.

രതിഭാവനകൾ നൈസർഗ്ഗികമല്ല, പ്രകടനപരമാണെന്നും ലിംഗ വ്യക്തിത്വം വേഷം കെട്ടലുകളിലൂടെയുള്ള വ്യാജം (Fiction) ആണെന്നുമുള്ള ജൂഡിത് ബട്ലറുടെ നിരീക്ഷണങ്ങൾ ലൈംഗികതയുടെ സാമൂഹ്യവല്ക്കരണ സ്വഭാവത്തെ കൃത്യമായി വെളിപ്പെടുത്തുന്നുണ്ട്. ലൈംഗികത മാറ്റങ്ങൾക്കു വഴങ്ങാത്ത സ്ഥിരതയല്ല. പൂർണ്ണമായും സാമൂഹ്യ നിർമ്മിതി ആണ്. അതുകൊണ്ടു തന്നെ പരിവർത്തനങ്ങൾക്കു വിധേയവും. സാമൂഹ്യവല്ക്കരിക്കപ്പെട്ട ലൈംഗികതയാണ് ഹെറ്ററോ സെക്ഷ്വാലിറ്റി . ഇതിനു വഴങ്ങാത്ത ശരീരങ്ങളും അവരുടെ നൈസർഗ്ഗിക രതികാമനകളും അധമവും അശ്ലീലവുമായി വിലയിരുത്തപ്പെടുകയാണ്. ഭിന്നലൈംഗികതയുടെ വന്യവും ഏകപക്ഷീയവുമായ അധീശ സ്വഭാവത്തെ അനു വിലയിരുത്തുന്നു.

രണ്ടു സ്ത്രീകൾ ചുംബിക്കുമ്പോൾ മഴവില്ലുകൾ വിരിയുന്നുണ്ടാവാം. മറ്റുള്ളവർ അതിലിടപെടുന്നതെന്തിന് ? ആണും പെണ്ണും ചുംബിക്കുമ്പോൾ മഴവില്ലുകൾ കെട്ടു പോവുകയും ചെയ്യാം. വിരിക്ക്, കിടക്ക് ഇതാണു ചെറിയാന്റെ രീതി. അതാണു ശരിയെന്നയാൾ വിശ്വസിക്കുന്നു. (പു:186)

ഒറ്റപ്പെടുത്തിയും കുറ്റപ്പെടുത്തിയും കല്ലെറിഞ്ഞും ശരിയല്ലാത്ത രണ്ടു സ്ത്രീകളെ സമൂഹം ഒന്നുകിൽ ശരിപ്പെടുത്തുന്നു അല്ലെങ്കിൽ ആത്മഹത്യ ചെയ്യിപ്പിക്കുന്നു.

സീമ ശ്രീലയം



# മൊണാർക്ക് ശലഭങ്ങൾ പറയുന്നത്...



**ശലഭലോകത്തിലെ വിസ്മയമാണ് മൊണാർക്ക് ശലഭങ്ങൾ. ഇതിൽ വടക്കേ അമേരിക്കയിൽ കാണപ്പെടുന്നവ ദേശാടനത്തിനു പേരു കേട്ടവയാണ്.**

**മൊണാർക്ക്** ചിത്രശലഭങ്ങളും ജനിതക വിളകളും റൗണ്ടപ്പുമൊക്കെ തമ്മിൽ എന്താണു ബന്ധം?

ജനിതക മാറ്റം വരുത്തിയ വിളകളും സുരക്ഷിതമെന്നു കൊട്ടിഘോഷിക്കപ്പെടുന്ന കളനാശിനികളും കീടനാശിനികളുമൊക്കെ പരിസ്ഥിതിയിലും ജീവജാലങ്ങളിലും വിതയ്ക്കുന്ന ദുരന്തങ്ങളിലേക്കുള്ള നേർക്കാഴ്ചയാണ് മൊണാർക്ക് ശലഭങ്ങളുടെ ഇന്നത്തെ അവസ്ഥ. മൊണാർക്ക് ചിത്രശലഭങ്ങളുടെ എണ്ണത്തിൽ വൻ കുറവുണ്ടായതായി ഈയിടെ വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ നടത്തിയ ചിത്രശലഭ സർവ്വേ സൂചിപ്പിക്കുന്നു. ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങൾ, മിൽക്ക് വീഡ് ചെടിയുടെ നാശം, ആവാസ വ്യവസ്ഥാ നഷ്ടം തുടങ്ങിയവയൊക്കെ ഇവയുടെ അതിജീവനത്തിനു വിലങ്ങുതടിയാവുന്നു.

ശലഭലോകത്തിലെ വിസ്മയമാണ് മൊണാർക്ക് ശലഭങ്ങൾ. ഇതിൽ വടക്കേ അമേരിക്കയിൽ കാണപ്പെടുന്നവ ദേശാടനത്തിനു പേരു കേട്ടവയാണ്. വർണ്ണച്ചിറകുകൾ വീശി ഒരു വർഷം ഇവ താണ്ടുന്നത് ഏതാണ്ട് 2500 മൈൽ ദൂരം ! അമേരിക്കയിലെ ശൈത്യകാലത്തിൽ നിന്നു രക്ഷ തേടി എല്ലാ വർഷവും ഒക്ൾറ്റോബറിലാണ് ഇവയുടെ ദേശാന്തരഗമനം ആരംഭിക്കുക. മെക്സിക്കൻ കാടുകളിലേക്കും കലിഫോർണിയയിലേക്കുമാണ് ഈ യാത്ര. ഒരു ദേശാടനക്കാലം പൂർത്തിയാക്കുന്നതിനിടയിൽ ഇവയുടെ നാലോ അഞ്ചോ തലമുറകൾ പിറവിയെടുത്തിരിക്കും. വർഷങ്ങളായി മെക്സിക്കൻ വനാന്തരങ്ങളിലെ മൊണാർക്ക് ശലഭകോളനികൾ നിരീക്ഷിച്ചു വരുന്ന ഗവേഷകസംഘമാണ് 2013 ൽ ഇവയുടെ എണ്ണത്തിൽ റെക്കോഡ് ശോഷണമുണ്ടായതായി കണ്ടെത്തിയത്. മെക്സിക്കൻ വനങ്ങളിൽ എത്തിച്ചേരുന്ന മൊണാർക്കിന്റെ എണ്ണത്തിലുണ്ടായ കുറവ് ഈ ശലഭങ്ങൾ നേരിടുന്ന ഭീഷണികളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

അമേരിക്കയിലും കാനഡയിലുമൊക്കെ വ്യാപകമായി കൃഷി ചെയ്യുന്ന ജനിതക മാറ്റം വരുത്തിയ ബിടി ചോളവും ബിടി വഴുതനയുമൊക്കെ മൊണാർക്ക് ശലഭങ്ങൾക്ക് ഭീഷണിയാണെന്ന് കോർണൽ യൂണിവേഴ്സിറ്റിയുടേതടക്കം നിരവധി പഠനങ്ങൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ബാസില്ലസ്

തുറിഞ്ചിയൻസിസ് എന്ന ബാക്റ്റീരിയയുടെ ജീനുകൾ സന്നിവേശിപ്പിച്ച് ജനിതക എഞ്ചിനീയറിങ്ങിലൂടെ വികസിപ്പിച്ചെടുക്കുന്നവയാണ് ബിടി വിളകൾ. ഈ ജീനുകൾ നിർമ്മിക്കുന്ന പ്രോട്ടീനുകൾക്ക് കീടങ്ങളെ നശിപ്പിക്കാനുള്ള കഴിവുണ്ട്. കൃഷിയിടങ്ങളോട് ചേർന്നു വളരുന്ന മിൽക്ക് വീഡ് ചെടിയുടെ ഇലയിലാണ് ശലഭങ്ങൾ മുട്ടയിടുന്നത്. മുട്ട വിരിഞ്ഞുണ്ടാവുന്ന ലാർവയുടെ ആദ്യ ഭക്ഷണവും ഈ ഇല തന്നെ. എന്നാൽ മിൽക്ക് വീഡിന്റെ ഇലകളിൽ കാറ്റിലൂടെ എത്തിച്ചേരുന്ന ബിടി ചോളത്തിന്റെ പൂമ്പൊടി മൊണാർക്ക് ചിത്രശലഭങ്ങളുടെ ഉള്ളിലെത്തുന്നത് അവയുടെ വളർച്ച മുരടിക്കുന്നതിനും പലപ്പോഴും ജീവൻ നഷ്ടമാവുന്നതിനും ഇടയാക്കുമെന്നു പല ഗവേഷണ റിപ്പോർട്ടുകളും അടിവരയിടുന്നു.

അന്തകവിത്തുകൾ എന്ന പേരിലറിയപ്പെടുന്ന ടെർമിനേറ്റർ സങ്കേതം വികസിപ്പിച്ചെടുത്ത് കുപ്രസിദ്ധി നേടിയ മോൺസാന്റോ തന്നെ വിപണിയിൽ ഇറക്കുന്ന കളനാശിനിയാണ് റൗണ്ടപ്പ്. അമേരിക്കയിൽ കൃഷി ചെയ്യുന്ന മിക്ക ജനിതക വിളകളും ഈ കളനാശിനിയെ പ്രതിരോധിക്കാൻ ശേഷിയുള്ളവയാണ്. മോൺസാന്റോ, നൊവാർട്ടിസ്, പയനീർ ഹൈബ്രിഡ് ഇന്റർനാഷണൽ തുടങ്ങിയ കമ്പനികളാണ് ഈ വിളകളുടെ സ്രഷ്ടാക്കൾ. കൃഷിയിടങ്ങളിൽ വാരിവിതറുന്ന റൗണ്ടപ്പ് ഈ വിളകൾക്ക് ഭീഷണിയൊന്നും സൃഷ്ടിക്കുന്നില്ല. എന്നാൽ ഈ കളനാശിനി ഉപദ്രവകാരികളായ കളകൾക്കൊപ്പം ഉപകാരികളായ സാധാരണ ചെടികളെയും തുടച്ചു നീക്കും. അതിന്റെ ഒരുദാഹരണമാണ് മിൽക്ക് വീഡ്. റൗണ്ടപ്പിന്റെ വ്യാപകമായ

## മൊണാർക്ക് ശലഭങ്ങളുടെ നാശത്തിനു കാരണം ജനിതക വിളകളും റൗണ്ടപ്പുമൊക്കെയാണെന്ന് ഇനിയും പൂർണ്ണമായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വാദമാണ് ഇവയെ പടച്ചുവിടുന്ന ബഹുരാഷ്ട്ര കമ്പനികളും അവർക്ക് സ്തുതി പാടുന്നവരും ഉയർത്തുന്നത്.

ഉപയോഗം വൻ തോതിലാണ് മിൽക്ക് വീഡ് ചെടികളെ അപ്രത്യക്ഷമാക്കിയത്.

വന നാശവും ആഗോളതാപനത്തിന്റെ സന്തതിയായ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങളും മൊണാർക്ക് ശലഭങ്ങളെ വംശനാശത്തിലേക്ക് തള്ളിവിടുന്ന മറ്റു ഘടകങ്ങളാണ്.

മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങൾ ഭൂമിക്കും ജീവന്റെ തുടിപ്പിനും ചരമഗീതം രചിക്കുന്നതിന്റെ എണ്ണിയാലൊടുങ്ങാത്ത ഉദാഹരണങ്ങളിൽ ഒന്നാണ് മൊണാർക്ക് ശലഭങ്ങളുടെ ദുരവസ്ഥ. എന്നാൽ മൊണാർക്ക് ശലഭങ്ങളുടെ നാശത്തിനു കാരണം ജനിതക വിളകളും റൗണ്ടപ്പുമൊക്കെയാണെന്ന് ഇനിയും പൂർണ്ണമായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വാദമാണ് ഇവയെ പടച്ചുവിടുന്ന ബഹുരാഷ്ട്ര കമ്പനികളും അവർക്ക് സ്തുതി പാടുന്നവരും ഉയർത്തുന്നത്. അതേ സമയം ശലഭങ്ങളിൽ ഇത്രയധികം പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ജനിതക വിളകളും കീട, കളനാശിനികളും മനുഷ്യരിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ആശങ്കയുണത്തുന്നതാണെന്നും ഒരു വിഭാഗം ചൂണ്ടിക്കാണിക്കുന്നു. സുദീർഘമായ, വിശദമായ പഠനങ്ങളിലൂടെയേ യഥാർഥ അവസ്ഥ വെളിച്ചത്തുകൊണ്ടുവരാൻ സാധിക്കൂ. ജനിതകമാറ്റം വരുത്തിയ ഭക്ഷ്യ വസ്തുക്കൾ മനുഷ്യരിൽ അലർജി പോലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. മാരക രോഗങ്ങൾക്കുള്ള ഔഷധങ്ങൾ ഉല്പാദിപ്പിക്കുന്ന ചെടികൾ, എല്ലാ പോഷകങ്ങളുമടങ്ങിയ ധാന്യങ്ങൾ തുടങ്ങി ജനിതക വിളകൾ തുറന്നിടുന്നത് അനന്തസാധ്യതകളിലേക്കുള്ള വാതിലുകളാണെങ്കിലും പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ഇവ പ്രശനങ്ങളൊന്നുമുണ്ടാക്കുന്നില്ല എന്നുറപ്പു വരുത്തിയ ശേഷമേ ഇവയെ കൈനീട്ടി സ്വീകരിക്കാവൂ എന്ന മുന്നറിയിപ്പാണ് മൊണാർക്ക് ശലഭങ്ങൾ നൽകുന്നത്. ഈ ശലഭ വിസ്മയത്തെ സംരക്ഷിക്കാനുള്ള വിവിധ മാർഗ്ഗങ്ങൾ തേടിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ ശാസ്ത്രജ്ഞരും പ്രകൃതിസ്നേഹികളും. ●

റിപ്പോർട്ട്

**അഡ്വ. ദിവ്യ ഡി.വി**



# അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി ഒരുമിച്ച് ചേർന്ന് പെൺകൂട്ടും സ്ത്രീപ്രവർത്തകരും



**വാർദ്ധക്യത്തിലും** അഭിമാനത്തോടെ ജീവിക്കാൻ നിശ്ചയ ദാർഢ്യം കാണിക്കുന്ന സരളയും തുച്ഛമായ കൂലിക്ക് വിശ്രമമില്ലാതെ പണിയെടുക്കുന്ന സൂസന്നയും തൊഴിലിടങ്ങളിൽ ലൈംഗികമായ ചൂഷണങ്ങളെ ധൈര്യപൂർവ്വം നേരിട്ടു വ്യക്തിത്വത്തോടെ ജീവിച്ചു കാണിക്കുന്ന ജയയും സക്കീനയുമൊക്കെ കേരളത്തിലെ അസംഘടിത മേഖലയിലെ തൊഴിൽശക്തിയിൽ ധാരാളമുണ്ട്. ഒറ്റപ്പെട്ട സമരങ്ങളി ലൂടെ ഒത്തുചേർന്ന അവരിൽ ചിലർ പിന്നീട്, തങ്ങൾ നേരിടുന്ന പല വിഷയങ്ങളേയും അത് സാമൂഹികമാവട്ടെ, തൊഴിൽപരമാവട്ടെ, വ്യക്തി പരമാവട്ടെ ഉയർത്തിക്കൊണ്ടുവരികയും ചെയ്തു. അടിസ്ഥാനസൗക ര്യമോ തുല്യനീതിയോ മാന്യമായ വരുമാനമോ സുരക്ഷിതമായ തൊഴിൽ അന്തരീക്ഷമോ സാമൂഹിക സുരക്ഷിതത്വമോ തൊഴിൽസുര ക്ഷിതത്വമോ ഇല്ലാത്ത അസംഘടിതമേഖലയിൽ ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയരാകുന്നത് സ്ത്രീതൊഴിലാളികളാണെന്ന തിരിച്ച റിവിൽ നിന്നുമാണ് 2003ൽ പെൺകൂട്ട് രൂപം കൊള്ളുന്നത്. സ്വയം സംഘടിക്കേണ്ടതിന്റെ ആവശ്യകത അവർ തിരിച്ചറിഞ്ഞത് വ്യവസ്ഥാ പിത പാർട്ടികളുടേയും ട്രേഡ്യൂണിയനുകളുടേയും നിഷ്ക്രിയത്വ ത്തിൽ നിന്നും അവസരവാദസമീപനത്തിൽ നിന്നുമായിരുന്നു. അതു കൊണ്ടുതന്നെയാണ് അസംഘടിതമേഖലയിലെ തൊഴിലവകാശങ്ങൾ സംരക്ഷിക്കാൻ രൂപംകൊണ്ട അസംഘടിതമേഖല തൊഴിലാളി യൂണിയൻ(AMTU) ഭാഗമാകാൻ പെൺകൂട്ടിന് കഴിഞ്ഞതും.

മൂത്രമൊഴിക്കാൻ പോലും സമയം നൽകാത്ത, മൂത്രപ്പുരകൾ പോലും ഇല്ലാതിരുന്ന തൊഴിൽസ്ഥാപനങ്ങളിലെ സ്ത്രീകളുടെ അവസ്ഥക്ക് മാറ്റമു ണ്ടാക്കാൻ മൂത്രപ്പുരസമരം തന്നെ ആരംഭിക്കുകയും തൊഴിൽസ്ഥാപ നങ്ങളിൽ മൂത്രപ്പുരകൾ സ്ഥാപിച്ചി ല്ലെങ്കിൽ പരസ്യമായി മൂത്രമൊഴി ക്കുമെന്ന് വെല്ലുവിളിക്കേണ്ടിവന്ന പോരാട്ടത്തിന്റെ പെൺവീര്യം. പെൺകൂട്ട് കഴിഞ്ഞ ഫെബ്രു.23ന് കോഴിക്കോട് ബാങ്ക് എംപ്ലോ യീസ് ഹാളിൽ ഒരു കൂട്ടായ്മ വിളിച്ചു ചേർക്കുകയുണ്ടായി. കേരളത്തിലെ വിവിധഭാഗങ്ങളിൽ നിന്നുള്ള സ്ത്രീപ്രവർത്തകരായ കെ.അജിത, അഡ്വ.മരിയ, വിധു വിൻസന്റ്, ജ്യോതിനാരായണൻ, സുൽഫത്ത് പയ്യന്നൂർ, ദേവി പയ്യ ന്നൂർ, വിനയ, പി.വി.സുഹറ തുടങ്ങി സ്ത്രീവിമോചന പ്രസ്ഥാ നങ്ങളെ പ്രതിനിധീകരിക്കുന്ന വരും അല്ലാത്തവരും പങ്കെടുത്തി രുന്നു. ഒപ്പം കോഴിക്കോട് വിവിധ തൊഴിൽമേഖലകളിലെ സ്ത്രീകളും അസംഘടിതമേ ഖലതൊഴിലാളിയൂണിയൻ അംഗ ങ്ങളും അടങ്ങിയ ഒരു നല്ല വിഭാഗം തന്നെ കൂട്ടായ്മയിൽ ഒത്തുചേർന്നിരുന്നു. സമകാലിക

രാഷ്ട്രീയവും സ്ത്രീതൊഴിലാളികളും എന്ന പൊതുവിഷയത്തിനുള്ളിൽ നിന്നുകൊണ്ട് വിവിധ തൊഴിൽവിഷയങ്ങൾ ചർച്ചചെയ്യുന്നതിനും തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു കൂട്ടായ്മ. ഒപ്പം അസംഘടിതമേഖലയിലെ തൊഴിലവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ നടത്തിപ്പോരുന്ന പ്രത്യക്ഷ സമരങ്ങൾക്ക് തുടർച്ച നൽകുക എന്നതുമായിരുന്നു വിളിച്ചുചേർക്കപ്പെട്ട കൂട്ടായ്മയുടെ ലക്ഷ്യം. കൂട്ടായ്മയിൽ പെൺകൂട്ട് സെക്രട്ടറി പി.വിജി അദ്ധ്യക്ഷത വഹിക്കുകയും അഡ്വ.ദിവ്യ ഡി.വി സ്വാഗതം പറയുകയും ചെയ്തു. തുടർന്ന് തൊഴിലാളികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയായി. ആയിരം രൂപക്ക് മാസം പണിയെടുക്കുന്ന സ്ത്രീകളും ജോലി സ്ഥിരപ്പെടുത്താതെ പിരിച്ചുവിടൽ ഭീഷണിയിൽ പണിയെടുക്കുന്നവരും രാവിലെ മുതൽ രാത്രി വരെ ഒരേ നിൽപ്പിൽനിന്ന് ജോലിയെടുക്കുന്നവരും കുറഞ്ഞ കൂലിക്കാണെങ്കിലും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിയോജിപ്പിക്കാൻ പാടുപെടുന്നവരും അധികജോലി ചെയ്യേണ്ടിവരുന്നതും അടിമസമാനമായ തൊഴിൽജീവിതവും മനുഷ്യാവകാശ-തൊഴിലവകാശ ലംഘനങ്ങളും പഞ്ചിംഗ് സിസ്റ്റത്തിന്റെ അപാകതകളും എല്ലാം എല്ലാം വാക്കുകളിലൂടെ വികാരപരമായി ഒഴുകിയിറങ്ങി. അനുഭവങ്ങളുടെ കരുത്തിൽ ജീവിതവിജയം നേടിയവരുടെ ഉറച്ചശബ്ധങ്ങളും ആർജ്ജവത്തിന്റെ സ്ത്രീമാതൃകകളും അഭിമാനകരമായിരുന്നു. ഭരണകൂട മുതലാളി ഐക്യത്തിനുമുന്നിൽ ഒന്നുമല്ലാതായിപ്പോയ മുന്നോറ്റങ്ങളെപ്പോലും പ്രശ്നങ്ങളെപ്പോലും മുൻനിർത്തി, തങ്ങളുടെ ജീവിത സമരത്തെ അവർ പങ്കുവെച്ചു.

തുർന്ന് വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. മുതലാളിത്തവും അസംഘടിതതൊഴിൽമേഖലയും എന്ന വിഷയത്തെ സംബന്ധിച്ച് വിദ്യാർത്ഥിനിയും സാമൂഹ്യപ്രവർത്തകയുമായ ജെന്നി സുൽഫത്ത് സംസാരിച്ചു. തൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടി മുന്നിട്ടറങ്ങിയാലേ മതിയാകൂ എന്നും അന്വേഷി പ്രസിഡണ്ട് കെ.അജിത കൂട്ടിച്ചേർത്തു. മുമ്പ് മിഠായിത്തെരുവിലെ തൊഴിലാളികളുടെ അവകാശമായ ക്ഷേമനിധിപോലുള്ള സാമൂഹികസുരക്ഷാപദ്ധതിയിൽ ചേർക്കാൻ ഇറങ്ങിയപ്പോഴുള്ള തടസ്സങ്ങൾ മാധ്യമപ്രവർത്തക വിധുവിൻസന്റ് എടുത്തുപറയുകയുണ്ടായി. സംഘടിച്ചുപ്രവർത്തിക്കേണ്ടതിന്റെ അനിവാര്യതയായിരുന്നു തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായത്.



എല്ലാഅവകാശനിഷേധത്തിനും കാരണം തൊഴിൽനിയമങ്ങളുടെ വ്യക്തതക്കുറവും അവകാശബോധമില്ലായ്മയും സംഘടിച്ചുപ്രവർത്തിക്കാത്തതുമാണെന്ന പൊതുഅഭിപ്രായം ഉയർന്നുവന്നു. അവകാശരേഖ ഉണ്ടാവേണ്ടതുണ്ടെന്ന ആവശ്യത്തോട് ആർക്കും എതിർപ്പുണ്ടായില്ല. അങ്ങനെ അന്താരാഷ്ട്രവനിതാദിനമായ മാർച്ച് 8ന് നടക്കുന്ന വനിതാദിനാചരണപരിപാടിയിൽ 'ഇരിക്കൽസമര'ത്തിന്റെ പ്രഖ്യാപനം നടത്താൻ തീരുമാനമായി. കാരണം ഇരുന്നുതൊഴിലെടുക്കാനുള്ള അവകാശം ഉണ്ടെങ്കിലും ഇടവേളയിൽ പോലും ഇരിക്കുവാനുള്ള സമ്മതയോ കസേരയോ പോലുമില്ലാതെ പണിയെടുക്കുന്നവരാണ് ഭൂരിഭാഗം വരുന്ന ടെക്സ്റ്റൈൽഷോപ്പ്, മറ്റു ഷോപ്പു ജോലിക്കാർ.

അതുകൊണ്ട് തന്നെ തൊഴിലാളികളുടെ ഇരിക്കുവാനുള്ള അവകാശം സംരക്ഷിക്കേണ്ടതുണ്ട്. മാർച്ച് 8ന് നടക്കുന്ന വനിതാദിനപരിപാടിയുടെ മുഖ്യവിഷയമായി ഇരിക്കൽസമരം ആരംഭിക്കുന്നതിനുള്ള പ്രഖ്യാപനമായി. അസംഘടിതമേഖലതൊഴിലാളി യൂണിയന്റെ (AMTU) ആഭിമുഖ്യത്തിൽ നടത്തുന്ന സമരപരിപാടികളിൽ സ്ത്രീസംഘടനകളും ഐക്യപ്പെട്ടുപ്രവർത്തിക്കാനുള്ള ധാരണയിലെത്തി.

കൂട്ടായ്മയിൽ മറ്റൊരു പ്രധാന ചർച്ചാവിഷയമായിരുന്നു രാഷ്ട്രീയ പ്രാതിനിധ്യവും സ്ത്രീകളും. സ്ത്രീവേദി പ്രവർത്തക ജ്യോതിനാരായണൻ അടക്കമുള്ള പ്രവർത്തകർ അധികാരത്തിൽ, രാഷ്ട്രീയത്തിൽ, സ്ത്രീകളുടെ വളരെ കുറഞ്ഞ പ്രാതിനിധ്യത്തെ അതിജീവിക്കാൻ, മറികടക്കുവാൻ സ്ത്രീകൾ തന്നെ ഇലക്ഷനുകളിൽ കടന്നുവരേണ്ടതുണ്ടെന്ന് പറയുകയുണ്ടായി. തുടർന്ന് ചർച്ചയുടെ അവസാനം പെൺകൂട്ട് പ്രവർത്തക എസ്. സ്മിത നന്ദി പറയുകയും ചെയ്തു. അങ്ങനെ വൈവിധ്യമാർന്ന ആശയങ്ങളോടെ കൂട്ടായ്മ മുന്നോട്ട് പോകാൻ തീരുമാനമായി. ●

പ്രതികരണം

സുലോചന റാംമോഹൻ

# ദൃശ്യത്തിലെ സ്ത്രീവിരുദ്ധത

**'സംഘടിത'**യുടെ ഫെബ്രുവരി ലക്കത്തിൽ 'ദൃശ്യം' എന്ന സിനിമയിലെ സ്ത്രീവിരുദ്ധതയെ ചോദ്യം ചെയ്തുകൊണ്ട് അനിത എ.കെ എഴുതിയ കുറിപ്പിനുള്ള പ്രതികരണമാണിത്. 'വളരെ പ്രത്യക്ഷമായ സ്ത്രീവിരുദ്ധത'ക്കെതിരെ സ്ത്രീപക്ഷക്കാർ എന്തുകൊണ്ട് പടവാളുയർത്തിയില്ല എന്നതു ന്യായമായ സംശയം തന്നെയാണ്. അതിനു മറുപടി പറയാൻ സ്ത്രീപക്ഷത്തു നിന്നുകൊണ്ട് സിനിമയെ നിരൂപണം ചെയ്യുന്നവർ ബാധ്യസ്ഥരുമാണ്.

എന്നാൽ ഒരു സിനിമയെ നാം കാണുന്നത് അതിന്റെ സമഗ്രതയിലാണ്. സിനിമ മൊത്തത്തിൽ സംവേദനം ചെയ്യുന്നത് സ്ത്രീവിരുദ്ധമായ ഒരു കാഴ്ചപ്പാടാണോ എന്നതും തിരക്കഥക്കു യോജിക്കാത്ത തരത്തിൽ സ്ത്രീയെ ഇകഴ്ത്തുന്ന സംഭാഷണങ്ങളോ കമന്റുകളോ കുത്തിത്തിരുകുന്നുണ്ടോ എന്നും സ്ത്രീകഥാപാത്രങ്ങൾക്ക് വികാസത്തിനുള്ള സ്പേസ് നൽകുന്നുണ്ടോ എന്നും പരിശോധിച്ചുകൊണ്ടാണ് സിനിമയെ സ്ത്രീവിരുദ്ധം എന്നു വിലയിരുത്തുന്നത്. അത്തരത്തിലുള്ള അവലോകനത്തിൽ 'ദൃശ്യം' സ്ത്രീക്കനുകൂലമായ കുറേ ഘടകങ്ങൾ സ്വാംശീകരിച്ചുകാണുന്നുമുണ്ട്. ആദ്യമായി, അതിന്റെ പ്രമേയത്തിലെ പ്രധാനവഴിത്തിരിവുതന്നെ- അഥവാ സിനിമയുടെ തന്നെ അടിസ്ഥാന ശിലതന്നെ- കാലികപ്രസക്തിയുള്ള ഒരു സ്ത്രീപ്രശ്നമാണ്. മൊബൈൽഫോണുകളുടെ വമ്പിച്ച പ്രചാരത്തിലൂടെ സ്ത്രീക്ക് വന്നുചേർന്നിട്ടുള്ള ഇത്തരമൊരു അരക്ഷിതാവസ്ഥയുടെ നേർക്കഥകൾ ദിവസവും പത്രങ്ങളിൽ നിന്ന് വായിച്ചറിയുന്നവരാണ് മലയാളികൾ. 'ഇതൊരു പ്രശ്നമേയല്ല' എന്നോ ഒരു പ്ലസ്ടുകാരിക്കോ അവളുടെ അമ്മക്കോ എളുപ്പത്തിലങ്ങ് കൈകാര്യം ചെയ്ത് വിടാമായിരുന്നതേയുള്ളൂ എന്നോ പറയാൻ സ്ത്രീപക്ഷത്തു നിൽക്കുന്നവർക്ക് എളുപ്പത്തിൽ സാധിക്കുമായിരിക്കാം. പക്ഷേ അനുഭവസ്ഥരുടെ പക്ഷത്തുനിന്നും നോക്കുമ്പോൾ ചെയ്യാത്ത കുറ്റത്തിന് മാനസിക പീഡനം പലതരത്തിൽ ഏൽക്കേണ്ടിവരുന്നതും എളുപ്പത്തിൽ ശിക്ഷവാങ്ങികൊടുക്കാനാവാത്തതുമായ സൈബർക്രൈമുകൾ മറ്റൊരു ലോകമാണ് തുറന്നുവെക്കുന്നത്. ഏറെക്കുറേ സത്യസന്ധമായി അത് ആവിഷ്കരിച്ചു 'ദൃശ്യം' എന്നിടത്താണ് അത് വിജയിക്കുന്നത്.

രാത്രി 11 മണിക്ക് വീടിന്റെ പിൻവാതിൽ തുറന്ന് കൊടു

ക്കുന്ന പെൺകുട്ടി പിന്നേയും വരുൺ ഒരുക്കുന്ന ചതിക്കുഴികളിൽ വീഴുകയും ആത്മഹത്യയിലേക്ക് നീങ്ങുകയും ചെയ്യുന്നതാണ് നാം കണ്ടു പരിചയിച്ചിട്ടുള്ള 'ആൺ' സിനിമകൾ വെച്ചു നീട്ടുന്ന പതിവുകാഴ്ച. അതിൽ നിന്നും വ്യത്യസ്തമായി, 'ദൃശ്യ'ത്തിൽ പെൺകുട്ടി, താൻ കുറ്റമേതും ചെയ്തിട്ടില്ല എന്ന് സ്വന്തം അമ്മയെ ബോധ്യപ്പെടുത്തി കൂടെക്കൂട്ടി എന്നിടത്തും പെണ്ണിന്റെ മനസ്സറിയുന്ന ഒരു കഥാകൃത്തിനെ കണ്ടെടുക്കാനായി. മകളുടെ സഹപാഠിയായ 'ഇത്തിരി പോന്ന പയ്യന്റെ ഭീഷണിയുടെ മുനഒടിക്കുന്ന ഒരു സംഭാഷണമെങ്കിലും' പത്താം ക്ലാസ്സു തോറ്റ, ഗ്രാമീണജീവിതം നയിക്കുന്ന ഒരു ഇടത്തരം വീട്ടമ്മയിൽ നിന്നും നാം പ്രതീക്ഷിക്കുന്നത് നിരന്തരമായി ജനപ്രിയപരമ്പരകൾ നമ്മെ 'പഠിപ്പിക്കുന്ന' പ്രതികരണമനശ്ശാസ്ത്രം ഉൾക്കൊണ്ടുകൊണ്ടാണ്. കൈചൂണ്ടി നിന്ന് ഏതുപുരുഷനേയും വെല്ലുവിളിക്കുന്ന 'തന്റേടികളായ' സ്ത്രീകളെ നാം കാണുന്നത് ടെലിവിഷനിൽ മാത്രമാണ്. മകളുടെ നഗ്നചിത്രങ്ങൾ നാടെങ്ങും പരക്കുമെന്ന ഭീഷണി അത്ര ചെറുതല്ല എന്നു മനസ്സിലാക്കാൻ മാത്രം വിവരമുള്ള ആ അമ്മ, ഒരു പോലീസ് ഐ.ജിയുടെ വത്സലപുത്രനെ പിണക്കുന്നതിലും പ്രയോജനപ്രദമായ മുറയാചനയുടേതും അനുനയിപ്പിക്കലിന്റേതുമാണ് എന്നു കരുതുന്നതിൽ ഒരു യുക്തിയുണ്ട്. ഇത്തരം സാമാന്യയുക്തികളാൽ ചിട്ടപ്പെടുത്തിയ തിരക്കഥ തന്നെയാണ് 'ദൃശ്യ'ത്തിന്റെ പിൻബലം.

'വിവാഹം കഴിഞ്ഞാൽ സ്ത്രീയുടെ ലോകം ഭർത്താവും കുടുംബവുമാണ്' എന്നുപറയുന്ന കഥാനായകൻ നാലാം ക്ലാസ് വിദ്യാഭ്യാസം മാത്രമുള്ളയാൾ ആണ് എന്നു സിനിമയിൽ സ്ഥാപിച്ചിട്ടുണ്ട്. അയാൾ പത്രമോ പുസ്തകങ്ങളോ വായിക്കുന്നവനല്ല, വൈറ്റ് കോളർ ജോലി ചെയ്യുന്നവനല്ല, സമൂഹത്തിലെ 'ഉന്നതരു' മായി ഇടപെടുന്നവനല്ല. കായികാദ്ധ്വാനം ചെയ്യുന്ന ഒരു കർഷകനെ സംബന്ധിച്ചിടത്തോളം ഭാര്യയുടെ അദ്ധ്വാനവും കൂടി ആവശ്യമാണ് കുടുംബത്തിന്റെ മേൽഗതിക്ക്. സിനിമകൾ കണ്ട് സാമാന്യ ജ്ഞാനം ആർജ്ജിക്കുന്ന ജോർജ്ജുകുട്ടി മാതൃകയായി കാണുന്നത് സംയുക്താവർമ്മയെയാണ് എന്നും ഓർക്കണം. സാമൂഹ്യജീവിതത്തിൽ വിജയിക്കുന്നവർ പോലും ഭാര്യമാർ ഇഷ്ടമുള്ള തൊഴിലുപേക്ഷിച്ച് മാതൃകാ കുടുംബിനികളാകേണ്ടതുണ്ട് എന്ന് ശഠിക്കുന്ന വ്യവസ്ഥിതിയാണ് നമ്മുടേത്. അതിനെതിരെ പൊരുതുവാൻ നമുക്കു സാധിക്കുന്നുണ്ടോ?

എന്നാൽ ജോർജ്ജുകുട്ടിയെ ഒരു മൂരാച്ചിഭർത്താവായി എഴുതിത്തള്ളാൻ ആവില്ല. ഊൺമേശ മുതൽ കിടക്കറ വരെ അയാൾ ഭാര്യക്കു തുല്യപങ്കാളിത്തം നൽകിക്കാണുന്നുണ്ട്. എല്ലാ പ്രധാനപ്പെട്ട കുടുംബകാര്യങ്ങളിലും ഭാര്യയുടേയും പെൺമക്കളുടേയും അഭിപ്രായങ്ങൾ രേഖപ്പെടുത്തപ്പെടുന്ന ഒരു കുടുംബാന്തരീക്ഷം 'ദൃശ്യം' യാഥാർത്ഥ്യബോധത്തോടെ സൃഷ്ടിച്ചെടുത്തിട്ടുമുണ്ട്. പ്ലസ്ടു വിദ്യാർത്ഥിനിയായ മകൾക്ക് സയൻസ് ക്യാമ്പിൽ പങ്കെടുക്കുവാൻ അനുമതി നൽകുന്ന അച്ഛന് അവൾക്ക് പഠനത്തിലൂടെ നേടിയെടുക്കാനാവുന്ന ജീവിത വിജയത്തെപ്പറ്റി കൃത്യമായ അവബോധമുണ്ട്. മക്കൾ പഠനത്തിനു നൽകേണ്ടുന്ന ഗൗരവത്തെപ്പറ്റി അയാൾ പകർന്നു നൽകുന്ന തിരിച്ചറിവിന്മേൽ നിന്നുകൊണ്ടാണ് അയാളുടെ ഭാര്യ മകളുടെ സഹപാഠിയുടെ കൈകളിൽ നിന്ന് അവളെ രക്ഷിച്ചെടുക്കാൻ ശ്രമിക്കുന്നത്. ഇവിടെ ശ്രദ്ധേയമായ വസ്തുത, ഈ കുടുംബത്തിന് തിരക്കഥാകാരൻ നൽകിയിരിക്കുന്ന കെട്ടുറപ്പാണ്. പരസ്പരം കണ്ണടച്ചുവിശ്വസിച്ചുകൊണ്ടോ അനാവശ്യമായ ത്യാഗങ്ങൾ ചെയ്തുകൂട്ടിക്കൊണ്ടോ സ്നേഹത്തെ മഹത്വവത്കരിക്കുന്ന പുതുപ്രവണത ഇവിടെ കാണാനില്ല. പകരം കുടുംബത്തിലെ ഒരു വ്യക്തിക്കു നേരിടുന്ന ദുരന്തത്തെ എല്ലാവരും ചേർന്ന് പങ്കിട്ടെടുത്തുകൊണ്ട് തങ്ങൾക്കറിയാവുന്ന തരത്തിൽ പ്രതിരോധം സൃഷ്ടിച്ചെടുക്കുകയാണ്. ഇതൊരു പുതിയ കാഴ്ചയാണ്, കാഴ്ചപ്പാട്തന്നെയാണ്.

'വികലമനസ്കരായ കൗമാരക്കാരെ സ്വാധീനിക്കുന്ന' ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടാണോ നമ്മുടെ മുഖ്യധാര സിനിമകൾ രൂപപ്പെടുത്തിയിട്ടുള്ളത്? വികലമല്ലാത്ത മനസ്സുകളുള്ളവരെ ചിന്തിപ്പിക്കുകയാണ് സിനിമചെയ്യേണ്ടത്. സുതാര്യമായും നീതിപൂർവ്വമായും പ്രവർത്തിക്കുന്ന പോലീസ് വകുപ്പും കോടതിയും ഉള്ള ഒരു രാജ്യത്ത് തീർച്ചയായും ഒരു കുടുംബത്തിന് ഇത്തരം കുറുക്കുവഴികൾ തേടേണ്ടി വരികയില്ല. അഴിമതിയും സ്വജനപക്ഷപാതവും വർണ്ണവർഗ്ഗവ്യത്യാസവും നടമാടുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ സാധാരണക്കാരൻ അനുഭവിക്കുന്ന ജീവിതസംഘർഷങ്ങൾക്ക് ചലച്ചിത്രസൗന്ദര്യശാസ്ത്രത്തിനനുകൂലമായ ആവിഷ്കരം നൽകുമ്പോൾ മാത്രം 'സ്വാധീനിക്കപ്പെടുന്ന' ഒരു യുവതയാൽ സമൂഹത്തിനെന്താണ് നേട്ടം?

●



പെയിന്റിംഗ് : ശോശ ജോസഫ്

## പുസ്തകപരിചയം





### മക്കയിൽ തനിയെ

**അസ്റ നൊമാനി**

**അകം ബുക്സ്   വില : 350/**

പ്രകൃതിയല്ല, പകരം സ്ത്രീയോടുള്ള പരിപാലനമാണ് അവളെ പരിമിതികളിൽ ഒതുക്കുന്നതെന്നും പ്രകൃതി എല്ലാവർക്കും ശബ്ദസന്നത നൽകിയിട്ടുണ്ടെന്നും വിശ്വസിക്കുകയും ഇസ്ലാമിക ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾക്കുവേണ്ടി മാത്രമായി അമേരിക്കയിൽ ഒരു പള്ളി നിർമ്മിക്കുകയും പാകിസ്ഥാനിൽ വെച്ച് താലിബാൻകാരാൽ വധിക്കപ്പെട്ട അമേരിക്കൻ പത്രപ്രവർത്തകൻ ഡാനിയൽ പേളിന്റെ വധത്തെ ലോകശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്ത അസ്റ നൊമാനിയുടെ ഏറെ ശ്രദ്ധിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യപ്പെട്ട കൃതി.




### ബർലിനിൽ ഒരു സ്ത്രീ

**വിവർത്തനം : കെ.ഉഷ**

**കൈരളി ബുക്സ്   വില :180/**

മനുഷ്യചരിത്രത്തിലെ എല്ലാ അധിനിവേശങ്ങളിലും ഏറ്റവും കൂടുതൽ ഇരകളായി മാറുന്നത് സ്ത്രീകളും കുട്ടികളുമായിരിക്കും. യുദ്ധത്തിന്റെ മുറിവുകൾ എത്രമാരകമാണെന്ന് നാം അറിഞ്ഞത് സാധാരണമനുഷ്യർ അവരുടെ അസാധാരണമായ അനുഭവലോകം തുറന്നുവെച്ചപ്പോഴാണ്. ദാരിദ്ര്യത്തിലേക്കും അനാഥത്വത്തിലേക്കും വൈധവ്യത്തിലേക്കും ഭീതിയിലേക്കും എടുത്തെറിയപ്പെടുമ്പോൾ ശരീരത്തിനുമേലും സ്ത്രീക്ക് അവകാശം നഷ്ടമാവും.



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara